# സമന്വയം 2012

# സ്മരണിക




**തത്തമംഗലം ഗവൺമെന്റ് സീലി മെമ്മോറിയൽ വൊക്കേഷണൽ & ഹയർ സെക്കന്ററി സ്കൂൾ**

**പൂർവ്വവിദ്യാർഥി സംഗമം**

# പ്രണാമം




എ. എഫ്. സീലി



MESSAGE

**ഉമ്മൻ ചാണ്ടി**
**മുഖ്യമന്ത്രി**
**കേരളം**

11/05/2012

## സന്ദേശം

പാലക്കാട് തത്തമംഗലം ഗവൺമെന്റ് എസ്.എം. ഹൈസ്കൂളിലെ പൂർവവിദ്യാർത്ഥി സംഗമത്തിന്റെ ഭാഗമായി ഒരു സുവനീർ പ്രസിദ്ധീകരിക്കുന്നുവെന്നറിഞ്ഞതിൽ തികഞ്ഞ സന്തോഷം.

അക്ഷരവെളിച്ചം നൽകിയ വിദ്യാലയത്തിന് ഗുരുദക്ഷിണ നൽകാനുള്ള അവസരമാണ് പൂർവവിദ്യാർഥി സംഗമങ്ങൾ ഒരുക്കുന്നത്. തങ്ങൾ പഠിച്ച വിദ്യാലയത്തിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ആളായും അർഥമായും സഹായമേകാൻ പൂർവവിദ്യാർത്ഥികൾക്കാകും. എസ് എം വി.എച്ച്.എസ്.എസിലെ പൂർവവിദ്യാർത്ഥികൾക്കും തങ്ങളുടെ സ്കൂളിനെ രാജ്യാന്തരനിലവാരത്തിലേക്കുയർത്താൻ കഴിയുമാറാകട്ടെ എന്ന് ഹൃദയംഗമമായി ആശംസിക്കുന്നു.

**ഉമ്മൻ ചാണ്ടി**



M E S S A G E

തിരുവനന്തപുരം

വി. എസ്. അച്യുതാനന്ദൻ
പ്രതിപക്ഷ നേതാവ്
കേരളം

തീയതി 25-04-2012

## സന്ദേശം

പാലക്കാട് തത്തമംഗലം ഗവർമെന്റ് എസ്.എം.ഹൈസ്കൂളിലെ പൂർവ്വവിദ്യാർത്ഥികളുടെ കൂട്ടായ്മ **'സമന്വയം 2012'** വിവിധ പരിപാടികളോടെ ആഘോഷിക്കുന്നുവെന്നറിയുന്നതിൽ സന്തോഷിക്കുന്നു. ഒരു പ്രദേശത്തിന്റെ സമസ്ത മേഖലയിലെ പുരോഗതിയിൽ നിർണ്ണായക പങ്കുവഹിക്കുന്ന ഈ പാഠശാല 125 വർഷങ്ങൾ പിന്നിട്ടുവെന്നത് സേവനമഹിമ സ്പഷ്ടമാക്കുന്നതാണ്.

സമന്വയം -2012 - പരിപാടികളുമായി ബന്ധപ്പെട്ട് തയ്യാറാക്കുന്ന സ്മരണിക ഈ വിദ്യാലയത്തിന്റെയും പ്രദേശത്തിന്റെയും ചരിത്രവും മുൻ അധ്യാപകരുടെയും പൂർവ്വ വിദ്യാർത്ഥികളുടെയും അനുഭവങ്ങളും ഓർമ്മക്കുറിപ്പുകളും വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും ഈടുറ്റ രചനകളാലും സമ്പന്നമാകട്ടെ.

സമന്വയം - 2012 നും, സ്മരണികയ്ക്കും വിജയാശംസകൾ.

വി.എസ്. അച്യുതാനന്ദൻ



M E S S A G E


**P. K. ABDU RABB**
MINISTER FOR EDUCATION
KERALA

ROOM No. 501
V FLOOR, SECRETARIAT ANNEXE
THIRUVANANTHAPURAM

PHONE
OFFICE : 0471-2335366
0471-2326677
MOBILE : 9447010355
9633100355


DATE 03.05.2012


## സന്ദേശം

**തത്തമംഗലം ഗവ. എസ്.എം. ഹൈസ്കൂൾ** മികച്ച സേവനത്തോടെ 125 വർഷമായി നിലകൊള്ളുന്നു എന്നറിയുന്നതിൽ അതിയായ സന്തോഷമുണ്ട്. അവിടുത്തെ പൂർവ്വ വിദ്യാർത്ഥികളുടെ കൂട്ടായ്മ, **സമന്വയം – 2012 എന്ന പേരിൽ** നടത്തുന്ന ആഘോഷത്തോടനുബന്ധിച്ച് പ്രസിദ്ധപ്പെടുത്തുന്ന സുവനീർ മികച്ചതാകട്ടെയെന്ന് ആശംസിക്കുന്നു.

കൂട്ടായ്മകൾ വരും തലമുറകൾക്ക് പ്രചോദകമാണ്. നന്മയുടെ പക്ഷത്തുനിന്നും പദ്ധതികൾ ആവിഷ്കരിക്കാൻ കഴിയണം.

സംഗമം വിജയമാകട്ടെ

**പി. കെ. അബ്ദുറബ്ബ്**



MESSAGE


**K. ACHUTHAN**
(CHITTUR)

MEMBER
KERALA LEGISLATIVE ASSEMBLY
CHALAKKALAM
THATHAMANGALAM
CHITTUR
PALAKKAD

PHONE :
RES : 04923-326705
04923-227230
OFFICE :
THIRUVANANTHAPURAM : 0471-2512294
MOBILE : 9447027303
CHANDRAGIRI BLOCK NO. 604
M.L.A. HOSTEL
E-mail: kachuthan@niyamasabha.org


CAMP: തത്തമംഗലം
DATE: 12.5.2012

പ്രിയപ്പെട്ട കണ്ണൻ വിനോദ്,

തത്തമംഗലം ഗവർമെൻ്റ് ബോയ്സ് ഹയർ സെക്കൻ്ററി സ്കൂളിലെ പൂർവ്വ വിദ്യാർത്ഥി ആദ്യ ഒത്തു സംഗമം മെയ് 13 2012 എന്ന പേരിൽ ~~[illegible]~~ ആഘോഷിക്കുന്നതായി അറിഞ്ഞു. ആഘോഷ പരിപാടികൾക്കും ഉത്സാഹപൂർവ്വം [illegible] പൂർവ്വവിദ്യാർത്ഥികൾക്കും എൻ്റെ സ്നേഹം നിറഞ്ഞ [illegible] ആശംസകൾ അർപ്പിക്കുന്നു.

നിങ്ങളുടെ സ്വന്തം

K Achuthan

K. അച്ചുതൻ



**സംഘാടക സമിതി**

**സ്മരണിക കമ്മിറ്റി**



ഇരിക്കുന്നവർ : ഇടത്തുനിന്ന് കെ.ശിവരാമൻ (കൺവീനർ), കെ. വിശ്വം, (എഡിറ്റർ). കെ.ബി.ബാലസുബ്രഹ്മണ്യം, ടി.എസ്. തിരുവെങ്കിടം, ഡോ. എം.മുരളീധരൻ
നിൽക്കുന്നവർ : എ. ഉണ്ണികൃഷ്ണൻ, ശ്യാം പ്രസാദ്, പി.ആർ. സതീശൻ, ഷഡാനനൻ, സി.സുന്ദരേശൻ, ടി.എ. വിശ്വനാഥൻ. എസ്.എസ്. ദിനേശ്

# താളുകളിലൂടെ

മുഖമൊഴി ........ 10
പ്രണാമം ........ 12
എസ്. എം. എച്ച്. എസ് ചരിത്രവഴികളിലൂടെ ........ 14
ശീർഷകം ........ 21
രണ്ടു ചിത്രകാരൻമാർ ........ 22
ഗുരുപൂജ ഏറ്റുവാങ്ങിയ മഹത്തുക്കൾ........ 26
നഗരനാട്യങ്ങളും നാട്ടിൻപുറ നന്മകളും ........ ........30
തപസ്സ് ........ 37
തത്തമംഗലം വില്ലേജിലെ കാർഷിക അനുഷ്ഠാനങ്ങളും, ആചാരങ്ങളും ... 41
ഓർമ്മകളുടെ അമ്പലം ........ 43
തത്തമംഗലം ദേശകണ്യാർകളിയുടെ ചടങ്ങുകൾ........ 49
അനുഭവങ്ങൾ നിറഞ്ഞ അദ്ധ്യയനദിനങ്ങൾ ........52
മേടമാസചൂടിൽ സൗഹൃദത്തിന്റെ കുളിർമ ........ 54
Top score of S.S.L.C. Examinaton ........57
സമന്വയം 2012 ഭാരവാഹികൾ ........ 58

**മുഖചിത്ര രൂപകൽപന :**
**ഷഡാനനൻ ആനിക്കത്ത്**

**സ്മരണിക എഡിറ്റ് ചെയ്തത് :**
**ചെമ്പകശ്ശേരി വിശ്വം**

# മുഖമൊഴി

ഒന്നേകാൽ നൂറ്റാണ്ടിലേറെയായി കൊച്ചിരാജ്യത്തിന്റെ കിഴക്കേയറ്റത്ത് തുഞ്ചത്ത് രാമാനുജനെഴുത്തച്ഛൻ എന്ന മലയാള ഭാഷയുടെ പിതാവിന്റെ താമസത്തിനും, സമാധിയ്ക്കും ഇടയായ ശോകനാശിനിയുടെ മറുകരയിൽ, ചരിത്രത്തിന്റെ തുടിക്കുന്ന സംഭവപരമ്പരകൾക്ക് സാക്ഷ്യം വഹിച്ച കൊങ്ങൽപട പോരാടിയ തട്ടകത്തിന് തൊട്ടുകിടക്കുന്ന തത്തമംഗലത്തിന്റെ മഹത്തായ പാരമ്പര്യം പുലർത്തുന്ന വിദ്യാലയമാണ് ഗവൺമെന്റ് സീലീ മെമ്മോറിയൽ ഹൈസ്കൂൾ.1842-മുതലാണ് ഹൈസ്കൂളായി ഉയർത്തപ്പെട്ടത്. ആദ്യം പ്രൈമറി വിദ്യാലയത്തിന് അംഗീകാരം നൽകിയ അന്നത്തെ ഡി,പി,എ സീലി എന്നു പേരുള്ള സായിപ്പിനെ മറക്കാതിരിക്കാനായി ഇന്നും ആ പേരിനെനിലനിർത്തിക്കൊണ്ട് തലയെടുപ്പോടെ ഈ വിദ്യാലയം തിളങ്ങുന്നു.

തെമ്മലയും, വടമലയും സംരക്ഷകരായിനിൽക്കുന്ന, പാലക്കാട് ചുരം എന്നറിയപ്പെടുന്ന പ്രദേശത്ത് കഠിനമായ വേനലിലും കരിമ്പനപട്ടകളെക്കൊണ്ട് നാമം ജപിപ്പിക്കുന്ന വരണ്ടകാറ്റിലും കൂസാതെ ഇവിടം സമ്പന്നത കൈവിടാതെ സംരക്ഷിക്കുന്നത് ശോകനാശിനി എന്ന ചിറ്റൂർ പുഴയാണ്. പറമ്പിക്കുളം വനമേഖലയിൽ നിന്നും ഉത്ഭവിച്ച് തമിഴ്നാട്ടിനെ തൊട്ടുതഴുകി ചിറ്റൂരിലേയ്ക്ക് പ്രവേശിച്ച് തത്തമംഗലത്തിന് തണുപ്പും, കുടിവെള്ളവും നൽകി ഭാരതപ്പുഴയുടെ ഭാഗമായി അറബിക്കടലിലേയ്ക്ക് ലയിക്കുന്ന പുഴയാണിത്. ഇന്നും മനോഹാരിത നഷ്ടപ്പെടാത്ത പ്രദേശം.

ഇവിടെ പിറക്കുവാൻ, ഇവിടെ പഠിക്കുവാൻ
ഇവിടെ സ്നേഹത്തിന്റെ അമൃതുണ്ടുറങ്ങുവാൻ
ഇവിടെ ജീവിക്കുവാൻ, ഇവിടെ മരിക്കുവാൻ
ഇവിടത്തെ മണ്ണിൽ ലയിക്കാൻ കൊതിപ്പുഞാൻ

എന്ന് ഓരോരുത്തരും മനസ്സാൽ ആഗ്രഹിക്കുന്ന പ്രദേശം.

വേലയും, പൊങ്കലും, പൊറാട്ടും, തട്ടിന്മേൽകൂത്തും, ശൂരസംഹാരമഹോത്സവവും, മുളക്കൊട്ടും, കുംഭക്കളിയും, കണ്യാർകളിയും, കുതിരയോട്ടവും, ആനവേലയും കൊട്ടിപ്പാടിയാടുന്ന തട്ടകം. സർവ്വജാതി മതസ്ഥരും സ്നേഹത്തോടെ, സൗഹാർദ്ദത്തോടെ, ഒരുമയോടെ, പരസ്പരബഹുമാനം പുലർത്തി, സാ

ഹോദര്യത്തോടെ കഴിയുന്ന, തമിഴ്-മലയാള സംസ്കാരസംസ്കൃതിയുടെ വിളനിലം. അപൂർവ്വ സൗഭാഗ്യം നിലനിൽക്കുന്ന നാട്ടിൻപുറം, നന്മ നിലനിൽക്കുന്ന പട്ടണപ്രദേശം.

പരകായ പ്രവേശവിദ്യ കരസ്ഥമാക്കിയ കിട്ടുത്തമ്പുരാൻ എന്ന തപസ്വിയുടെ ജന്മദേശം, നോക്കുന്നിടത്തെല്ലാം ഒരേസമയം പ്രത്യക്ഷപ്പെടാൻ കഴിവുണ്ടായിരുന്ന, സ്വന്തം മരണ തല്പമൊരുക്കി സമാധിയായ ഗുരുസ്വാമിയാർ എന്ന സിദ്ധൻ പിറന്ന നാട്. ഇലങ്കൈ രാവണേശ്വരൻ എന്ന കീർത്തിമാനായ തകിൽ വാദ്യ വിദ്വാൻ പൊന്നൻശേർവരുടേയും, നാദസ്വരവിദ്വാൻ ദക്ഷിണാമൂർത്തിയുടേയും, സാഹിത്യകാരൻ ചെറുശ്ശേരി മാധവമേനോന്റേയും നാട്. **തത്തമംഗലം.**

പട്ടഞ്ചേരി, പെരുമാട്ടി, പെരുവമ്പ, വടവന്നൂർ പഞ്ചായത്തുകളിൽ ഹൈസ്കൂൾ ആരംഭിക്കുന്നതിന് മുൻപ് അവർക്കെല്ലാം പഠനസൗകര്യമൊരുക്കി കാത്തുരക്ഷിച്ച അമ്മയാണ് എസ്.എം.എച്ച്.എസ് എന്ന ഈ സർക്കാർ വിദ്യാലയം.

ഈ വിദ്യാലയത്തിലെ പൂർവ്വവിദ്യാർത്ഥികളുടെ സംഗമം 2012 മെയ് 5,6, തിയ്യതികളിൽ ഹൈസ്കൂൾ അങ്കണത്തിൽ ചേരുകയുണ്ടായി. അന്നത്തെ അനുഭവങ്ങളെയെല്ലാം ക്രോഡീകരിച്ച് ഒരു സ്മരണിക പ്രസിദ്ധപ്പെടുത്തണമെന്ന് സമന്വയം -2012 ന്റെ ജനറൽ ബോഡിയോഗം അഭിപ്രായപ്പെട്ടു. അതിൽ തത്തമംഗലത്തിന്റെ കലാസാംസ്കാരിക പൈതൃകവും ചരിത്രവും കൂടി ഉൾപ്പെടുത്തുന്നത് ഉചിതമാകും എന്നും തീരുമാനിച്ചു. സ്മരണിക കമ്മിറ്റി പരമാവധി വേഗത്തിൽ ഈ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ ശ്രദ്ധിച്ചു. കൂട്ടായ പരിശ്രമഫലമാണ് ഈ സ്മരണിക. ഇതിനുവേണ്ടി പ്രവർത്തിച്ചവർക്കും, പരസ്യം നൽകി സഹായിച്ചവർക്കും, ലേഖനങ്ങൾ നൽകി സഹകരിച്ചവർക്കും പ്രത്യേകം നന്ദിരേഖപ്പെടുത്തുന്നു. പാലക്കാട് ഇംപ്രഷൻസ് പ്രസ്സിന്റെ പ്രവർത്തകർ ഞങ്ങൾക്കൊപ്പം ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്തതിന്റെ ഫലമാണ് സ്മരണിക മനോഹരമായത്.

നന്ദി എല്ലാവർക്കും നന്ദി

സ്മരണിക കമ്മിറ്റി.





# പ്രണാമം

കെ. വിശ്വം, ചെമ്പകശ്ശേരി

**ഒന്ന്**

അഞ്ചാം വയസ്സുമുറുകെപിടിച്ച ഞാൻ
സഞ്ചിത ചാപല്യമോടെ
ഭീതിയാൽ വേപഥു പൂണ്ടമെയ്യോടന്നു
കാതരമൈയൊരുനേരം
വാരിയെടുത്തുനീ ഉമ്മയും നന്മയും
കോരിച്ചൊരിഞ്ഞതോർക്കുന്നു.
ആദ്യമായക്ഷരവ്യൂഹം വിരുന്നൂട്ടി
വിദ്യാധനപ്പടികേറ്റി
ആയിരമായിരം മക്കൾക്കു നീ തന്നോ
രക്ഷരമായുധമായി
മാതാവായ്, ദാതാവായ്, ഉജ്ജ്വലതേജസ്സായ്
ചേതസ്സിൽ നിൽക്കയാണിന്നും
തത്തമംഗലത്തിന്റെ നെറ്റിക്കുറിയായി
സ്വത്തായി നീ വിളങ്ങുന്നു

**രണ്ട്**

ജന്മജന്മാന്തര സൗഹൃദം ചാലിച്ച
വന്ദ്യഗുരുനിരയല്ലോ
കാലഘട്ടങ്ങളെ ഭേദിച്ചുകൺമുന്നിൽ
നിലനിന്നീടുന്നതിന്നും
സ്നേഹിച്ചും, ശാസിച്ചും, ശിക്ഷിച്ചും നല്കിയ
സന്ദേശം ശക്തികളായി
ജീവിതചര്യയായ് ചിന്തയിൽ രത്നമായ്
ഭാവിക്കുകൂട്ടായിട്ടിന്നും
ഉണ്ണികളെല്ലാരുമൊന്നുപോലമ്മയ്ക്കു
കണ്ണിനു കർപ്പൂരധാര
അമ്മതൻ സാമീപ്യം നമ്മെ നാമാക്കുന്നു
ചെമ്മേയരുളുന്നു ബാല്യം
ഒളിചിതറുന്നുണ്ടോർമ്മയിലിപ്പഴും
തെളിയും നഷ്ടവസന്തം.

**മൂന്ന്**

കലാ-കായിക-സർഗ്ഗപ്രതിഭകൾ
ആലോലമാടിത്തകർക്കെ
കൂവിയും കയ്യടി നൽകിയും നാമെത്ര
രാവും പകലും പിന്നിട്ടു.
പാട്ടും കളിയും ചിരിയും പിണക്കവും
കൂട്ടായി പങ്കിട്ടകാലം
കായകൾ കണ്ട മരങ്ങളിലൊക്കെയും

കല്ലെറിഞ്ഞീടിനകാലം
പൊള്ളത്തരങ്ങളും കള്ളത്തരങ്ങളും
ഉള്ളിൽ ഉറഞ്ഞാടും കാലം
ഇഷ്ടങ്ങൾ മിക്കതും കാട്ടാനയറിയാതെ
ചേഷ്ടകളാക്കിയകാലം
നാളയെപ്പറ്റി വിചാരമില്ലാത്തൊരു
നാളുകളാണവയെല്ലാം
ചെയ്യുന്നതെല്ലാമൊരാവേശമായെണ്ണി
പെയ്യും മഴയിൽ കുതിർന്നും
പൊരിവെയിലേതും കൂസാതെ കൂട്ടരൊ-
ത്താടിയലഞ്ഞുനടന്നും
എത്രയോ നാടകവേഷത്തിന്നോർമ്മകൾ
ചിത്രം രചിക്കുന്നുണ്ടിന്നും
ഓർമ്മയിൽ നിന്നും മയിൽപ്പീലികണ്ണുപോൽ
വർണ്ണം വിതറുന്നു സത്യം
എത്രമേൽ സുന്ദരം, എത്രമനോഹരം
എത്രസായൂജ്യമക്കാലം.

**നാല്**

''ലോകത്തിന്നൊക്കെയും മാതൃകയാവണം
ലോകനന്മയ്ക്കു നിദാനമായ് മാറണം
ജാതിമതവർഗ്ഗഭേദം വെടിയണം
ഉത്തമരായെന്നും ഉന്നതരാവണം''
അന്നു നീ നല്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ
ഇന്നും ഞങ്ങൾക്കു പാഥേയം
ശീലങ്ങൾ മാറ്റിമറിച്ചോരു നന്മയ്ക്കു
മൂലക്കൽ നിന്റെ മഹത്വം
കോലക്കേടെല്ലാം കുടഞ്ഞു കളഞ്ഞോരു
കാലമോ നിന്റെ ഗുരുത്വം
സ്നേഹമാണെല്ലാം സാരമോ സത്യവും
മോഹം വെടിയുക ധന്യം
ബുദ്ധനും, യേശുവും, നബി, ശ്രീകൃഷ്ണനും
ബുദ്ധിയിലെത്തിയകാലം
വേദേതിഹാസപുരാണങ്ങളൊക്കെയും
മോദമുയർത്തിയകാലം
ഈടുറ്റ സത്യപ്രപഞ്ചം നീ കാട്ടിയ
ഈടുവെയ്പായതുകാലം
അക്കാലം തന്നോരറിവും വിവേകവും
എക്കാലത്തേയ്ക്കും വെളിച്ചം
എല്ലാതും നൽകിയനുഗ്രഹിച്ചീടിന
കല്ലോലമാലിനിയല്ലോ
സീലി തൻ നാമധേയത്താലറിയുന്ന
മൂലപ്പൊരുളേ തൊഴുന്നേൻ.

**അഞ്ച്**

കാലങ്ങളെത്ര കടന്നുപോയെങ്കിലും
ശീലങ്ങൾ നീതന്നതല്ലോ
കോലങ്ങളെത്രകെട്ടിയാടീടിലും
മൂലമന്ത്രം നിന്റെ ദാനം
ഞങ്ങളിലെന്നും നിറഞ്ഞുനിൽക്കുന്നതു
തിങ്ങുമഭിമാനം മാത്രം
നൂറ്റാണ്ടു പിന്നിട്ടു നിൽക്കുന്നു ഞങ്ങടെ
ഊറ്റംപെരുത്ത മഹത്വം
സായൂജ്യമേകുന്നുണ്ടാത്മാവു പങ്കിടും
സാക്ഷാൽ സമന്വയ വേദി
സൃഷ്ടാവായ്തീർന്ന കരങ്ങൾക്കുമുന്നിലെൻ
സാഷ്ടാംഗശയ്യാപ്രണാമം.

സംഗമത്തിൽ
അവതരിപ്പിച്ചരേഖ

# എസ്. എം. എച്ച്. എസ് ചരിത്രവഴികളിലൂടെ

**കൺവീനർ സമന്വയം - 2012**

1981 ജനുവരി 21-ാം തിയ്യതി പാറക്കാട്ട് തറവാട്ടിന്റെ തെക്ക് ഭാഗത്ത് അന്നത്തെ കാരണവർ പാറക്കാട്ട് അച്ചുതമേനോൻ ഒരു എഴുത്തു പള്ളിക്കൂടം സ്ഥാപിച്ചു. ഏതാനും മാസങ്ങൾ കൊണ്ട് ജനശ്രദ്ധപിടിച്ചു പറ്റിയ ആ എഴുത്തുപള്ളി വിദ്യാർത്ഥികളുടെ എണ്ണം കൊണ്ട് സ്ഥലം പോരാതെ വന്നപ്പോൾ അദ്ദേഹം അവിടെ നിന്ന് മന്ദത്തുഭഗവതിയുടെ വെടിമന്ദം പാറക്കാട്ടുവക സ്ഥലവുമായ ഈ പ്രദേശത്തേക്ക് എഴുത്തുപള്ളിയെ പറിച്ചുനട്ടു. അന്ന് കൊച്ചി സംസ്ഥാനത്ത് ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ ചുക്കാൻ പിടിച്ചിരുന്ന ഡി.പി.ഐ. എ.എഫ്. സീലി ഈ പള്ളിക്കൂടത്തെ അംഗീകരിക്കുകയും, പകുതി ഫീസ് ഇളവിലും, മുഴുവൻ ഫീസ് ഇളവിലും കുട്ടികൾക്ക് പ്രവേശനം കൊടുക്കാൻ അനുമതി നൽകുകയും ചെയ്തു. വിദ്യാഭ്യാസ സമ്പന്നരായ പ്രതിഭകളെ സ്റ്റാഫ് അംഗങ്ങളാക്കി നിയമിക്കുകയും ചെയ്തു.

1893 ൽ എല്ലാവിധ സജ്ജീകരണങ്ങളോടും കൂടി സീലിമെമ്മോറിയൽ എന്ന പേർ നേടുകയും ചെയ്തു. 1894 ൽ 4 -ാം ഫോമും, 95-ൽ 5-ാം ഫോമും അനുവദിച്ചു. 1988 ൽ ചിറ്റൂരിൽ ഹൈസ്കൂൾ ആരംഭിച്ചതോടെ 4 -ാം ഫോമും, 5-ാം ഫോമും നിർത്തൽ ചെയ്തു. അച്യുതമേനോന്റെ പരിലാളനയിൽ സാധുകുട്ടികൾക്ക് ഫീസ് ഈടാക്കാതെ ഈ സരസ്വതിക്ഷേത്രം പ്രശസ്തിനേടി.

പിന്നീട് അച്യുതമേനോന്റെ നേതൃത്വത്തിൽ നിന്നും വിദ്യാലയം അദ്ദേഹത്തിന്റെ സഹോദരൻ വാസുദേവമോനോന്റെ ഹസ്തങ്ങളിലേയ്ക്ക് എത്തപ്പെട്ടു. അദ്ദേഹം ഒരു ഓമനപുത്രിയെപ്പോലെ വിദ്യാലയത്തെ പരിലാളിച്ചു. 1935 ഒക്ടോബർ ഒന്നാം തീയ്യതി ശ്രീ വാസുദേവമേനോൻ വിദ്യാലയത്തെ സർക്കാറിലേയ്ക്ക് കൈമാറുകയും അങ്ങിനെ സർക്കാർ എസ്സ്. എം ലോവർ സെക്കന്ററി സകുളായി തീരുകയും ചെയ്തു. ഏതാനും ഏക്കർ സ്ഥലവും സ്വന്തം സ്കൂളും പൊതു സ്വത്താക്കിമാറ്റിയ ആ മനസ്കതയെ ഈ സംഗമം പ്രണമിക്കുന്നു.

അതിനായി അഹോരാത്രം പ്രവർത്തിച്ച ആദ്യ ഹെഡ് മാസ്റ്റർ ബ്രഹ്മശ്രീ സി. എസ്സ് സുബ്രഹ്മണ്യ അയ്യരേയും നന്ദിപൂർവ്വം സ്മരിക്കട്ടെ. അന്നത്തെ വിദ്യാഭ്യാസ മേലദ്ധ്യക്ഷൻ ശ്രീ. ഐ.എൻ. മേനോൻ, എം. എൽ. സി. ആയിരുന്ന ശ്രീ രാമചന്ദ്രഅയ്യർ (ഇദ്ദേഹം ചിറ്റൂർ കോളേജിന്റേയും ആവിർഭാവത്തിൽ സി.പി. കരുണാകരമേനോനോടൊപ്പം പ്രയത്നിച്ച മഹദ് വ്യക്തിയാണ്). മറ്റ് കരപ്രമാണികൾ, നാട്ടുകാർ എന്നിവരുടെ സ്നേഹോഷ്മളമായ ഉത്സാഹത്തിന്റെ ഫലമായി 1942 ൽ ഈ വിദ്യാലയം ഗവൺമെന്റ് സ്കൂളായി ഉയർന്നു. ആദ്യ എസ്. എസ്. എൽ. സി. ബാച്ച് 1945ൽ പരീക്ഷയെഴുതി. 1947 ൽ തിരക്കൊഴിവാക്കാനായി പെൺകുട്ടികളുടെ പ്രൈമറിയും ലോവർ സെക്കന്ററിയും ശ്രീ കുറുമ്പക്കാവിനടുത്തുള്ള ലോവർ സെക്കന്ററി സ്കൂളിലേയ്ക്ക് മാറ്റി. 1946 ൽ എസ്. എസ്. എൽ. സി യുടെ വിജയശത മാനത്തിൽ കൊച്ചി സംസ്ഥാനത്തെ ഒന്നാം സ്ഥാനം തത്തമംഗലം എസ്സ്. എം. ഹൈസ്കൂളിനായിരുന്നു. അങ്ങിനെഏറ്റവും നല്ല വിദ്യാലയത്തിനുള്ള കൊച്ചിൻ കപ്പ് ഈ വിദ്യാലയത്തിന്റെ ഓഫീസ് മുറിയെ അലങ്കരിച്ചു. 1950 ൽ ഈ വിദ്യാലയം വജ്ര ജൂബിലിയാഘോഷിച്ചു. ജനുവരി 19,20,21 തിയ്യതികളിലായി വിപുലമായ രീതിയിലാണ് ജൂബിലിയാഘോഷിച്ചത്. അന്നത്തെ മദ്രാസ് ഹൈകോർട്ട്, കൊച്ചിൻ ഹൈകോർട്ട് റിട്ടയേഡ് ജഡ്ജി ബ്രഹ്മശ്രീ സി.പി. അനന്തകൃഷ്ണ അയ്യരായിരുന്നു ജൂബിലി ഉദ്ഘാടനം ചെയ്തത്. മാതൃഭൂമി ചീഫ് എഡിറ്റർ കേശവമേനോനും ജൂബിലി ദിനത്തിൽ പങ്കെടുത്തിരുന്നു. ജൂബിലിയോടനുബന്ധിച്ച് ധാരാളം എന്റോമെന്റുകൾ പൂർവ്വ വിദ്യാർത്ഥികളുടെ വകയായും, നാട്ടുകാരുടെ വകയായും നടപ്പാക്കുകയും, കൊല്ലം തോറും വിതരണംനടന്നു വരികയും ചെയ്തു. സാങ്കേതിക കാരണങ്ങളാൽ പലതും ഇന്നു തുടർന്നു പോകുന്നില്ല. എന്ന സത്യം അവശേഷിപ്പിക്കുന്നു. മതസൗഹാർദ്ദത്തിന്റെ പ്രതീകമായ ഈ സരസ്വതിക്ഷേത്രം ആൺ, പെൺ വ്യത്യാസമില്ലാതെ ഗ്രാമപ്രദേശങ്ങളിലെ കൂലിപ്പണിക്കാരുടേയും ഉന്നത കുലജാതരുടേയും സന്താനങ്ങളുടെ നാവുകളിൽ അക്ഷരമുത്തുകൾ പതിപ്പിച്ചിട്ടുണ്ട്, പതിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

കേരളത്തിലെ ഒന്നാം ജനകീയ മന്ത്രിസഭയിലെ വിദ്യാഭ്യാസമന്ത്രിയായ പ്രൊഫസർ ജോസഫ് മുണ്ടശ്ശേരിയുടെ വിദ്യാഭ്യാസ പരിഷ്കാരങ്ങൾ വള

രെയധികം പ്രയോജനമുണ്ടായിട്ടുണ്ട്. 1-ാം തരം മുതൽ 10-ാം തരം വരെ മലയാളം, തമിഴ് മീഡിയം ക്ലാസുകൾ സംഗീതം, ഡ്രോയിംഗ്, ക്രാഫ്റ്റ് എന്നിവയ്ക്ക് വിദഗ്ധരായ അദ്ധ്യാപകർ. സംസ്കൃതം അറബി എന്നിവ ഒന്നാംഭാഷയായി പഠിപ്പിക്കുവാനും, സ്കൗട്ട്, എൻ.സി.സി. എന്നിവ നിർബന്ധമാക്കുവാനും ഫുട്ബോൾ, വോളിബോൾ മറ്റ് കായികാഭ്യാസങ്ങൾ എന്നിവയ്ക്ക് പ്രാധാന്യം നൽകാനും സാധിച്ചു. അങ്ങിനെ വിവിധ ട്രോഫികൾ ഈ വിദ്യാലയത്തിന്റെ ഓഫീസുമുറിയിൽ എത്തപ്പെട്ടു.

1970 ൽ ഈ വിദ്യാലയത്തിലെ എൽ.പി.വിഭാഗത്തെ വിദ്യാലയത്തിന്റെ കളിസ്ഥലമായ തുമ്പിച്ചിറ മൈതാനത്തേക്ക് മാറ്റുകയും ആയതുമൂലം നല്ലൊരുമൈതാനം ഈ വിദ്യാലയത്തിന് നഷ്ടമാവുകയും ചെയ്തു. പിന്നീട് തെക്കുവശത്ത് രണ്ടു മൂന്ന് വയലുകളും ചെറുവീടുകൾ നിന്നിരുന്ന സ്ഥലവും സർക്കാർ കളിസ്ഥലത്തിനായി വാങ്ങിക്കുകയും ചെയ്തു. അവിടം ഇന്നും ഒരു കളിസ്ഥലമാവാതെ കിടക്കുന്നു. ആ സ്ഥലം നല്ലൊരു കളിസ്ഥലമാക്കി മാറ്റാൻ സമന്വയം - 2012 അപേക്ഷിച്ചതിന്റെ ഫലമായി പൂർവ്വ വിദ്യാർത്ഥിയും ഇപ്പോഴത്തെ എം.എൽ.എ. യുമായ ശ്രീ അച്ചുതന്റെ എം.എൽ.എ. ഫണ്ടിൽ നിന്നും 10 ലക്ഷം രൂപ അനുവദിച്ചത് അനുസരിച്ച് ഇന്ന് അതിന്റെ നിർമ്മാണാരംഭഫലകം ഉദ്ഘാടനം ചെയ്തിരിക്കുന്നു. സംസ്ഥാനത്തെ ഏറ്റവും കൂടുതൽ കുട്ടികൾ തമിഴ് മീഡിയത്തിൽ എസ്.എസ്.എൽ.സി. പരീക്ഷയെഴുതി ഉന്നതവിജയം കൈവരിച്ച ഈ വിദ്യാലയത്തിൽ ഈ കാലഘട്ടത്തിൽ തമിഴ് മീഡിയം നിർത്തലാക്കി. പി.ടിഎയുടേയും, തത്തമംഗലം തമിഴ്മന്റത്തിന്റേയും എം. എൽ.എ യുടേയും ശക്തമായ ഇടപെടലിന്റെ ഫലമായി അന്നത്തെ വിദ്യാഭ്യാസമന്ത്രി ശ്രീ. എം.എ. ബേബി ജനറൽ എഡ്യുക്കേഷൻ സെക്രട്ടറി ജയിംസ് വർഗ്ഗീസ് ഐ.എ.എസ്. ഡി.പി.ഐ ശിവശങ്കരൻ ഐ.എ.എസ്. എന്നിവരുടെ കൂട്ടായ ശ്രമത്തിൽ തമിഴ് മീഡിയം പുനഃസ്ഥാപിക്കപ്പെട്ടു. 2007 ജൂൺ 7 ന് ഗവഃ ഓർഡർ ലഭിച്ചു. ഡി.എഫ്.ഒ., ഡി.പി.ഐ എന്നിവരുടെ അനുഗ്രഹം കൊണ്ട് 2007 ൽ എസ്.എസ്.എൽ.സി. പരീക്ഷയെഴുതാൻ കഴിയാതെ പോകുമായിരുന്ന 13 വിദ്യാർത്ഥികൾക്ക് പരീക്ഷയെഴുതാൻ അവസരമുണ്ടായി. ആയതിന് ഡി.പി.ഐ, മുഹമ്മദ് ഹനീഫ, ശ്രീ ശിവശങ്കരൻ, ഐ.എ.എസ്. എന്നിവരെ നന്ദി പൂർവ്വം സ്മരിക്കുന്നു.

മഹാത്മജി വിഭാവനം ചെയ്ത തൊഴിലധിഷ്ഠിത വിദ്യാഭ്യാസം സാക്ഷാത്കരിച്ചുകൊണ്ട് 1996 ൽ ഗവഃ എസ്.എം ഹൈസ്കൂൾ എസ്.എം. വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളായി ഉയർത്തപ്പെട്ടു. ഇതിന് മുൻകൈയ്യെടുത്ത് ഉത്സാഹത്തോടെ പ്രവർത്തിച്ച പൂർവ്വ വിദ്യാർത്ഥി എം. എൽ. എ ശ്രീ. അച്ചുതനെസമന്വയം -2012 നന്ദി രേഖപ്പെടുത്തുന്നു. ഇന്ന് ഈ വിദ്യാലയത്തിൽ 2200 ലേറെ വിദ്യാർത്ഥികൾ വിദ്യാഭ്യാസം നടത്തിപ്പോരുന്നു. 1998-99 ൽ ചിറ്റൂർ ഉപജില്ലയിലെ ഏറ്റവും നല്ല പ്രവർത്തനം കാഴ്ചവെച്ച സ്കൂളിനുള്ള ജില്ലാപഞ്ചായത്തിന്റെ ഹരിശ്രീ അവാർഡ് നമ്മുടെ വിദ്യാലയം നേടി. 200[illegible] ൽ ഈ വിദ്യാലയം ഹയർ സെക്കന്ററിക്ലാസുകൾ ആരംഭിച്ചു. അന്നുമുതൽ ഈ വിദ്യാലയം ഗവഃസീല മെമ്മോറിയൽ വൊക്കേഷണൽ ആന്റ് ഹയർസെക്കന്ററി വിദ്യാലയമായി ഉയർത്തപ്പെട്ടു. ഏതൊരു സർക്കാർ വിദ്യാലയത്തിനും ഭവിക്കാവുന്ന പോരായ്മകൾ ഈ വിദ്യാലയത്തിനും സംഭവിച്ചുവെങ്കിലും അഞ്ചെട്ടു വർഷമായിട്ടുള്ള നാട്ടുകാരുടേയും ജനപ്രതിനിധികളുടേയും, പി.ടി.എ. ഭാരവാഹികളുടേയും അധ്യാപകരുടേയും കൂട്ടായ്മയാൽ ഒരു സുവർണ്ണകാലത്തേക്കുള്ള ഏണിപ്പടികൾ കയറിക്കൊണ്ടിരിക്കുകയാണ്. വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗത്തിൽ ഒന്നാംസ്ഥാനം നേടിയ ജില്ലാപഞ്ചായത്തിന്റെ പുരസ്കാരം നമ്മുടെ വിദ്യാലയം കരസ്ഥമാക്കി.

എല്ലാതലത്തിലും ഒന്നാംസ്ഥാനം കരസ്ഥമാക്കാൻ അധ്യാപകരുടെ ആത്മാർത്ഥമായ ശ്രമത്തെ അഭിനന്ദിക്കാതെ വയ്യ. സംസ്ഥാനകായികമേളകളിൽ കഴിഞ്ഞവർഷം മികവു തെളിയിച്ച വിഷ്ണു പ്രശാന്ത്, ഉണ്ണികൃഷ്ണൻ, ശെൽവപ്രിയ, സരിസ ആതിര തുടങ്ങിയ വിദ്യാർത്ഥികളെ സമന്വയം -2012 അഭിനന്ദിക്കുന്നു. 2010-11 വർഷത്തെ വിജയശതമാനം 84 നെ2011-12 അദ്ധ്യയനവർഷത്തിൽ 90.1 ആക്കി ഉയർത്തിയിരിക്കുന്നു. ഹയർസെക്കന്ററിയായി വിദ്യാലയം ഉയർന്നപ്പോൾ ക്ലാസുമുറികളുടെ ദൗർലഭ്യം വന്നുചേർന്നു. അഞ്ചാറുവർഷങ്ങൾക്കു മുമ്പ് എം.എൽ.എ. അച്ചുതന്റെ എം.എൽ.എ ഫണ്ടിൽ നിന്നും, മുനിസിപ്പാലിറ്റിയുടെ പ്രത്യേക ഫണ്ടിൽ നിന്നും ഒരു കെട്ടിടം ലഭിച്ചു. എന്നിട്ടും സ്ഥലം തികയാതെയാണിരിക്കുന്നത്. കമ്പ്യൂട്ടർ പഠനത്തിന് നല്ല സജ്ജീകരണമുള്ള ഒരു മുറി ഇല്ല. ബി.ആർ.ജി ഫണ്ടിൽ നിന്നും ഒരു കെട്ടിടം ഈ വർഷം പ്രവർത്തനമാരംഭിച്ചു. എന്നാലും ഒരു പ്രത്യേക ലൈബ്രറി ഹാളോ, ഒരുനല്ല ലാബറട്ടറിയോ ഇല്ലാതെ ഈ വിദ്യാലയം കടന്നുപോകുന്നു.

അയൽപക്കത്തെ വിദ്യാലയങ്ങൾക്ക് സ്വന്തമായി ബസ്സ് സൗകര്യമുണ്ട്. അതും നമുക്ക് സാക്ഷാത്കരി ക്കാത്ത സ്വപ്നമായി നിലനിൽ ക്കുന്നു.

തത്തമംഗലം ചോറത്തെ കരുണാകരനും സഹോദരനും കൂടി അവരുടെ മാതാവ് തങ്കമ്മയുടെ സ്മരണക്കായി തീർത്ത ഈ ഓഡിറ്റോറിയം നമ്മുടെ വിദ്യാലയത്തിന് ഒരു അനുഗ്രഹമായി ഭവിച്ചിരിക്കുന്നു. തുപ്പലബാലനിവാസ് കാർത്യായനിക്കുട്ടിയുടെ സ്മരണർത്ഥം ബാലനിവാസ് ബ്രദേഴ്സ് പണികഴിപ്പിച്ച പ്രധാനകവാടം വിദ്യാലയത്തിന് ഒരു പ്രൗഢിയാണ്. സമന്വയം-2012 നോട് അനുബന്ധിച്ച് ശ്രീ ചെറുകര കോമുനായർ സ്മാരക കവാടം അദ്ദേഹത്തിന്റെ പുത്രൻ ശ്രീ ബാലസുബ്രഹ്മണ്യൻ പണികഴിപ്പിക്കാമെന്ന് ഏറ്റിരിക്കുന്നു. ശദാബ്ദിയോടനുബന്ധിച്ച് പാറക്കാട്ടെ സേതുമാധവ മേനോൻ എന്റോമെന്റ്, ചോണാട്ടെ കൊച്ചുനായർ സ്മാരക എന്റോമെന്റ്, ആലങ്ങോട്ട് ഗംഗാധരൻ നായർ എന്റോമെന്റ്, എന്നിവ കൊല്ലംതോറും വിതരണം

ചെയ്തുകൊണ്ടിരിക്കുന്നു. സമന്വയം 2012 സംഗമത്തോടനുബന്ധിച്ച് കിഴക്കേപ്പാലാട്ട് സാവിത്രിയമ്മയുടെപേരിൽ അവരുടെ മകൾ ശ്രീമതി നളിനി 25000 രൂപയുടെ എൻ്റോമെൻ്റ്, പ്ലസ് വൺക്ലാസിൽ ഏറ്റവും കൂടുതൽ മാർക്കുലഭിക്കുന്ന ഒരു ആൺകുട്ടിക്കും ഒരു പെൺകുട്ടിക്കും നൽകുന്നതിനും, മേട്ടിൽ വീട്ടിൽ കുടുംബാഗങ്ങളുടെ വകയായി 8,9,10 ക്ലാസുകളിലെ അഞ്ചുവിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകുന്നതിനും വകയിരുത്തിയിരിക്കുന്നു. ഇനിയും പൂർവ്വവിദ്യാർത്ഥകളുടെ സഹായഹസ്തങ്ങൾ വിദ്യാമാതാവ് നേടുമെന്ന് നമുക്ക് ആശിക്കാം

ഈ വിദ്യാമാതാവിൻ്റെ മടിത്തട്ടിൽ നിന്നും അക്ഷരത്തിൻ്റെ തേനും വയമ്പും നുകർന്നു വിവിധ മേഖലകളിൽ വ്യാപിച്ചിരുന്ന പ്രഗത്ഭരായ പൂർവ്വ വിദ്യാർത്ഥികളെ മുഴുവൻ രേഖപ്പെടുത്താൻ ആഗ്രഹമുണ്ടെങ്കിലും സ്ഥലകാല പരിധിവെച്ച് അല്പം ചിലരെ ഓർമ്മിക്കട്ടെ. നിയമപന്ഥാവിൽ ഉന്നതിയിലെത്തിയ പി.എ.ക്യു. മീരാൻ, ഇദ്ദേഹത്തിൻ്റെ മകൻ ബർക്കത്തലി, സാങ്കേതിക വിഗദ്ധരായ കെ. സുകുമാരൻ, ആർ. പത്മനാഭൻ, സാഹിത്യത്തിൽ ശില്പി ബാലസുബ്രഹ്മണ്യം, കെ. വിശ്വം. അഭിനയത്തിൻ മോഹൻശർമ്മ, സംഗീതത്തിൽ പുത്തൻ വീട്ടിൽ സുശീല, ശാന്ത, ചിത്രകലയിൽ എസ്.രാജൻ, നാണുക്കുട്ടി നായർ, ഷഡാനനൻ ആനിക്കത്ത്, കണ്ണൻകുട്ടി മേനോൻ കായികത്തിൽ പി. ചന്ദ്രശേഖരൻ, വി. ബാലകൃഷ്ണൻ എന്നിവരെ ഓർമ്മിക്കട്ടെ. പൊതുപ്രവർത്തനത്തിലും, രാഷ്ട്രീയത്തിലും, കെ. അച്ചുതൻ, കെ. കൃഷ്ണൻകുട്ടി, ആത്മീയത്തിൽ സ്വാമി തഥാതൻ, വൈദ്യശാസ്ത്രത്തിൽ കെ.രാജൻ, കെ. മാധവനുണ്ണി, പി. ആർ. കരുണാകരൻ മുതലായി എത്രയോ പ്രഗൽഭമതികൾ ഈ ലോകത്തിൻ്റെ മുക്കിലും മൂലയിലും സേവനമനുഷ്ഠിച്ചുവരുന്നു. പത്ര പ്രവർത്തനത്തിൽ വാഷിങ്ങ്ടൺ ടി.വി.പരശുറാമും, കോളേജിയേറ്റ് ഡയറക്ടർ ആർ. സുബ്രഹ്മണ്യനും ഈ വിദ്യാലയത്തിൻ്റെ സന്തതികളാണ്. ഇനിയും പേരെടുത്തുപറയാൻ ഒരുപാടുപേർ ബാക്കിയാണ്. അവരെല്ലാം ക്ഷമിക്കണം.

പൂർവ്വകാല അദ്ധ്യാപകരെ സ്മരിക്കാതെ ഈ രൂപരേഖ അവസാനിപ്പിക്കുന്നത് ഉചിതമായിരിക്കില്ല. ഒരുപാട് വിദഗ്ധരായ അദ്ധ്യാപകരാൽ സമ്പുഷ്ടമായിതീർന്നതാണ് ഈ സരസ്വതീക്ഷേത്രം. എണ്ണിപ്പിടിച്ച് പേരുപറഞ്ഞ് അനുസ്മരിക്കാൻ സമയവും, സ്ഥലവും പോരാ. ആയതിനാൽ പൂർവ്വവിദ്യാർത്ഥികളുടെ അനുഭവസ്മരണകളിൽ അവർകയറിവരും. ആദ്യ ഹെഡ്മാസ്റ്റർ സി.എസ്. സുബ്രഹ്മണ്യൻ തൊട്ട് ഇപ്പോൾ സേവനമനുഷ്ഠിച്ചുവരുന്ന രാജേശ്വരി ടീച്ചർ, പ്രിൻസിപ്പൾ ബാലഗണപതി തുടങ്ങിയ അദ്ധ്യാപിക, അദ്ധ്യാപകർ വരെ ഈ മാതാവിനെ ശുശ്രൂഷിച്ച് സേവിച്ചവരേയും, സേവിക്കുന്നവരേയും അഭിനന്ദനങ്ങൾ രേഖപ്പെടുത്തിക്കൊണ്ടും, മൺമറഞ്ഞുപോയ മഹാൻമാരുടേയും, മഹിതകളുടേയും പേരിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ടും, ജീവിച്ചിരിക്കുന്നവരുടെ പാദാരവിന്ദങ്ങളിൽ ഗുരുപൂജാപുഷ്പങ്ങൾ അർപ്പിച്ചുകൊണ്ടും, ഈ സംക്ഷിപ്തമായ രൂപരേഖ സമന്വയം-2012 ൻ്റെ ഓർമ്മയ്ക്കായി പൂർവ്വ വിദ്യാർത്ഥികളുടെ വന്ദ്യ സദസ്സിന് സമർപ്പിക്കട്ടെ...





# ശീർഷകം

എസ്. ശ്യാം പ്രസാദ്



ഉച്ചക്കഞ്ഞിക്കുള്ള മണി;
സജീവമായ സ്റ്റാഫ് റൂം
ഇന്നത്തെ ചിന്താവിഷയം
ഒൻപതു സി യിലെ പ്രണയം
സങ്കൽപ്പങ്ങളാൽ
ഭാവിനെയ്ത പ്രണയിതാക്കളെചൊല്ലി
ചിലരിങ്ങനെയൊക്കെ പ്രതികരിച്ചു.
കാലംപോയപോക്കേ..... പരിഭവം
മാധ്യമങ്ങളുടെ സ്വാധീനം... പഴിചാരൽ
നമ്മളൊക്കെ
പണ്ടൊക്കെ...... ഓർമ്മക്കുറിപ്പ്
കൈവിട്ടുപോകും
രക്ഷാകർത്താക്കളെ വിളിപ്പിക്കണം- തലയൂരൽ
ചർച്ചാകുറിപ്പ്
സമർപ്പിക്കാനെത്തിയ കുട്ടി
അദ്ധ്യാപകനോടു ചോദിച്ചു.
ഉചിതമായ തലക്കെട്ടുകൊടുക്കട്ടെ സാർ
മുഖമുയർത്താതെ മൂളിയ സാറിന്റെ മുന്നിൽ
വെളുത്തകടലാസിൽ
കറുത്തകുറിയ വാക്കുകളാൽ
കുട്ടിയെഴുതി
''പ്രണയിക്കാത്ത അദ്ധ്യാപകരുടെ നിലവിളികൾ''
ശീർഷകത്തിന്റെ ഔചിത്യം പരിശോധിക്കുന്ന
അദ്ധ്യാപകന്റെ മുന്നിൽ
കുട്ടി കോട്ടുവായിട്ടു.



# രണ്ടു ചിത്രകാരൻമാർ

നമ്മുടെ സംഗമദിനങ്ങളിൽ രണ്ടു ചിത്രകാരൻമാരുടെ രചനകൾ പ്രദർശനത്തിന് വെക്കുകയുണ്ടായി. ഒന്ന് നമ്മുടെ ജനറൽ കൺവീനർ ശ്രീ ഷഡാനനൻ ആനിക്കത്തെന്ന കുട്ടേട്ടന്റേയും, രണ്ടമത്തേത് ശ്രീ. എസ്. രാജന്റേയും. ആർ. നാണുക്കുട്ടിനായർ, കണ്ണൻകുട്ടിമേനോൻ ശ്രീമതി ബേബിയമ്മ, എന്നിവരേയും മുൻകാല പ്രതഭകളെന്നനിലയ്ക്ക് സ്മരിക്കുന്നു.


ശ്രീ. ടി. എസ് രാജനെക്കുറിച്ച് തത്തമംഗലത്തെ ഇന്നത്തെ തലമുറയിൽ എത്രപേർക്കറിയാമെന്ന് എനിക്കറിയില്ല.

ഷഡാനനെക്കുറിച്ച് മിക്കവർക്കും അറിയാമെന്ന് അറിയാം. ഇവരുടെ ഈ രംഗത്തെ പ്രവർത്തനങ്ങൾ എടുത്തുപറയത്തക്കവയാണ്.

## ശ്രീ. ടി. എസ്. രാജൻ

തത്തമംഗലം സുന്ദരം പിള്ളയുടെ മകനായി 1925 ഡിസംബർ 16 നു ജനനം. എസ്.എം.എച്ച്.എസ്സിൽ പഠനം. അന്ന് പെയിന്റും ബ്രഷും വാങ്ങാൻ കനത്ത ചിലവുവരുമെന്നതിനാൽ പെൻസിലിൽ രചനനടത്താനാണ് അദ്ദേഹം ശ്രമിച്ചത്. പെൻസിൽ സ്കെച്ചിൽ മഹത്തായ രചനകൾ അദ്ദേഹം നിർവ്വഹിച്ചിട്ടുണ്ട്. കെന്നഡിയുടെ പെൻസിൽ സ്കെച്ച് അതിസുന്ദരമായിരിക്കുന്നു എന്ന അഭിപ്രായം കെന്നഡിയിൽ നിന്നു തന്നെ അദ്ദേഹത്തിന് ലഭിച്ചട്ടുണ്ട്.

കെന്നഡിക്ക് അയച്ചുകൊടുത്ത ഫോട്ടോ അദ്ദേഹത്തിന്റെ അഭിപ്രായവും കൈയ്യൊപ്പും നൽകി തിരിച്ചയച്ചു കൊടുത്തത് ശ്രീ.രാജൻ സൂക്ഷിച്ചുവെച്ചിട്ടുണ്ട്. ആൽബർട്ട് ഐൻസ്റ്റീൻ എന്ന മഹാന്റെ ചിത്രം അദ്ദേഹത്തിന് സ്വർണ്ണ മെഡലും ക്യാഷ് അവാർഡും നേടിക്കൊടുക്കുകയുണ്ടായി. ചെന്നയിൽ വിക്ടോറിയ ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന പ്രദർശനത്തിൽ വെച്ചാണ് അംഗീകാരം ലഭിച്ചത്. വൃദ്ധയും കുട്ടിയും എന്ന ചിത്രം ജൂറിയുടെ പ്രത്യേക പ്രശംസക്ക് പാത്രമായി.



ശ്രീ. ടി. എസ്. രാജൻ

1971 മുതൽ 1994 വരെയുള്ളകാലഘട്ടത്തിനിടക്ക് പതിനാറോളം ബഹുമതികൾക്ക് അദ്ദേഹം അർഹനായി. തത്തമംഗലം പൗരാവലി 1986 ൽ നൽകിയ സ്വർണ്ണപതക്കവുംഇതിലുൾപ്പെടുന്നു.''ഓവിയമണി,''''ഓവിയപേരൊളി'' എന്നെല്ലാമുള്ള ബിരുദങ്ങൾ പൊള്ളാച്ചിയിലെ ആർട്ട് അക്കാദമി വകയായും ലഭിച്ചു. ഓവിയമണി 2003-ൽ കമ്പൻ കലൈമന്ദിരം പൊള്ളാച്ചിയാണ് നൽകിയത്. അവർ തന്നെ കാവിയചിത്തൻ എന്ന ബിരുദനാമവും നൽകി. 2005 - ൽ രാജ് ടി.വിയുടെ സർട്ടിഫിക്കറ്റും ലഭിച്ചു.

അദ്ദേഹത്തിന് മക്കളായി ഒരു പെണ്ണും രണ്ട് ആണുമാണുള്ളത്. അവരെയെല്ലാം നല്ല തരത്തിൽ വിദ്യാഭ്യാസം കൊടുത്ത് ഉന്നതനിലയിൽ എത്തിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു.ആർട്ടിസ്റ്റ് എന്നതു കൂടാതെ നല്ലൊരു ഫോട്ടാഗ്രാഫർ കൂടിയായിരുന്നു ടി.എസ്.രാജൻ ഇപ്പോൾ നമ്മളോടൊപ്പമില്ല.

நர்த்தன சரஸ்வதி











# ശ്രീ ഷഡാനനൻ ആനിക്കത്ത്

1940 മാർച്ചുമാസം ഇരുപത്തിയൊൻപതാം തീയ്യതി ശ്രീമാൻ കുമാരൻ നായരുടെയും ശ്രീമതി അമ്മാളു അമ്മയുടേയും മകനായി തത്തമംഗലത്ത് ജനനം. പത്താംക്ലാസു വരെ ഗവൺമെന്റ് സീലിമെമ്മോറിയൽ ഹൈസ്കൂളിൽ പഠനം. ചെറുപ്പം മുതൽ ചിത്രരചനയിൽ താത്പര്യം ഉണ്ടായിരുന്നതിനാൽ മഹാരാഷ്ട്രയിലെ ഇന്റർ മീഡിയേറ്ററിന്ന് ചേർന്നു പഠിച്ചു. അതിനുശേഷം മദ്രാസിൽ കോളേജ് ഓഫ് ആർട്സിൽ ഇൻഡിഗ്രേറ്റ് ഡിപ്ലോമ (രണ്ടുവർഷകോഴ്സ്) പൂർത്തിയാക്കി. പ്രസിദ്ധചിത്രകാരനായിരുന്ന രാമമൂർത്തിയുടേയും, സമ്പത്തിന്റേയും കീഴിലുള്ള അദ്ധ്യാപനം ശ്രീ ഷഡാനനനെചിത്രകലയിലെ ഒരു പ്രത്യേക ശൈലിയുടെ വക്താവാക്കി മാറ്റി.

ഇവിടെ പരാമർശിക്കപ്പെടാത്ത ഒട്ടേറെ കഴിവുകൾ ഈ ചിത്രകാരനിലുണ്ട്. ഒരു നല്ല ശിൽപിയാണദ്ദേഹം. ചിറ്റൂർ തത്തമംഗലം മുനിസിപ്പാലിറ്റിയിലെ ശിൽപങ്ങൾ, പറമ്പിക്കുളം അണക്കെട്ടിനടുത്തുള്ള ശിൽപം, മലമ്പുഴയിലെ റോക്ക് ഗാർഡനിലെ ശിൽപനിർമ്മാണങ്ങളുടെ സഹായി എന്ന നിലയ്ക്കെല്ലാം ഇദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. 1989-ൽ ചിറ്റൂർ കൊങ്ങൻപട എന്ന ഫ്ലോട്ട് തിരുവനന്തപുരത്ത് അവതരിപ്പിച്ചതും സമ്മാനം നേടിയതും ശ്രീ ഷഡാനനന്റെ കഴിവാണ്. പാലക്കാടൻ നാടകവേദിക്ക് ഒരിക്കലും കുട്ടേട്ടനെ (ഷഡാനനന്റെ വിളിപ്പേര്) മറക്കാൻ കഴിയില്ല. ടാപ് നാടകവേദിയുടെ നാടകങ്ങൾക്കെല്ലാം രംഗപടം ഒരുക്കുന്നത് മറ്റാരുമല്ല.

നിരന്തരമായ കലാപ്രവർത്തനങ്ങളെമാനിച്ച് 2012 ലെ ലളിതകലാ അക്കാദമി പുരസ്കാരം ശ്രീ ഷഡാനനന് നല്കുകയുണ്ടായി. വേണ്ടപ്പെട്ടവരുടെ വീടുകളിലെ അലങ്കാരവാതിലുകൾ ശ്രീ ഷഡാനനന്റെ കൊത്തുപണി ചാരുത വിളിച്ചോതുന്നവയാണ്. സുഹൃത്തുക്കളുടെ വീടുകളിലെ സന്ദർശനമുറികളിൽ ആനിക്കത്തിന്റെ പെയിന്റിംഗുകൾ സൗജന്യ കാഴ്ച ഒരുക്കുന്നു. നമ്മുടെ വിദ്യാലയത്തിന്റെ മുഖകവാടവും, ഓഡിറ്റോറിയവും ഈ ശില്പിയുടെ സൃഷ്ടിതന്നെ.















# ഗുരുപൂജ ഏറ്റുവാങ്ങിയ മഹത്തുക്കൾ

നമ്മെ പഠിപ്പിച്ച അദ്ധ്യാപകരെല്ലാം ആദരണീയരാണ്. മഹത്തുക്കളാണ്. ഒരു സർക്കാർ വിദ്യാലയമാവുമ്പോൾ പലയിടങ്ങളിൽ നിന്നും എത്തിച്ചേർന്ന് പലയിടങ്ങളിലേക്കും പിരിഞ്ഞുപോവുന്നു. വർഷങ്ങൾക്കുശേഷം ഇവരെ കണ്ടെത്തുക എന്നത് കഠിനം തന്നെ.

1990 ന് മുമ്പ് പിരിഞ്ഞവരെന്ന മാനദണ്ഡം കൽപിച്ച് ശ്രമിക്കാമെന്ന അഭിപ്രായത്തോടെ നടത്തിയ ശ്രമഫലമായി കണ്ടെത്തിയത് വെറും നാലുപേരെ മാത്രം.

എല്ലാഗുരുജനങ്ങൾക്കും വേണ്ടി ഈ നാലുപേരുടെ പാദങ്ങളിൽ നമസ്കരിക്കുന്നു. ഗുരുപൂജയർപ്പിക്കുന്നു.

**ശ്രീ സി. ആർ . കൃഷ്ണയ്യർ**, BSc, B.T ഫോൺ 222113
റിട്ട.ഹെഡ് മാസ്റ്റർ
താമരച്ചിറ റോഡ്
ചിറ്റൂർ-പാലക്കാട് - 678 101

പാലക്കാട് ചാത്തപുര ഗ്രാമത്തിൽ പരേതനായ ശ്രീ. വി. രാമസ്വാമി അയ്യരുടേയും, പരേതയായ ശ്രീമതി ലക്ഷ്മിയമ്മയുടേയും പുത്രനായി 1923 മെയ്മാസം 16-ാം തിയ്യതി സി. ആർ. കൃഷ്ണൻ ഭൂജാതനായി ചിറ്റൂർ ബോയ്സ് ഹൈസ്കൂൾ ഹെഡ്മാസ്റ്ററായിരുന്ന പരേതനായ ശ്രീ.സി.പി. സുബ്രഹ്മണ്യഅയ്യരുടെ രണ്ടാമത്തെ പുത്രി ശ്രീമതി പാർവ്വതിയമ്മാളാണ്ആദ്ദേഹത്തിന്റെ സഹധർമ്മിണി. ഈ ദമ്പതിമാർക്ക് രണ്ടുപുത്രൻമാരും രണ്ടുപുത്രിമാരും മക്കളായിട്ടുണ്ട്.

പ്രാഥമിക വിദ്യാഭ്യാസം കൽപാത്തി എൽ. പി. സ്കൂളിലും പണ്ഡിറ്റ് മോത്തിലാൽ ഹൈസ്കൂളിലുമായിരിന്നു. മോത്തിലാൽ സ്കൂളിലെ പഠനം പൂർത്തിയാക്കും മുമ്പ് കുടുംബം മുഴുവൻ ചിറ്റൂരിലുള്ള കൃഷിയുമായി ബന്ധപ്പെട്ട കളത്തിലേക്ക് താമസം മാറ്റുക കാരണം ചിറ്റൂർ ബോയ്സ് ഹൈസ്കൂളിലേക്ക് പഠനവും പറിച്ചുനട്ടു. അതിനുശേഷം ഇന്റർമീഡിയേറ്റ് ഗവൺമെന്റ് വിക്ടോറിയാ കോളേജിലും, ബി.എസ്.സി.എറണാകുളം മഹാരാജാസിലും, തൃശ്ശൂർ ഗവൺമെന്റ് ട്രൈനിംഗ് കോളേജിലും വിദ്യാഭ്യാസം പൂർത്തിയാക്കി. അന്ന് പ്രിൻസിപ്പൽ ബെസ്റ്റ് ടീച്ചർ പ്രൈസ് വാങ്ങാനുള്ള ഭാഗ്യവും ശ്രീ സി.ആർ കൃഷ്ണയ്യർക്കുണ്ടായി.

ചിറ്റൂർ ബോയ്സ് ഹൈസ്കൂൾ, ഗവൺമെന്റ് ട്രൈനിംഗ് സ്കൂൾ, ഗവൺമെന്റ് വിക്ടോറിയ ഗേൾസ് ഹൈസ്കൂൾ, ഗവൺമെന്റ് ഹൈസ്കൂൾ എലപ്പുള്ളി, സൗത്ത് വയനാട്ടിലെ കോലേറി ഗവൺമെന്റ് ഹൈസ്കൂൾ, തത്തമംഗലം ഗവൺമെന്റ് എസ്.എം.എച്ച്.എസ്. എന്നീ സ്ഥാപനങ്ങളിൽ സേവനം അനുഷ്ഠിച്ചു. 1974-ൽ കേരള സർക്കാറിന്റെ മികച്ച അദ്ധ്യാപകനുള്ള അവാർഡ് ലഭിച്ചു. 1978-ൽ അദ്ധ്യാപക ജീവിതത്തിൽ നിന്നും വിരമിച്ചു.

ഒരു മാതൃകാ അദ്ധ്യാപകൻ, മികച്ച കൃഷിക്കാരൻ, സംഗീതജ്ഞൻ, അദ്ധ്യാത്മിക പ്രഭാഷകൻ എന്നീ നിലകളിലെല്ലാം പ്രശസ്തനായ ശ്രീ.സി.ആർ കൃഷ്ണയ്യരെ ആദരിക്കുകയുണ്ടായി.



**ശ്രീ സി. ആർ . കൃഷ്ണയ്യരെ ഷഡാനനൻ ആനിക്കത്ത് ആദരിക്കുന്നു.**

**ശ്രീമതി . സുഭദ്ര ടീച്ചർ**
കിഴക്കേഗ്രാമം
തത്തമംഗലം. പി.ഒ
പാലക്കാട്

21.06.1926 ൽ ചിറ്റൂർ താലൂക്കിലെ അയലൂരിൽ ജനനം. പ്രൈമറി വിദ്യാഭ്യാസം അയലൂരിൽ തന്നെയായിരുന്നു. ഹിന്ദി പ്രത്യേക വിഷയമായി പഠിച്ചു. ഇരുപത്തിനാലാം വയസ്സിൽ നെന്മാറ ഗേൾസ് ഹൈസ്കൂളിൽ ആദ്യനിയമനം ലഭിച്ചു. 1950 മുതൽ 1962 വരെ അവിടെ തുടർന്നു. അതിനുശേഷം അതായത് 1962 മുതൽ 1981 വരെ 19 വർഷം ഗവൺമെന്റ് എസ്.എം.എച്ച്. എസിൽ. ഇവിടെ വെച്ചാണ് റിട്ടയർ ചെയ്തത്.

ഭർത്താവ് ശ്രീ ചന്ദ്രശേഖര മേനോൻ. ഈ ദമ്പതികൾക്ക് രണ്ടുമക്കളാണുള്ളത്. ഒരാണും, ഒരുപെണ്ണും. 86 വയസ്സുപൂർത്തിയാക്കിയ ഈ ഗുരുനാഥ ശിഷ്യഗണങ്ങളുടെ സ്നേഹവാത്സല്യങ്ങൾ ഏറ്റുവാങ്ങി സന്തോഷത്തോടെ കഴിയുന്നു.



**ശ്രീമതി . സുഭദ്ര ടീച്ചറെ കെ.ബി. സുബ്രഹ്മണ്യൻ ആദരിക്കുന്നു.**




**ഗുരുവന്ദനം – അദ്ധ്യക്ഷപ്രസംഗം ശ്രീ. കെ.**

**ശ്രീ വി. രാമകൃഷ്ണൻ**
കിഴക്കേഗ്രാമം, രാഘവേന്ദ്ര
തത്തമംഗലം, പി.ഒ.
പാലക്കാട് - ജില്ല

ശ്രീ വി. രാമകൃഷ്ണൻ ശ്രീവെങ്കിടാചലം എമ്പ്രാന്തിരിയുടേയും ശ്രീമതി കാവേരിയമ്മാളുടേയും മകനായി 1924 ൽ ചിറ്റൂരിലാണ് ജനിച്ചത്. 1942 ൽ നല്ലേപ്പിള്ളി എൽ. എസ്.എസിൽ അതായത് 18-ാം വയസ്സിൽ ഔദ്യോഗിക ജീവിതം ആരംഭിച്ചു. 1943 മുതൽ 1948 വരെ തത്തമംഗലം സീലിമെമ്മോറിയൽ ഹൈസ്കൂളിൽ അദ്ധ്യാപനം നടത്തി.

അഭിവക്ത കമ്മ്യൂണിസ്റ്റ്പാർട്ടിയെ നിരോധിച്ചിരുന്ന കാലത്ത് ചാലക്കുടിയിൽ നടന്ന ഒരു രാഷ്ട്രീയകൊലപാത

ത്തെത്തുടർന്ന് ഒളിവിൽ പോയ പ്രതികൾക്ക് ഷെൽട്ടർ നൽകി എന്ന കേസിൽ കുടുങ്ങി 1950 മുതൽ 1955 വരെ സർവ്വീസിൽ നിന്നും ഇദ്ദേഹത്തിന് വിട്ടുനിൽക്കേണ്ടിവന്നു.

അദ്ധ്യാപക പ്രസ്ഥാനത്തിൽ സജീവ പ്രവർത്തകനെന്ന നിലയ്ക്ക് ആ രംഗത്തുള്ളവരുടെ ആവേശമായിരുന്നു ശ്രീ രാമകൃഷ്ണൻ. ഉറച്ച ഇടതുപക്ഷക്കാരൻ എന്ന നിലയ്ക്ക് ഇന്നും അദ്ദേഹത്തിന് മാറ്റമൊന്നും സംഭവിച്ചിട്ടില്ല. 1955 ചിറ്റൂർ തെക്കേഗ്രാമം പാഠശാല സ്കൂളിൽ സർവ്വീസ് തുടരാനും അവിടെനിന്നുതന്നെ 1979 ൽ വിരമിക്കാനും ഇടയായി.

അദ്ദേഹത്തിന് നാല് ആണും രണ്ടു പെണ്ണുമടക്കം ആറുമക്കളുണ്ട്. ഇന്ന് അദ്ദേഹത്തിന് 88 വയസ്സായി.



**ശ്രീ വി. രാമകൃഷ്ണൻ എമ്പ്രാന്തിരിയെ കെ. വിശ്വം ആദരിക്കുന്നു.**

**ശ്രീ. ടി.പി. വേലായുധൻ മാസ്റ്റർ**

പല്ലശ്ശനപാലക്കാട്- ജില്ല

ശ്രീ പത്മനാഭന്റേയും ശ്രീമതിവള്ളിയമ്മയുടേയും മകനായി 15-06-1934 ൽ പല്ലശ്ശനയിൽ ജനനം.പ്രാഥമിക വിദ്യാഭ്യാസം പല്ലശ്ശനയിൽ തന്നെ. അദ്ധ്യാപക പരിശീലനത്തിനുശേഷം മണ്ണാർക്കാട് താലൂക്കിലെ കുമരം പുത്തൂർ എ.യു.പി. സ്കൂളിൽ നിയമനം ലഭിച്ചു. തുടർന്ന് അത്തിക്കോട്, നല്ലേപ്പിള്ളി, തത്തമംഗലം ഗവൺമെന്റ് സീലിമെമ്മോറിയൽ ഹൈസ്കൂൾ, പല്ലാവൂർ ഗവൺമെന്റ് എൽ.പി.എസ്. എന്നിവിടങ്ങളിൽ അദ്ധ്യാപനം നടത്തി

30-06-1989 ൽ സർവ്വീസിൽ നിന്നും റിട്ടയർ ചെയ്തു. മാസ്റ്റർക്ക് നാല് ആണും രണ്ടു പെണ്ണുമടക്കം ആറു മക്കളുണ്ട്.



**ശ്രീ. ടി.പി. വേലായുധൻ മാസ്റ്ററെ സി.സുന്ദരേശൻ ആദരിക്കുന്നു.**



# നഗരനാട്യങ്ങളും നാട്ടിൻപുറ നന്മകളും

കെ. വിശ്വനാഥൻ

ഒരു ചെറിയ നഗരത്തിന്റെ നാട്യങ്ങളും, നന്മ മറയാത്ത നാട്ടിൻപുറത്തിന്റെ വിശേഷതകളുമുള്ള പ്രദേശമാണ് തത്തമംഗലം. തമിഴ്-മലയാള സംസ്കാരങ്ങളുടെ സംഗമഭൂമിയാണിത്. പറയത്തക്ക വ്യവസായങ്ങളൊന്നും മലിനപ്പെടുത്താത്ത, കാർഷിക മേഖലയിലെ വരുമാനം മാത്രം നിലനിൽപിന് ആശ്രയിക്കുന്ന ഒരു ദേശം. അതുമായി ബന്ധപ്പെട്ട സംസ്കാരത്തനിമ ഇവിടെ നിലനിൽക്കുന്നു. നാടൻകലാരൂപങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ, ആരാധനകൾ എന്നിവയെല്ലാം ഇവിടെയുണ്ട്. "മുനിയപ്പൻ" കൃഷിയിടം കാക്കുന്നു. "മുണ്ടിയൻ" കന്നുകാലികളെ സംരക്ഷിക്കുന്നു. ഇവർക്ക് യഥാകാലം പൂജകളും നൽകുന്നു. അന്നത്തെ പ്രസക്തി ഇന്നില്ലാതായിട്ടുണ്ട്. കന്നുകാലികളുടെ സംരക്ഷണവും അവയെക്കൊണ്ടുള്ള ഉപയോഗവും ഇന്നത്തെ തലമുറയ്ക്ക് അന്യമായിത്തീർന്നിരിക്കുന്നു.

ചില നാടൻ കലാരൂപങ്ങളും നമുക്ക് നഷ്ടപ്പെട്ടുപോയിരിക്കുന്നു. അതിലൊന്നാണ് "ഗൊപ്പിയാളം". വീരശൈവർ എന്നറിയപ്പെടുന്ന "പണ്ടാര"സമുദായക്കാരുടെ സ്ത്രീകൾ അവതരിപ്പിച്ചുകൊണ്ടിരുന്ന പാട്ടും നൃത്തവുമടങ്ങിയ നൃത്തവിശേഷമാണ് ഗൊപ്പിയാളം. അവരുടെതന്നെ പുരുഷന്മാർ വരുണദേവനെഭൂമിയിലേയ്ക്ക് വിളിച്ചുവരുത്തുന്ന കലാരൂപമാണ് "കൊടുംപാപി". പാണസമുദായക്കാർ അമ്മ ദൈവപ്രീതിക്കായി അവതരിപ്പിച്ചുവന്നിരുന്ന "ഏഴുവട്ടംകളി". (ഈ കളിയെ പാട്ടിക്കളിയെന്നും വള്ളിപിടിച്ചുകളിയെന്നും വിളിക്കാറുണ്ട്.)

ഈ കലാരൂപങ്ങളെ സംരക്ഷിക്കുവാനായി ആരും ഒന്നും ചെയ്യാത്തതിനാൽ, തത്തമംഗലം മണ്ണിൽ നിന്നും മാത്രമല്ല ഭൂമുഖത്തുനിന്നുതന്നെ മറഞ്ഞുപോയിരിക്കുന്നു. അന്ധവിശ്വാസത്തിന്റെ സന്തതികളായ ഈ കലാരൂപങ്ങൾ എന്താണെന്ന് നോക്കാം.

## കൊടുംപാപി

നമ്മുടെ നിത്യജീവിതത്തിൽ വേരൂന്നിയ ചില വിശ്വാസങ്ങളുണ്ട്. അന്ധവിശ്വാസങ്ങൾ എന്ന് വിളിക്കാവുന്നവയാണവ. ആധുനിക കാലഘട്ടത്തിലും അതിനെല്ലാം പ്രസക്തി നിലനിൽക്കുന്നു. വീടിനുപുറത്തേയ്ക്കിറങ്ങുമ്പോൾ ശകുനം നോക്കുന്നതുപോലെ, ചില നിമിത്തങ്ങൾ ശുഭകരം ചിലത് അശുഭം എന്ന് കരുതുന്നതുപോലെ, ദൃഷ്ടിബാധ, കരിങ്കണ്ണ് എന്ന കണ്ണേറുബാധയെ ഭയപ്പെടുന്നതുപോലെ, നല്ല വിളവു ലഭിക്കാൻ നഗ്നരായ സ്ത്രീകളെക്കൊണ്ട് നിലം ഉഴുവിക്കുന്നതുപോലെ, കൊതിക്കൂതൽ, മന്ത്രിച്ചു കെട്ടൽ എന്നവിശ്വാസംപോലെ, ഭാര്യപതിവ്രതയാണെന്ന് വരുത്താൻ ഭർത്താവിന്റെ ഉച്ചിഷ്ടമുള്ള ഇലയിൽ ഭക്ഷണം വിളമ്പികഴിക്കുന്നതുപോലെ, സുഖപ്രസവം നടക്കണമെങ്കിൽ നമ്പൂതിരിമാരെക്കൊണ്ട് എണ്ണ ഊതിക്കുന്നതുപോലെ, ഒരു മാസത്തിന്റെ അവസാനനാളുകളിൽ ഒരാൾ മരിച്ചാൽ ആ ഗൃഹത്തിൽ മറ്റൊരു മരണം അനിവാര്യമാണെന്ന് കരുതുന്നതുപോലെ ഒരുപാട് വിശ്വാസങ്ങളുടെ നടുവിലാണ് നാം. ശാസ്ത്രജ്ഞർപോലും ഇതിന് അതീതരല്ല. റോക്കറ്റ് വിക്ഷേപണം നടത്തുന്നത് തേങ്ങായുടച്ച് പൂജിച്ചതിന് ശേഷമല്ലേ? സ്വന്തം കഴിവുകളിൽ വിശ്വാസം ഇല്ലാത്തതാണല്ലോ ഇതിനെല്ലാം കാരണം.

ഇത്തരം ഒരു വിശ്വാസത്തിന്റെ ഭാഗമാണ് കൊടുംപാപിയും. നാട്ടിൽ

വും സംഭവിക്കുമ്പോൾ ഒരു മഴയ്ക്കായി ജനങ്ങൾ ഒന്നടങ്കം ആഗ്രഹിക്കുന്നു. ആ സന്ദർഭങ്ങളിൽ ശിവഭക്തരായ ''പണ്ടാര''ങ്ങളെക്കൊണ്ട് ''കൊടുംപാപി'' കെട്ടി വലിപ്പിക്കുന്നു. വയ്ക്കോൽകൊണ്ട് രൂപം കെട്ടിയുണ്ടാക്കി ഒരു പാടയിൽ കിടത്തി നാടുനീളെ വലിപ്പിക്കുന്നു. പറയരുടെ തപ്പട്ടമേളവും കൊണ്ടുനടക്കുന്നവരുടെ നെഞ്ചത്തടിച്ചുള്ള നിലവിളിയും അകമ്പടിയാവുന്നു.

''കൊടുംപാപി ചാകലയാ.....
കോടമഴപെയ്യലയേ.....

ഗൊപ്പിയാള..... ഗൊപ്പിയാള.....'' എന്ന് വിലപിക്കുന്നു.

ഈ രാജ്യത്തിലെ കൊടുപാപിയായ മനുഷ്യനിതാ ചത്തുപോയിരിക്കുന്നു. ഇനി ഒരു മഴ പെയ്യിച്ചു തരൂ എന്ന് വരുണദേവനോട് കേണപേക്ഷിക്കുകയാണ്. എല്ലാ ജനങ്ങളും പണവും ധാന്യങ്ങളും നൽകി ഇവരെ സഹായിക്കും. കൊടുംപാപിയെ പുഴയിലൊഴുക്കി വരുമ്പോഴേക്കും മഴപെയ്യും എന്നാണ് വിശ്വാസം.

## ഗൊപ്പിയാളം

കൊടുംപാപി കെട്ടിവലിക്കുന്നതെന്തിനാണോ അതേ കാര്യത്തിനുവേണ്ടിത്തന്നെയാണ് പണ്ടാരസമുദായത്തിലെ (വീരശൈവ) സ്ത്രീകൾ ''ഗൊപ്പിയാള'' ത്തിന്നിറങ്ങി പുറപ്പെടുന്നതും. സ്ത്രീകൾ ഉടുത്തൊരുങ്ങി സ്വന്തം കൈകളിലെ താലത്തിൽ കുങ്കുമം, ഭസ്മം, പൂവ് എന്നിവയും ചെറിയ നിലവിളക്ക്, പശുവിൻ ചാണകം ഉരുട്ടി പിള്ളയാറാക്കി (ഗണപതി സങ്കല്പം) ഒരോ വീട്ടുമുറ്റത്തും കൊണ്ടുവെച്ച് ഇതിനു ചുറ്റും കൈകൊട്ടികളിക്കുന്നു. (ഗൊപ്പിയാളം എന്ന വാക്കിന് കൈതട്ടി വിളിക്കുക എന്നാണത്രേ അർത്ഥം)

ഇടിയിടിയോ.... മഴചൊരിയോ......
ഇഴകഴകായ്.... പെരുകിവാറായ്....
ഗംഗയിലെ.... ഗൊപ്പിയാളാ....
ഊശിപോലെ മിന്നിമിന്നി
ഊർശേഷിക്കപെയ്മഴേ....
ഗൊപ്പിയാളാ....


മൂന്നു ദിവസംകൊണ്ട് ഒരു ദേശത്തെ എല്ലാ വീടുകളിലും കയറി പാടിക്കളിച്ച്, പൂജാദ്രവ്യങ്ങൾ നദിയിലേയ്ക്കൊഴുകി കരയ്ക്കു കയറി വീടെത്തുമ്പോഴേയ്ക്കും മഴപെയ്യുമെന്നായിരുന്നു വിശ്വാസം.

ഒരുവർ ലാലാതു ലോതികേ.... ഗോവീരമ്മാ....
ഗേവേ..... ഓരോ ലോതികേ.... ഗോവിരമ്മാ....
അത്ടെം പിത്താം.... ലോതികേ.... ഗോവിരമ്മാ.....
*എന്ന് പാടിയാണ് സമാപനം കുറിക്കാറുള്ളത്.*
ആ...... ഹാ..... ഗംഗമ്മാ....
ഊ.... ഉം.... ഗംഗമ്മാ....

ഉപ്ടി വിയാരിപൊയ്യേവാ...... എന്നാണ് ഗാനം കഴിഞ്ഞുവരുമ്പോൾ ഇവർ ഉരുവിടാറുള്ളത്. മനുഷ്യശക്തികൾക്കതീതമായ പ്രകൃതിശക്തിയെ പ്രാർത്ഥനകൊണ്ട് മെരുക്കിയെടുത്ത് നാടിന് സമർപ്പിക്കുക എന്നതാണ് ലക്ഷ്യം. ഇന്ന് ഈ വിശ്വാസങ്ങളിൽ നിന്നെല്ലാം അകന്ന തലമുറയ്ക്ക് നാട്ടിൽ നടന്നു പാടാനും പാരിതോഷികങ്ങൾ കൈപറ്റാനും ബുദ്ധിമുട്ടായിരിക്കുന്നു. വരുണനും വായുവും അഗ്നിയും ആകാശവും ഭൂമിയുമൊക്കെ എന്താണെന്നും അവയെ നിയന്ത്രിക്കാൻ എന്തൊക്കെ ചെയ്യണമെന്നും അറിയാവുന്നതുകൊണ്ടാവാം ഇളംതലമുറ ഈ പരിപാടികളിൽ നിന്നെല്ലാം പിൻവാങ്ങിയത്.

വീരശൈവർ മിക്കവാറും സ്ഥലങ്ങളിൽ ഒന്നിച്ച് താമസിക്കുവാൻ ഇഷ്ടപ്പെടുന്നു. പാലക്കാടൻ പ്രദേശങ്ങൾക്ക് ''പണ്ടാരത്തറ''കൾ അന്യമല്ല. തത്തമംഗലത്തെ അയ്യപ്പൻപതി പ്രദേശം അവരുടെ ആസ്ഥാനമാണ്.

## ഏഴുവട്ടംകളി അഥവാ പാട്ടിക്കളി അഥവാ വള്ളിപിടിച്ചുകളി



ആദ്യകാലങ്ങളിൽ ദേവീക്ഷേത്രനടയിൽപാണർ കളിച്ചുവരുന്ന ഈ കളിയ്ക്ക് ''പാങ്കളി'' എന്നും പേരുണ്ട്. ഈ കളിയ്ക്ക് ആധാരമായ ഒരു കഥയുണ്ട്.

''രാരി'' എന്നു പേരായ പാണനും ''കണ്ണി'' എന്നു പേരുള്ള പാട്ടിയും കൂടി പണിത്തരങ്ങളുണ്ടാക്കാനുള്ള മുളവെട്ടാനായി കാട്ടിലേയ്ക്കു പോയി. കാലുള്ള കുടയും സ്ത്രീകൾക്ക് വല്ലിക്കുടയും നിർമ്മിച്ച് നൽകിയാണ് ഇവർ ഉപജീവനം കഴിച്ചിരുന്നത്. മുളവെട്ടി ചീന്തി കെട്ടാക്കി കഴിയുമ്പോഴേയ്ക്കും നേരം നല്ലവണ്ണം ഇരുട്ടി. കാട്ടുജന്തുക്കളുടെ വിഹാരരംഗമായ കാട്ടിൽ വഴിയറിയാതെ കുടുങ്ങിപ്പോയ അവർ പേടിച്ചുവിറച്ചു. ഇനിയൊരു ജീവിതമില്ല; എല്ലാം അവസാനിപ്പിച്ചു എന്ന് കരുതി ഉണങ്ങിയ ചില്ലകൾ പെറുക്കി തീയിട്ടു. ചുറ്റും കാട്ടുവള്ളികൾകെട്ടി പ്രതിരോധം തീർത്തു. (അതിന്റെ പ്രതീകമായിട്ടാവണം കളിക്കുമ്പോൾ മുൻവശത്ത് ഒരു തുണി ചുരുട്ടി രണ്ടുപേർ പിടിച്ചു നിൽക്കുന്നത്) പേടിച്ചരണ്ട പാണൻ തങ്ങളെ രക്ഷിക്കണേ അമ്മേ എന്ന് കേണു. പാട്ടി പാട്ടിനൊത്ത് നൃത്തം വെച്ചു. ഏഴുവട്ടും പാട്ടും കളിയും തീക്കുണ്ഠത്തിന് ചുറ്റും നടത്തിക്കഴിയുമ്പോഴേയ്ക്ക് നേരം വെളുത്തു. നേരായ വഴി തെളിഞ്ഞു. അങ്ങിനെഭഗവതി അവരെ രക്ഷിച്ചു എന്നാണ് വിശ്വാസം.

''കുലദൈവമേ..എന്നമ്മതായേ...ശ്രീകുറുംബേ ....
ഞങ്ങളെ എന്നും കാത്തരുളണേ....
ഞങ്ങൾക്കെന്നും കൂട്ടായിരിക്കണേ....
എന്നമ്മതായേ.... ശ്രീ കുറുംബേ....''

എന്ന രീതിയിലാണ് ഗാനങ്ങൾ പാടാറുള്ളത്.

ഇതൊരു കളിയല്ല; പ്രാർത്ഥനയാണ്. ഇതിന് ചില ചിട്ടകളെല്ലാം പാലിക്കേണ്ടതുണ്ടായിരുന്നു. കാവുമുറ്റത്തു മാത്രമേ കളിയ്ക്കാൻ പാടുള്ളൂ... പാണൻ പാടുകയും പാട്ടികളിക്കുകയും ചെയ്യണം. ഋതുമതിയാവുന്നതിനു മുൻപും, മാസക്കുളി നിന്നശേഷമുള്ള സ്ത്രീകളും മാത്രമേ കളിക്കാവൂ. അവർ വ്രതാനുഷ്ഠാ

നങ്ങൾ പാലിച്ചിരിക്കണം.... എന്നിങ്ങനെ. ഈ കളി അറിയാവുന്ന സ്ത്രീകൾ തത്തമംഗലം ദേശത്ത് ഇല്ലാതായിരിക്കുന്നു.

നമ്മുടെ പൂർവ്വികന്മാർ ആരാധനാ മനോഭാവത്തോടെ കണ്ടിരുന്ന ഗൊപ്പിയാളവും കൊടുംപാപിയും ഏഴുവട്ടംകളിയും നമുക്ക് നഷ്ടമായിരിക്കുന്നു.

## ഇവിടെ പുലരുന്ന നാടൻപാട്ടുകൾ

### പുള്ളുവൻ പാട്ട്




നാവേറുപാട്ടുമായി വിശേഷദിവസങ്ങളിൽ തറവാടുകളിൽ ഐശ്വര്യം നിറയ്ക്കുവാൻ പുള്ളുവനും പുള്ളുവത്തിയും കുടവും വീണയുമായെത്തുന്നത് കാത്തുനിന്ന കാലം ഓർമ്മയിലുണ്ട്. തിരുമുറ്റത്തിരുന്ന് അവർ പാടുവാനൊരുങ്ങുമ്പോഴേയ്ക്കും എല്ലാ അംഗങ്ങളും മുന്നിൽ നിരന്നിരിക്കും. കുടുംബനാഥ നൽകുന്ന അരിയും തുണിയും പണവും വാങ്ങി തൊഴുതിറങ്ങുന്ന പുള്ളുവൻപാട്ടും അതിന്റെ മധുരവും മറന്നു പോയിരിക്കുന്നു. ആദരിച്ചകാലം മാറിപ്പോയി. ഇപ്പോൾ വെറും ഭിക്ഷാടനക്കാരായിരിക്കുന്നു.

തത്തമംഗലം ദേശത്ത് അറിയപ്പെട്ടിരുന്നത് ശ്രീ മാൻ ചാമി, കാളു ദമ്പതിമാരായിരുന്നു. അവർക്ക് ശേ ഷം ചെല്ലനും ഭാര്യ ചീരുവും ആ ദൗത്യം ഏറ്റെടുത്തു. അവർക്കുശേഷംശ്രീരാമാനുജനും ഭാര്യ നാകുണ്ണിയും, കിട്ടുചാമിയും ശെൽവനുമെല്ലാം രംഗം വാണു. ഇപ്പോൾ ശ്രീമാൻ കൃഷ്ണനും ഭാര്യ വേശയും വംശമഹിമ നിലനിർത്തുന്നു

### നല്ലമ്മപാട്ട്

മീനഭരണിയോടനുബന്ധിച്ചും, ഭഗവതിക്കാവുകളിലെ പാട്ടുത്സവങ്ങൾക്കും നല്ലമ്മപാട്ട് എന്നപേരിലറിയപ്പെടുന്ന ഭഗവതിപ്പാട്ട് പാടിവരാറുണ്ട്. ശ്രീ പാർവ്വതിയുടെ, ദുർഗ്ഗയുടെ, നല്ലമ്മയുടെ അപദാനങ്ങളാണ് പാടുക. തത്തമംഗലം ടൗണിനോട് അടുത്ത അരംഗത്തും, തുമ്പിച്ചിറ ഭാഗത്തും നല്ലമ്മപാട്ടുകാർ ഉണ്ടായിരുന്നു. ഇപ്പോൾ ശ്രീമാൻ മല്ലു, തുമ്പിച്ചിറ എന്ന കലാകാരൻ സജീവമായി രംഗത്തുണ്ട്.

### കളമെഴുത്തുപാട്ട്



കറുപ്പും, വെള്ളയും, മഞ്ഞയുംപൊടികൾക്കൊപ്പം ഇലപ്പൊടിയും കൊണ്ട് തീർക്കുന്ന കളങ്ങൾ കലാപരമായ മേന്മകൊണ്ടും കണ്ണഞ്ചിപ്പിക്കുന്ന വർണ്ണങ്ങൾക്കൊണ്ടും അതിമനോഹരങ്ങളാണ്. തത്തമംഗലത്ത് പുള്ളുവക്കളങ്ങളാണ് ഉണ്ടായിരുന്നത്. കൊട്ടിപാടി, ആടി കളംമായ്ക്കുന്നു. പൂക്കുലയേന്തിയ കന്യക വാർമുടിയഴിച്ചിട്ട് തുള്ളലിന് തയ്യാറായിരി ക്കുന്ന രംഗം ഒരിക്കലും കൺമുന്നിൽ നിന്നും മറയുക യയില്ല. എത്രയെത്ര രാവുകൾക്ക് ചന്തം ചാർത്തിയ കളങ്ങളായിരുന്നു ആടിയുലച്ചത്. ഇപ്പോൾ ശ്രീമാൻ കൃഷ്ണനും വേശയും ഇതിനെല്ലാം നേതൃത്വം നൽകാൻ ജീവിച്ചിരിക്കുന്നു എന്നതുതന്നെയാണ് നാടിന്റെ ഭാഗ്യം.

### കതിരുത്സവം



കർഷകത്തൊഴിലാളികളായ ചെറുമക്കൾ തങ്ങളുടെ അദ്ധ്വാനഫലത്തെ ആഘോഷപൂർവ്വം മന്ദത്തെ അമ്മയുടെ തിരുമുമ്പിൽ അർപ്പിക്കുന്ന വേലയാണ് കതിരുവേല. തമ്പ്രാക്കളുടെ അറ നിറച്ചതിന്റെ സന്തോഷമാണ് അവർ ആഘോഷിക്കുന്നത്. ആഹ്ലാദം ആഘോഷമാക്കിമാറ്റി അമ്മദൈവത്തിന്റെ തിരുമുമ്പിലേക്ക് ആടിയും പാടിയും അവർ ആർത്തലച്ചെത്തുന്നു. അതിനുമുമ്പ് എല്ലാ കളപ്പാടുകളുടെ മുറ്റത്തും അറഞ്ഞാടി, ആവും മട്ടിൽ പനനീർ മോന്തി ആനന്ദനൃത്തം ചവിട്ടുന്നു. ആ കളിക്ക്, കൊട്ടിന്, താളത്തിന് ഒപ്പം പാടുന്ന ഒരു പാട്ടുണ്ട്. പതിഞ്ഞതാളത്തിൽ തുടങ്ങി ദ്രുതതാളത്തിൽ അവസാനിക്കുന്ന പാട്ട്.

തൈതത്ത... തൈതത്ത... തൈതത്ത... തൈയ്
തൈതത്ത... തൈതത്ത... തൈതത്ത... തൈയ്
മന്ദത്തമ്മ മൂലാർതായേ.... ആമുഴിക്കൂർ തലാ... സരസ്വതീ

തൈതത്ത... തൈതത്ത... തൈതത്ത... തൈയ്
ചീറുമ്പമ്മാ... മൂലാർതായേ... ആമുഴിക്കൂർ തലാ... സരസ്വതീ
തൈതത്ത... തൈതത്ത... തൈതത്ത... തൈയ്
മാഹാല്യമ്മാ... മൂലാർതായേ... ആമുഴിക്കൂർ തലാ... സരസ്വതീ
തൈതത്ത... തൈതത്ത... തൈതത്ത... തൈയ്

* * *

പൊലി പൊലി പൊലി പൊലി തമ്പുരാട്ടി
തൈതത്ത... തൈതത്ത... തൈതത്ത... തൈയ്
ഏതുവലിയമ്മേ പൊലിച്ചെടുക്കാം
തൈതത്ത... തൈതത്ത... തൈതത്ത... തൈയ്
ചീറുമ്പി വല്യമ്മേ പൊലിച്ചെടുക്കാം
തൈതത്ത... തൈതത്ത... തൈതത്ത... തൈയ്
അവരുടെ ആളടിയാരെ പൊലിച്ചെടുക്കാം
തൈതത്ത... തൈതത്ത... തൈതത്ത... തൈയ്
അവരുടെ കുഞ്ഞുണ്ണി മക്കളെ പൊലിച്ചെടുക്കാം
തൈതത്ത... തൈതത്ത... തൈതത്ത... തൈയ്

അവരുടെ വിത്തുചെല്ലം പൊലിച്ചെടുക്കാം
തൈതത്ത... തൈതത്ത... തൈതത്ത... തൈയ്
അവരുടെ കന്നുകാളെ പൊലിച്ചെടുക്കാം
തൈതത്ത... തൈതത്ത... തൈതത്ത... തൈയ്

*      *      *

മദ്ദളോം മണിയോം മാറൊടെ ചിലമ്പോം
തൈതത്ത... തൈതത്ത... തൈതത്ത... തൈയ്
ചിലമ്പിട്ടാടുന്ന തേതൊരു നല്ലമ്മ
ചിലമ്പിട്ടാടുന്നു നമ്മുടെ ചീറുമ്പിം
തൈതത്ത... തൈതത്ത... തൈതത്ത... തൈയ്

ഈ പാട്ടും ഇതിനൊത്ത കളിയും ഇന്ന് കാണാൻ കഴിയുന്നില്ല. കതിരുകൂടും തൂക്കിയ മുളന്തണ്ടുമായി ഓ... ഹോയ്... ഓ..... ഹോയ്.... എന്ന് കൂവിവിളിച്ച് കാവിനുചുറ്റും ഓടി കതിരും കൂടും മന്ദത്തമ്മക്ക് നിവേദിക്കുന്ന കർഷകത്തൊഴിലാളികളുടെ ഈ ആഹ്ലാദം അണപൊട്ടി ഒഴുകുമ്പോൾ കാർഷികരംഗത്തുള്ളവർ മാത്രമല്ല ദേശമൊന്നാകെ ഇതിൽ പങ്കാളികളാകുന്നു. ഇപ്പോൾ പാലക്കാട്ടെ വിവിധ പ്രദേശങ്ങളിലായി ഇരുപതോളം കാവുകളിൽ കതിരുത്സവം നടക്കുന്നു.

## പൊറാട്ടുകളി



പൊറാട്ട് എന്ന് കേൾക്കുമ്പോൾ തന്നെ ഒരു അർത്ഥകൽപനരൂപപ്പെട്ടുവരാറുണ്ട്. അശ്ലീലമായത്, ഗൗരവമില്ലാത്തത്, നിസ്സാരമായത്, ചിതമല്ലാത്തത് എന്നൊക്കെയാണത്. പുറജനങ്ങളായി, അടുത്താലും തൊട്ടാലും തീണ്ടുള്ളവരായി ആട്ടിയകപ്പെട്ടിരുന്ന ഒരു വിഭാഗം ആളുകൾ ഇവിടെയുണ്ടായിരുന്നു. അവരുടെ പിൻമുറക്കാരായ പട്ടികജാതിക്കാരെന്നു വിളിക്കുന്ന വിഭാഗക്കാർക്ക് അതൊന്നും ഓർമ്മയിൽ കാണുകയില്ല. അവരുടെ ഇല്ലായ്മ, വല്ലായ്മകളടങ്ങുന്ന ജീവിതവും സ്നേഹവായ്പും, കള്ളത്തരങ്ങളും, ചെറ്റത്തരങ്ങളുമൊക്കെ വളച്ചുകെട്ടില്ലാതെ നർമ്മം കലർത്തി അവതരിപ്പിക്കുന്ന നൃത്ത സംഗീത ഹാസ്യ നാടകമാണ് പൊറാട്ട്. പുറജനങ്ങളുടെ ആട്ടം പൊറാട്ടായിത്തീർന്നു. പാണസമുദായക്കാരാണ് ഈ കളിയിൽ ഇന്നും ആധിപത്യം ഉറപ്പിച്ചിട്ടുള്ളത്.

പാവനമധുരാനിലയേ..... അമ്പ
പാണ്ഡ്യരാജതനയേ .....
പാവകാതാളതീള
പാരിജ്യോതി ജമലുദായേ

എന്നു തുടങ്ങുന്ന പഴയ തമിഴ് നാടകങ്ങളുടെ അവതരണഗാനം തന്നെയാണ് പൊറാട്ടുകളിലേയും അവതരണഗാനം.

തത്തമംഗലം വില്ലേജിൽ പൊറാട്ടിന് ആഴത്തിൽ വേരുകളുണ്ട്. പീടികക്കോട് മായാണ്ടിയും, പാലോട്ട് മുത്തുവും കഴിഞ്ഞതലമുറയിലെ പ്രഗത്ഭരായ കളിക്കാരായിരുന്നു. പുതിയ തലമുറയിൽ ആറാം പാടത്തുകാരായ കലാധരനും, ശിവദാസനും ഭാവിയിലെ വലിയ വാഗ്ദാനങ്ങളാണ്.

ദാസി, മണ്ണാൻ, മണ്ണാത്തി (തള്ള മണ്ണാത്തി എന്ന കഥാപാത്രം കൂടി പൊറാട്ടിനൊപ്പം വരാറുണ്ട്.) കുറവൻ - കുറത്തി, ചെറുമൻ - ചെറുമി, കവറ - കവറച്ചി, ചക്കിലിയൻ - ചക്കിലിച്ചി, തൊട്ടിയൻ - തൊട്ടിച്ചി, പൂക്കാരി, മാതൂച്ചി, മാപ്പിള തുടങ്ങിയ പൊറാട്ടുകളാണ് സാധാരണയായി അവതരിപ്പിക്കാറുള്ളത്. എല്ലാ പൊറാട്ടുകളിലും രംഗത്തെത്തുകയും, ഇടപെടലുകൾ നടത്തുകയും, നർമ്മത്തിന്റെ വെടിക്കെട്ട് ഉതിർക്കുകയും കളിയെ നയിക്കുകയും ചെയ്യുന്ന ഒരു കഥാപാത്രമാണ് ചോദ്യക്കാരൻ. ആക്ഷേപഹാസ്യം അതിന്റെ പാരമ്യത്തിൽ പ്രയോഗിക്കപ്പെടുന്നു.

കഴിഞ്ഞ നാലുവർഷമായി മണ്ണൂർ സി.എം. ചന്ദ്രൻ എന്ന ആശാന്റെ നേതൃത്വത്തിൽ സ്ത്രീകൾ തന്നെ സ്ത്രീവേഷം അവതരിപ്പിക്കുന്ന ഒരു കളിസംഘം ജില്ലയിലാകെ പ്രത്യേക ശ്രദ്ധ പിടിച്ചുപറ്റിയിരിക്കുന്നു. തത്തമംഗലം വില്ലേജിലെ മാരിയമ്മൻ പൊങ്കലുകൾക്കൊപ്പം 'പൊറാട്ടുകളി' പതിവുണ്ട്.

## ആര്യമ്മാല നാടകം



തമിഴ് നാടകസംഘങ്ങൾ കേരളത്തിൽ ഒരു വിപ്ലവം തന്നെ സൃഷ്ടിച്ചിരുന്ന കാലഘട്ടത്തിൽ വന്നതുപോലെ തിരിച്ചുപോകാൻ കൂട്ടാക്കാതിരുന്ന ഒരു നാടകമാണ് "ആര്യമ്മാല". ഹരിശ്ചന്ദ്രപുരാണം, നല്ലതങ്കാൾ, കോവലൻ, പവിഴക്കൊടി മുതലായ നാടകങ്ങൾ വലിയ സ്വാധീനമാണ് മലയാളികളിൽ ചെലുത്തിയത്. നായകനടന്മാർ പാടിയ പാട്ടുകൾ ഇന്നും അയവിറക്കുന്നവർ നമ്മുടെ ഇടയിലുണ്ട്. പാലക്കാടൻ തമിഴിൽ ഇന്നും നിലനിൽക്കുന്നത് "ആര്യമ്മാല" മാത്രമാണ്. തത്തമംഗലം മടുപ്പിക്കാവ് ചിങ്ങാട്ടുകൊളുമ്പിൽ മല്ലിക്കളിയച്ഛനാണ് ഈ നാടകത്തെ ഇവിടെ പിടിച്ചുനിർത്തിയത്. ഇപ്പോൾ അദ്ദേഹത്തിന്റെ പൗത്രനും സംഗീത നാടക അക്കാദമി, ഫോക്‌ലോർ അക്കാദമി എന്നിവയുടെ അംഗീകാരം നേടിയ കലാകാരനുമായ ശ്രീ. വേലായുധൻ ആശാന്റെ പരിശ്രമ ഫലമായി കളിസംഘം ഈ നാടകം അവതരിപ്പിച്ചു വരുന്നുണ്ട്.

ചവിട്ടുനാടകത്തിന്റെയും കഥകളിയുടെയും സ്വഭാവങ്ങൾ ഒരുപരിധിവരെ ആര്യമ്മാലയാട്ടത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ആട്ടക്കഥയിൽ കഥാവതരണത്തിന് ശ്ലോകവും പദങ്ങളുമാണെങ്കിൽ ആര്യമ്മാലയിൽ അത് വിരുത്തവും പദവുമാണ്. തോടയവും പുറപ്പാടിന്നുംപകരം തോടയമംഗളവും ഗണപതി പൂജയും കാണാം. പരമ്പരാഗതമായി വായ്മൊഴിയായി പകർന്ന് നിലനിർത്തി പോരുന്ന രീതിയാണ് ആർമ്മാലയ്ക്കുള്ളത്. തിരുവിതാംകൂർ രാജാവായിരുന്ന മൂലംതിരുന്നാളിന്റെ കാലത്ത് പാലക്കാട്ടുകാരനായ ഒരു സുബ്രഹ്മണ്യശാസ്ത്രികളാണ് ഈ നാടകത്തിന്റെ സാഹിത്യം എഴുതിയതെന്ന് വിശ്വവിജ്ഞാനകോശം രണ്ടാം വാല്യം പു. 11 (NBS) രേഖപ്പെടുത്തികാണുന്നു. ഇതുവെച്ചുള്ള കാലഗണനകാണിക്കുന്നത് ഈ നാടകത്തിന് നൂറുവർഷത്തിൽ കൂടുതൽ പഴക്കം ഉണ്ടെന്നുതന്നെയാണ്. ഇതിൽ വളരെ വലിയ ഒരു കഥയാണ് പറയാൻ ശ്രമിക്കുന്നത്.

കാത്തവരായന്റെ ജനനം

പരമശിവനും പാർവ്വതിയും
കൈലാശം വിട്ടുവന്താർ
മാനുംകലയുമാകെ
മലർവനംതന്നിൽ പുണർന്താർ
പരമശിവൻ അരുളിനാലെ
പാർവ്വതി പെറ്റപാലൻ
പൂങ്കാവനത്തിൽ വിട്ട്
മാതാപിതാക്കളവർ
കൈലാശം തന്നിൽശെന്റാർ
ആരുംതുണൈയില്ലാതെപാലൻ
അഴുതുപുലമ്പേശുകിറാൻ....

കൈകാലിട്ടടിച്ച് കരഞ്ഞുകിടക്കുന്ന ബാലകനെപൂവുകൾ ശേഖരിക്കാനെത്തിയ ദേവകന്യകമാർ കാണുന്നു. അവർ കുഞ്ഞിനെഎടുത്ത് താലോലിച്ച് "കാത്തവരായൻ" എന്ന പേരു നൽകുകയും പൂങ്കാവനകാവൽക്കാരനായ ചികപ്പിടയോൻ എന്നയാളെ വളർത്തുവാനായി ഏൽപ്പിക്കുകയും ചെയ്യുന്നു.

"പൂരണവടിവളകൻ കാത്തവരായൻ
സൂരിയൻ കതിരൊളിപോൽ" വളർന്നുവന്നു

തങ്ങൾ വളർത്തുവാനേൽപിച്ച കുട്ടിയെ കാണാൻ ദേവകന്യകമാർക്ക് താല്പര്യമുണ്ടായി. പത്തിരുപതുവർഷത്തിനുശേഷമാണ് ഇവരെത്തുന്നത്. യൗവ്വനാവസ്ഥയിലെത്തിയ കാത്തവരായന് അതിലൊരുവളിൽ ആശ ജനിച്ചു. അവൻ അവളുടെ മടിക്കുത്തിൽ കയറിപിടിച്ചു. അപമാനിതയായ ദേവസ്ത്രീ ഗംഗയിൽ ചാടി ആത്മത്യാഗം ചെയ്തു. ഇവളുടെ മരണത്തിനിടയാക്കിയ പാപം ഏഴുജന്മം നിലനിൽക്കുമെന്നും അവസാനം കഴുമരം കേറിയാലേ മുക്തി ലഭിക്കൂ എന്നും ഗായകസംഘം പാട്ടിലൂടെ സദസ്സിനെഅറിയിക്കുന്നു.

ഗംഗയിൽ മരിച്ച ദേവസ്ത്രീയുടെ ആത്മാവ് പരമശിവനെക്കണ്ട് സങ്കടം അറിയിക്കുന്നു. പരമശിവൻ കാത്തവരായനെവരുത്തി ഗുണദോഷിക്കുന്നു. ഭൂമിയിലെ ജീവിതപാശം മതിയാവാത്ത അവസ്ഥയിൽ നീ ആശിച്ച സ്ത്രീയെ അഗ്നിയിൽ സൃഷ്ടിക്കാമെന്ന് വാക്കുനൽകി തിരിച്ചയക്കുന്നു.

മാനഗരം വാഴുന്ന ആര്യപ്പൂരാജനും മലർമാല എന്ന രാജ്ഞിയ്ക്കും മക്കളില്ലാത്ത ദുഃഖം താങ്ങാൻ കഴിയുന്നില്ല. ജ്യോത്സ്യന്റെ അഭിപ്രായം മാനിച്ച് ഒരു യാഗം നടത്തുകയും അതിൽ നിന്നും തേജസ്വിയായ ഒരു പെൺകുട്ടി ഉദയം ചെയ്യുകയും ചെയ്തു. അവളാണ് ആര്യമ്മാല.

കാത്തവരായൻ തമ്പി ചിന്നാനുമൊത്ത് ആര്യമ്മാലയെ കണ്ടുമുട്ടുന്നതും, പ്രണയം മൊട്ടിടുന്നതും, അമ്മയുടെ പരീക്ഷണങ്ങളെല്ലാം നേരിട്ട് ഏഴുജന്മമെടുക്കുന്നതും അവസാനം കഴുമരത്തിൽ കാൽവെച്ച് പൂർണ്ണമായ ശാപമോക്ഷം നേടുന്നതും അവസാനം ആര്യമ്മാലയെ വിവാഹം കഴിക്കുന്നതുമായ കഥ ഒരുരാത്രി കൊണ്ട് അവതരിപ്പിച്ചുതീർക്കാൻ നന്നേ പാടുപെടാറുണ്ട്.

ആര്യപ്പൂരാജൻ രംഗത്തുവരുന്നതിനു മുൻപ് ഗായകസംഘം പാടുന്ന ഗാനത്തിലൂടെ നാടകത്തിലെ ഭാഷ മനസ്സിലാക്കാൻ കഴിയും.

"മാനഗരം തന്നിലേതാം മണിമൂടിയാനമന്നൻ
തേൻമൊഴി, കബരിമീശൈ, ശിങ്കാരമാനരൂപൻ
ദേശമെല്ലാം കൂടൈക്കുള്ളേ ദിശകെട്ടിയാളും മന്നൻ
ആരിയപ്പൂരാജൻ വരവേ....
സഭതനിൽ അനൈവരും കണ്ടുമകിഴവേ....

**കണ്യാർകളി**



നായർ സങ്കേതങ്ങളെ 'തറ'കൾ എന്നാണ് വിളിക്കാറ്. അവരുടെ ദേശത്തെ അമ്മദൈവത്തിനു മുന്നിൽ വഴിപാടായി.കളിക്കുന്നകണ്യാർകളിയ്ക്ക്'നേർച്ചക്കളി' എന്നും പേരുണ്ട്. നായർ സമുദായക്കാർ, മന്ദാടിയാർ വിഭാഗക്കാർ, തരകർ എന്നിവരാണ് ഈ കളി കുമ്പിടുക. ഏറെക്കാലം മുടങ്ങിക്കിടന്നിരുന്ന കളി ഇത്തവണ തത്തമംഗലം ദേശത്ത് നടക്കുകയുണ്ടായി.

കണിയാനെക്കൊണ്ട് നല്ലദിവസം നോക്കിച്ച് വ്രതാനുഷ്ഠാനങ്ങളോടെ, ദേശക്കാരണവരുടെ നേതൃത്വത്തിൽ കളികുമ്പിടൽ നടത്തുന്നു. രണ്ടുവിഭാഗമായി (പടിഞ്ഞാറെമുറി, കിഴക്കേമുറി). വാശിയോടെ നടത്താറുള്ള ഈ കളിയെക്കുറിച്ച് കുടൂതൽ വിവരങ്ങളടങ്ങിയ ഒരു ലേഖനം സ്മരണികയിൽ ചേർത്തിട്ടുള്ളതിനാൽ കൂടുതൽ വിശദീകരണത്തിന് മുതിരുന്നില്ല.

## പൊങ്കലുകൾ

ഐശ്വര്യത്തെ, അഭിവൃദ്ധിയെ, ഉയർച്ചയെ ഉണർത്തുന്ന വാക്കാണിത്. തമിഴകത്തിലെ 'പൊങ്കൽ' കർഷകവൃത്തിയുമായി ബന്ധപ്പെട്ട് ഭൂമിയേയും കന്നുകാലികളെയും സൂര്യനേയും പൂജിക്കുന്ന ചടങ്ങാണ്.

"നിറുത്തിനതിരു അലകു നിന്റുപയർ ഏറവേണം
ചാത്തിനതിരു അലകു കായ്ത്ത് പയിർ ഏറവേണം

നെല്ലായ് വിളയവേണം നെടുകളങ്ക ഏറവേണം
കതിരായ് വിളയവേണം കളഞ്ചിയങ്കൾ റൊമ്പ
വേണം.''

ഞാറുകൾ തഴച്ചുവളർന്ന് സമൃദ്ധമായ വിളവു
ണ്ടാവണം. ഐശ്വര്യം വർദ്ധിക്കണം എന്ന പ്രാർത്ഥയാ
ണത്.

ഉണക്കലരി, ശർക്കര, തേങ്ങ എന്നിവ ചേർത്ത്
പുത്തൻകലത്തിൽ ഉണ്ടാക്കുന്ന പൊങ്കൽ പൊന്തി
വരുമ്പോൾ വായ്ക്കുരവയിട്ട് സന്തോഷം രേഖപ്പെടു
ത്തുന്ന സ്ത്രീകൾ ഐശ്വര്യത്തെ വരവേൽക്കുകയാ
ണ്.

തത്തമംഗലത്ത് മാരിയമ്മൻ പൊങ്കലുകളാണ്
പ്രധാനം. മാരിയമ്മ മഴയുടെ ദേവതയാണ്. മഴയില്ലാ
തെ ഭൂമിയിൽ വിളയില്ലല്ലോ. വ്രതാനുഷ്ഠാനങ്ങളോടെ,
മഞ്ഞവസ്ത്രങ്ങളും പൂണുനൂലും ധരിച്ച് മഹത്വവൽ
ക്കരിക്കപ്പെട്ട മനസ്സോടെ കുംഭം (പിച്ചളക്കുടം) നിറച്ച്
ആഘോഷം ആരംഭിക്കുന്നു. ആര്യവേപ്പിലയും പൂവു
കളും കൊണ്ടും കുംഭം അലങ്കരിച്ചിരിക്കും. അതിനു
മേൽ ദൈവക്കോലം വെച്ച് അതിൽ നാരങ്ങാ മാല
ചാർത്തി അലങ്കരിക്കുന്നു. ''മൂത്താരമ്മ ചമഞ്ഞെടുക്കു
ക'' എന്നാണതിനെപറയുക. കുംഭം എടുക്കുന്നയാ
ളിൽ ദേവീചൈതന്യം ആവാഹിക്കപ്പെടുന്നു എന്നാണ്
സങ്കല്പം.

കാവുമുറ്റത്ത് കല്ലടുപ്പുകൂട്ടി അതിൽ പൊങ്കൽ
വെച്ച് ദേവിയ്ക്ക് സമർപ്പിക്കുന്നു. മാരിയമ്മൻ കോവി
ലുകളിലെല്ലാം പൊങ്കലും മാവിളക്കും വർഷാവർഷം
നടക്കുന്നു. ഇതിനോടനുബന്ധമായി കുംഭക്കളി (കര
കാട്ടം), മയിലാട്ടം, പൊയ്ക്കുതിര എന്നീ നാടൻ കല
കളും അവതരിപ്പിക്കപ്പെടാറുണ്ട്. ഭഗവതിയെ പ്രകീർ
ത്തിച്ചുകൊണ്ടുള്ള ഉടുക്കുകൊട്ടി പാട്ട് ഒരു പ്രധാന ഇ
നമാണ്. തമിഴ് ഭാഷാപാണ്ഡിത്യമില്ലാത്തവർക്കുപോ
ലും പണ്ടാരസമുദായക്കാരുടെ ഈ പാട്ടുരീതി ഇഷ്ട
പ്പെടും. നാടൻപാട്ടു ശാഖയ്ക്ക് ഇത് മുതൽക്കൂട്ടാണ്.

## ശൂരസംഹാരം

തുലാമാസത്തിലെ കറുത്തവാവിനുശേഷം വരു
ന്ന ഏഴാംദിവസമാണ് ശൂരസംഹാരം. പ്രധാനസുബ്ര
ഹ്മണ്യക്ഷേത്രങ്ങളിലെല്ലാം ശൂരസംഹാരവും അതി
നോടനുബന്ധമായി സ്കന്ദപുരാണ പാരായണവും ന
ടക്കും. തത്തമംഗലവും ഈ രണോത്സവത്തിന് വർഷാ
വർഷം വേദിയാവുന്നു.

സ്കന്ദപുരാണകഥ ഇങ്ങിനെയാണ്. ബ്രഹ്മാവി
ന്റെ പുത്രൻ കശ്യപമുനി. അദ്ദേഹത്തിന് 'തിഥി'യിലു
ണ്ടായ മക്കളെ അസുരവംശമായി കണക്കാക്കുന്നു. മ
ക്കളിൽ തലവൻ അസുരേന്ദ്രൻ. അദ്ദേഹത്തിന്റെ ഭാര്യ
യുടെ പേർ മംഗളകേശിനി. അവർക്ക് സരസ എന്ന അ
തിസുന്ദരിയായ മകളുണ്ടായി. അസുരകുലഗുരുവായ
ശുക്രാചാര്യന് വേണ്ടി ആവശ്യമുള്ള സൗകര്യങ്ങൾ
ചെയ്തുകൊടുക്കുവാൻ അസുരേന്ദ്രനാൽ നിയോഗി
ക്കപ്പെട്ടത് സുരസയെയാണ്. അവളിൽ സംപ്രീതനായ
ശുക്രാചാര്യൻ വിവിധ വിദ്യകൾ അവളെ പഠിപ്പിച്ചു.
മായാവിദ്യയിൽ സമർത്ഥയാക്കി. 'മായ' എന്ന പേരും
നൽകി.

ബ്രഹ്മാവിന്റെ പുത്രർക്ക് നല്ലതെല്ലാം നിഷേധി
ക്കപ്പെട്ടതിലും, താഴ്ന്ന സ്ഥാനം നൽകിയതിലും
ശുക്രാചാര്യൻ കുണ്ഠിതനായി. ധീരവീരപരാക്രമി
കൾക്ക് ജന്മം നൽകാൻ മായയെ ചുമതലപ്പെടുത്തി.
ഗുരുവിന്റെ ആജ്ഞ അവൾ ഏറ്റെടുത്തു. വൃദ്ധമുനി
യെ യുവകോമളനും ശക്തിമാനുമാക്കി മാറ്റിക്കൊണ്ട്
മായ തന്റെ കർത്തവ്യത്തിൽ മുഴുകി. രാവിന്റെ ആദ്യ
യാമണ്ടത്തിലെ വേഴ്ചയിൽ അവൾക്ക് ശൂരപത്മൻ
എന്ന മകനുണ്ടായി. രണ്ടാംയാമത്തിൽ സിംഹരൂപം
ധരിച്ച് സംഭോഗത്തിൽ ഏർപ്പെട്ടപ്പോൾ സിംഹമുഖൻ
പിറന്നു. ഗജരൂപം പൂണ്ട് ഇണചേർന്നപ്പോൾ ഗജമു
ഖൻ ഉണ്ടായി. അജരൂപം പൂണ്ട് ഇണചേർന്നപ്പോൾ
അജാമുഖി എന്ന പുത്രി ജനിച്ചു. അവളിലൂടെ ആയിര
ങ്ങൾ ജന്മമെടുത്തു. അങ്ങിനെതന്റെ കടമ നിറവേറ്റി
സരസ മായാശക്തിയാൽ മറഞ്ഞു. മക്കൾ അതിശക്ത
മായ തപസ്സിലൂടെ ബ്രഹ്മാവ്, വിഷ്ണു, മഹേശ്വരൻ
എന്നിവരുടെ കയ്യിൽ നിന്നും ദിവ്യായുധങ്ങൾ നേടി
ദേവന്മാർക്ക് ഭീഷണിയായി മാറി. സംഘട്ടനങ്ങളി
ലെല്ലാം ദേവന്മാരുടെ ഭൂതപ്പട തോറ്റുകൊണ്ടേയിരുന്നു.
ദേവേന്ദ്രൻ മഹേശ്വരന്റെ കാൽക്കൽ അഭയം തേടി.
ദേവന്മാരേയും നിലനിർത്തേണ്ടതിനാൽ അവരെ രക്ഷി
ക്കുവാൻ തന്റെ പുത്രനെനിയോഗിച്ചു. ബാലനായ
സുബ്രഹ്മണ്യൻ ദേവസേനാനിയായി. ബ്രഹസ്പതി
യിൽ നിന്നും അസുരഗോത്രചരിത്രം മനസ്സിലാക്കിയ
സുബ്രഹ്മണ്യൻ അസുരനിഗ്രഹം ഏറ്റെടുത്തു. യുദ്ധം
തുടങ്ങി. ആകാശവും ഭൂമിയും പാതാളവും സമുദ്രവു
മെല്ലാം യുദ്ധക്കളങ്ങളായി. അസുരകുലത്തെ നിഗ്രഹി
ക്കുന്ന ഈ സംഭവം നമുക്ക് ശൂരൻ പോരാവുന്നു.

തത്തമംഗലം അങ്ങാടി മുതൽ ചിറ്റൂർ പുഴവരെ
അരങ്ങേറുന്ന ഈ രണോത്സവം വർഷാവർഷം
ഇവിടെ നടക്കുന്നു.

## മുളക്കൊട്ട്

തമിഴ് സംസ്കാരത്തിന്റെ ഭാഗമായി നമുക്ക്
ലഭിച്ച നാടൻ കലാരൂപമാണ് മുളക്കൊട്ട്. ആടിമാസ
ത്തിലെ മുപ്പട്ടു വെള്ളിയാഴ്ചയോ അതിനു തൊട്ട്
വരുന്ന വെള്ളിയാഴ്ചയോ ആണ് മുളക്കൊട്ടുത്സവം



നടത്തുക. തത്തമംഗലം അരംഗം റോഡിലെ മാരിയ
മ്മൻ കോവിലിലും, രാജപ്പൻ തെരുവിലെ മാരിയമ്മൻ
കോവിലിലും ചാലമാരിയമ്മൻ കോവിലിലും മുള
ക്കൊട്ട് (മുളക്കെട്ട് എന്നുംപറയും) നടക്കുന്നു.

ദേശപ്രമാണിമാരെല്ലാം ഈ ഉത്സവത്തിന്റെ
കാൽനാട്ടുകർമ്മം മുതൽ അവസാനചടങ്ങുവരെ
കൂടെയുണ്ടാവും. ഉത്സവം കൂറയിട്ടു കഴിഞ്ഞാൽ നവ
ധാന്യങ്ങൾ മുളപ്പിക്കാനുള്ള പാത്രങ്ങൾ തയ്യാറാക്കു
ന്നു. നെല്ല്, പയർ, ഉഴുന്ന്, മുതിര, കടല, തുവര, കടുക്,
എള്ള്, റാഗി (കോറ) എന്നീ ധാന്യങ്ങൾ കച്ചവടക്കാ
രിൽ നിന്നും സൗജന്യമായി സംഭരിക്കുന്നു. മണ്ണുനിറ
ച്ച പാത്രങ്ങളിൽ വിതറി നനച്ച് മുകളിൽ ചെറുതായി വ
യ്ക്കോൽ വിരിക്കുന്നു. എല്ലാദിവസവും നനയ്ക്കുക
യും രണ്ടുനേരം പൂജ നടത്തുകയും ചെയ്യും. എട്ടാം
നാൾ സമാപനദിനമാണ്. എട്ടു ദിവസവും ആബാല
വൃദ്ധം ജനങ്ങളും അണിചേർന്ന് വട്ടക്കളി നടത്തും.
ഇതിൽ സ്ത്രീകളുടെ പങ്കാളിത്തം സജീവമാണ്. എട്ടാം

ദിവസം കൊടിയിറക്കുന്ന ദിവസം കോഴിയും ആടുമൊക്കെ അറുത്തു പൂജ പതിവുണ്ടായിരുന്നു. ഇപ്പോൾ ഇളവൻ മുറിച്ച് മുറിവായിൽ ചുണ്ണാമ്പും മഞ്ഞളും തേയ്ച്ച് രക്തവർണ്ണം സൃഷ്ടിക്കുന്നു. മുളച്ച നവധാന്യങ്ങളെ സ്ത്രീകൾ താലങ്ങളിലെടുത്ത് വാദ്യഘോഷത്തോടെ ഊരുചുറ്റി ആറ്റിലേയ്ക്കൊഴുക്കുന്നു.

നിത്യേനനടത്തുന്ന വട്ടക്കളി അതിമനോഹരമാണ്. മുൻതരിക്, പിൻതരിക്, ചുറ്റുകാൽ വെച്ച് ഒന്നുമുതൽ ആറുപെരുക്കമിട്ടാണ് കളിക്കുക. തവിൽ, ജാലറ എന്നീ വാദ്യോപകരണങ്ങളുടെ അകമ്പടിയോടെ കുമ്മി നടക്കുന്നു. മുളക്കൊട്ടിന്റെ വിശേഷം വർണ്ണിക്കുന്ന ഗാനം നോക്കുക.

തന്നേ... നന്നാ.... താനേനന്നാ.... തൈതാ....
തന്നേ... നന്നാ... ഞാനേനന്നാ... തൈതാ....
താനിയങ്കൾ സന്നിധിയിൽ കൊണ്ടുവന്ത് തൈ... താ...
താനിയങ്കൾ തന്നെയെല്ലാം... തൈ... താ...
നന്നയമായ് വേർതിരിച്ച്... തൈ... താ...
നനയ്ത്തു വെയ്ത്താർ തനിത്തനിയായ്... തൈ.... താ...
വയ്ത്തിരുന്ത പിൻപുതന്നൈ.... തൈ.... താ...
മറുതിനാംപൊവ്വായ് തന്നിലേ.... തൈ... താ....
ഉത്തമിതൻ പൂശൈപണ്ണി.... തൈ... താ....
ഓങ്കുംമുളൈ പാലികയിൽ.... തൈ... താ....
പാലികയിൽ വൈയ്ക്കോലയും.... തൈ... താ...
പരത്തി എരുപൊടിയുമിട്ടാർ.... തൈ... താ....
കോലമുടൻ താനിയമെല്ലാം കുതിർത്തപടിപരത്തിയിട്ടാർ
പരത്തിയിട്ട മുളകളുക്ക്... പരുവമായ് നീർതെളിത്ത്.
കുളിർത്തുവരും മുളൈകളുക്ക് കളിപ്പുടനേ വളർത്തിവന്താർ....

അങ്ങിനെവളർന്നുവന്ന മുളകളെ പൂക്കളെക്കൊണ്ട് അലങ്കരിച്ച് ഒരു കോഴിയെ ബലികൊടുത്ത്പൂജചെയ്യുന്നു. ഇങ്ങിനെപൂജ ചെയ്യുന്നവർക്ക് വലിയ പ്രസിദ്ധിയും നന്മയും ഉണ്ടാവും, നൃത്തം ചെയ്യുന്ന നാരിമാർക്കെല്ലാം 'നൽവാഴ്വ്' ലഭിക്കും എന്നും പറയുന്നു.



പുതുമുള ജീവചൈതന്യ പ്രതീകമാണ്. അതിനെപൂജിച്ച് ഭൂമിയെ ആരാധിച്ച് നന്മയെ വരവേൽക്കുക എന്നത് മനുഷ്യ സംസ്കാരം ഉടലെടുത്ത കാലം മുതൽ നിലനിൽക്കുന്ന ആചാരമാണ്. കോലടിയും കുമ്മിയും പാട്ടും കൊട്ടും താളവുമെല്ലാം ആരാധനയുടെ ഭാഗമാവുന്നു. തമിഴും മലയാളവും തെലുങ്കും, കന്നഡയുമെല്ലാം പരാശക്തിയുടെ മഹിമയ്ക്കു മുന്നിൽ നമിക്കുന്നു. ഐശ്വര്യത്തിനും സുഭിക്ഷതയ്ക്കും വഴിതുറക്കാനുള്ള വിശ്വാസത്തിനു മുന്നിൽ മണ്ണും മനുഷ്യനും പ്രകൃതിശക്തിയുടെ ഭാഗമാവുന്നു.

**അങ്ങാടിവേല**

ഒന്നിടവിട്ടുള്ള വർഷങ്ങളിൽ അതിഗംഭീരമായി നടത്തുന്ന "കടവേ"ലയെക്കുറിച്ച് പരാമർശിക്കാതെ ഈ ലേഖനം പൂർത്തിയാവുകയില്ല. തമിഴ് വംശജരുടെ കൂട്ടായ്മയിൽ, പൂർണ്ണ നിയന്ത്രണത്തിലാണ് വേല നടക്കുന്നതെങ്കിലും എല്ലാ ജാതിമത വിഭാഗക്കാരെയും പങ്കാളികളാക്കാൻ ശ്രദ്ധിക്കാറുണ്ട്. മുസ്ലീം സമുദായത്തിലെ മൂപ്പൻ വീട്ടുകാരിലെ കാരണവരുടെ അനുവാദത്തോടെയാണ് തുടക്കം കുറിക്കുക. പതിനാലു ദിവസത്തെ വേലയുടെ ആദ്യത്തെ ഏഴുദിവസം കരിവേലയാണ്. കരിവേഷങ്ങളാണ് രംഗത്തുണ്ടാവുക. അതിന്റെ അവസാനനാൾ, അതായത് ഏഴാം ദിവസം "കുതിരയോട്ടം" നടക്കും. അയൽ സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന പന്തയക്കുതിരകൾ നാട്ടുകാരായ നടത്തിപ്പുകാർ ഓടിക്കുന്നതു കാണാൻ തത്തമംഗലം ദേശവാസികളെല്ലാം അങ്ങാടിയിൽ ഒത്തുകൂടും. കേരളത്തിൽ തന്നെ അപൂർവ്വമായ കുതിരയോട്ടമത്സരപ്രകടനമാണിത്.

അതിനുശേഷം വരുന്ന ഏഴു ദിവസം "പൊൻവേല"യാണ്. വണ്ടിവേഷങ്ങളുടെ (ടാബ്ലോ ഇപ്പോൾ ട്രാക്ടർ ട്രെയിലറും, പെട്ടി ഓട്ടോയും ഒക്കെയായി മാറിയിരിക്കുന്നു.) കമനീയതയും എണ്ണവും ഓരോ ദിവസവും വർദ്ധിച്ചുകൊണ്ടിരിക്കും. എല്ലാദിവസങ്ങളിലും കലാപരിപാടികളും അരങ്ങേറും. പതിന്നാലാം ദിവസം, അതായത് സമാപനദിവസം ആനയെഴുന്നള്ളത്ത് (അമ്പതിലധികം ഗജവീരന്മാരെ അണിനിരത്താറുണ്ട്). തട്ടിന്മേൽക്കൂത്ത്, പഞ്ചവാദ്യം, തായമ്പക - അങ്ങിനെ അരങ്ങു കൊഴുപ്പിക്കുന്ന ഒരുപാട് കാഴ്ചകൾ ഉണ്ടാവും.

തത്തമംഗലം എന്ന ചെറിയ പ്രദേശത്തിന് ഇത്രമാത്രം വൈചിത്ര്യമുള്ള കലാരൂപങ്ങൾ അരങ്ങിലെത്താറുണ്ടെന്നത് അത്ഭുതം തന്നെ. ഇതോടൊപ്പം ഗ്രാമത്തിലെ കുളത്തേരും പള്ളികളുടെ ഉത്സവങ്ങളും കൂടിച്ചേരുമ്പോൾ ചിത്രം പൂർത്തിയാവുന്നു.

മൺമറഞ്ഞുപോയ ഒട്ടേറെ കലാകാരന്മാർ തത്തമംഗലത്തിന് കീർത്തി ധാവള്യം നേടിത്തന്നിട്ടുണ്ട്. ഇലങ്കൈ രാവണേശ്വരൻ എന്ന ബിരുദനാമത്താലറിയപ്പെടുന്ന തവിൽ വാദ്യവിദ്വാൻ കൃഷ്ണസ്വാമി എന്ന പൊന്നൻ ശേർവ്വയും നാദസ്വര വിദ്വാൻ ദക്ഷിണാമൂർത്തിയും ഇവിടെ കലയുടെ കനകച്ചിലമ്പിട്ടാടിയ മഹാന്മാരാണ്. കവി ചെറുശ്ശേരി മാധവമേനോന്റെ തട്ടകമാണ് തത്തമംഗലം. അവരുടെയെല്ലാം ഓർമ്മയ്ക്കു മുൻപിൽ കൈകൂപ്പി നിന്ന് തത്തമംഗലം ദേശത്തിന്റെ നാടൻകലാപാരമ്പര്യത്തിന്റെ പെരുമയെക്കുറിച്ചുള്ള ഈ ലേഖനം അവസാനിപ്പിക്കുന്നു.

കവിത

# തപസ്സ്

തങ്കപ്പൻ, പെരുമ്പളം



മഞ്ഞായ് തപസ്സിന്നിരുന്നു ഞാ-
നുരുകുന്നു വെയിലേറ്റ്
മഴയായി, പുഴയായിട്ടൊഴുകിപിന്നെ
കടലായി, കാറ്റിലൂടലറി ഞാൻ, കരൾ നീറി
കരിമുകിലാവിയായ് പൊന്തിവീണ്ടും
നിപതിക്കയാണൊരു ഗർത്തത്തിൽ
നിയതി തൻ
നിരുപമ നാടകകാവ്യത്തിന്നന്ത്യരംഗം.
ശുഭ്രമാം ശൂന്യതയ്ക്കുള്ളിൽ തിരഞ്ഞുഞാൻ
കൂരിരുൾ കൂമ്പാരമാണു സർവ്വം.
കൽപാന്തകാല മലഞ്ഞു തിരിഞ്ഞതും
ശിൽപങ്ങൾതോറും തിരഞ്ഞുമടുത്തതും
മേൽക്കുമേൽ വന്ന വിനകൾ മറന്നതും
നഷ്ട സ്വർഗ്ഗത്തിൻ വഴികൾമാത്രം
സന്തതം നീ മമ സഹചാരിയാത്മാവായ്
ചിന്തിപ്പൂ, സർവ്വം നിൻ മായയല്ലോ
വിഭ്രമം കൊണ്ടെന്റെ ചിത്തം വികലമായ്-
ത്തീരാതിരിക്കാൻ തുണയ്ക്കയെന്നും.



...ാഗത ഗാനം – അംബികയും സംഘവും



സ്വാഗതം – കെ. വിശ്വം



ഡോക്ടർ കൃഷ്ണമൂർത്തി



ഉണ്ണികൃഷ്ണൻ മാസ്റ്റർ



പി.ബാലൻ



പി.ജി. ഗിരിജാവല്ലഭൻ



കെ. സുകുമാരൻ



കണ്ണൻകുട്ടി മേനോൻ



എസ്. ദിനേശ്



വി. ബാലകൃഷ്ണൻ



ബാലസുബ്രഹ്മണ്യൻ



രാജൻ മാസ്റ്റർ












ശിവരാമൻ മാസ്റ്റർ



ടി. രാധാകൃഷ്ണൻ



ടി. എസ്. തിരുവെങ്കിടം



ശ്യാംപ്രസാദ്



അബ്ബാസ്



കെ. മണി മാസ്റ്റർ



കൃഷ്ണപ്പിള്ള



ഡോക്ടർ മാധവനുണ്ണി



സനൽകുമാരമേനോൻ




പേച്ചിമുത്തു മാസ്റ്റർ



സഭാപതി മാസ്റ്റർ



രത്നവേൽ മാസ്റ്റർ











എൻ. വിശ്വംഭരൻ



കെ.നാരായണൻ മാസ്റ്റർ



പി. വിജയലക്ഷ്മി



അശോകൻ



എസ്. വി. സന്തോഷ്



രഞ്ജിനി



കെ. ചെന്താമര



പത്മശ്രീ , ഡോ: രാജഗോപാൽ




തമിഴ്കവി ശിർപി ബാലസുബ്രഹ്മണ്യം [illegible] ശ്രീമതി രാജേശ്വരിയെ ഏൽപ്പിക്കുന്നു.

**ടി.എ. വിശ്വനാഥൻ**

കാർഷിക മേഖലയിൽ പുരാതന ആചാരാനുഷ്ഠാനങ്ങൾ തെറ്റാതെ അനുവർത്തിച്ചുവരികയും പൈതൃകമായ നെൽകൃഷി അന്യം നിന്നുപോകാതെ കാത്തു സൂക്ഷിക്കുകയും ചെയ്യുന്ന ഒരു പ്രദേശമാണ് തത്തമംഗലം. കൃഷിയെ ഒരുയജ്ഞമായിട്ടാണ് വേദകാലത്ത് കണ്ടിരുന്നത്. അത്രക്ക് പുണ്യകർമ്മമായിരുന്നു ഇത്. കർഷകൻ ദേവ തുല്യനായിരുന്നു എന്ന് വേദങ്ങളിൽ പറയുന്നു. മനു ആണത്രേ കർഷകവൃത്തിയുടെ ഉപജ്ഞാതാവ്. അശ്വനിദേവകളിൽ നിന്നാണ് മനു കൃഷിപാഠം പഠിച്ചത്. ഇതിനെകുറിച്ചെല്ലാം ഋഗ്വേദത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. ഹൃദയശുദ്ധിയുള്ളവനേ കൃഷിക്കാരനാകൂ എന്ന് പരശുരാമൻ പറഞ്ഞിട്ടുണ്ട്. പഴയ കർഷകൻ പ്രകൃതിയെ അറിയുന്നവനായിരുന്നു. മണ്ണിനെ സ്നേഹിച്ചു വിണ്ണിനെനോക്കിയാണ് അവൻ കൃഷിചെയ്തിരുന്നത്. സമൂഹത്തിനെഊട്ടുന്നത് കർഷകനാണ്. അതിനാൽ എന്തു ത്യാഗം സഹിച്ചും നമ്മുടെ പൂർവ്വികർ നെൽകൃഷിയെ സംരക്ഷിച്ചുവന്നിരുന്നു. നെൽപാടങ്ങൾ ജലസ്രോതസ്സുകളാണ്. തലക്കുളങ്ങൾ കർഷകൻ സംരക്ഷിച്ചുവരുന്നു. പൗരാണികവും ആധുനികവുമായ കൃഷിരീതികൾ കാലത്തിന്റെ മാറ്റമനുസരിച്ച് നടപ്പിലാക്കുമ്പോഴും നമ്മുടെ പൈതൃകമായ നമ്മുടെ കൃഷിരീതികൾക്ക് കുറവ് ഒന്നും വന്നിട്ടില്ലെന്ന് തന്നെ പറയാം. അതുകൊണ്ടായിരിക്കും മേട മാസം 1 -ാം തിയ്യതി വിഷു ദിവസം കാർഷിക വർഷാരംഭത്തിന് തുടക്കം കുറിക്കുന്നതും . മേടത്തിൽ ആരംഭിച്ച് മീനമാസത്തോടെ അവസാനിക്കുന്നതുമാണ് കർഷകകലണ്ടർ. കാർഷിക സ്മൃതികൾ ഉണർത്തുന്ന ചിലകാര്യങ്ങൾ ഇവിടെ സമർപ്പിക്കുകയാണ്.

### വിഷു : മേടം ഒന്ന് വിഷു പുണ്യദിനമാണ്

പുതുമഴപെയ്യുമ്പോൾ പുതുവർഷം പിറക്കുന്നു എന്നാണ് കേരളക്കരയിലെ കർഷകന്റെ അടിയുറച്ച വിശ്വാസം. വിളവെടുപ്പിന്റെ സമൃദ്ധിയിലാണ്ഓണം ആഘോഷിക്കുന്നതെങ്കിൽ വിളയിറക്കാനുള്ള തയ്യാറെടുപ്പിന്റെ ഉത്സവമാണ് വിഷു. കൊടിയവേനലേറ്റു തപിച്ചു കിടക്കുന്ന ഭൂമി പുതുമഴയേറ്റു തണുക്കുമ്പോൾ കിളച്ചും, ഉഴുതുമറിച്ചും കൃഷിയിറക്കാൻ കർഷകർ പാടത്തേക്കിറങ്ങുന്നു.മണ്ണിൽ കനകം വിളയിക്കാനുള്ള കർഷകന്റെ ശ്രമങ്ങൾ ആരംഭിക്കുന്നതും കർഷകന്റെ പുതുവർഷാരംഭദിനമായ വിഷുവിനുതന്നെ. കൃഷിയുമായി ബന്ധപ്പെട്ട ഒട്ടേറെ ചടങ്ങുകൾ വിഷുവിനുണ്ട്. ചാലു കീറലാണ് ഇതിൽ പ്രധാനം. പാടത്തു പണിയെടുക്കുന്നവർ അവരുടെ തലമുതിർന്നവരിലൂടെ ഭൂമിപൂജചെയ്ത് പണിയായുധങ്ങൾ കർഷകന് നൽകുന്നു. അദ്ദേഹം അതുകൊണ്ട് മൂന്നുചാലു കീറും. കന്നും കലപ്പയും ഉണ്ടെങ്കിൽ കലപ്പകൊണ്ട് ഉഴുതു ചാലിടുന്നു. സൂര്യനെനോക്കിതൊഴുത് ഭൂമിയും തൊട്ടു വണങ്ങി വിത്ത് വിതക്കുന്നു. കൃഷിയുടമയും പണിക്കാരും തമ്മിലുള്ള കൂറു ഉറപ്പിക്കാനും ഉടമ്പടി പുതുക്കാനും ഉള്ള സന്ദർഭമാണ് ഇവിടെ ഉണ്ടാകുന്നത്. വിഷുപ്പക്ഷിയുടെ പാട്ടിനെ വിത്തും കൈക്കോട്ടും എന്ന നുകരിക്കുമ്പോൾ ഈ വസ്തുതകളോർക്കേണ്ടതുണ്ട്. മധുരസ്മരണകൾ പുഃനസൃഷ്ടിക്കപ്പെടുന്ന വിഷുആഘോഷവേള സുഖവും ശാന്തിയും സൃഷ്ടിക്കുന്നു.

### കർക്കിടകം

കർഷകന്റെ വീടും പരിസരവും അടിച്ചു തളിച്ചു ചേട്ടയെ പുറത്താക്കി ശ്രീദേവിയെ (ശ്രീപോതിയെ) കുടിയിരുത്തി നിലവിളക്കു തെളിയിച്ചു മച്ചിൽ പൂജിച്ചുവരുന്നു. കർക്കിടകം 30 വരേയും ഇതു തുടരുന്നു. ദിവസവും മുറ്റത്തു ചാണകം മെഴുകി പൂക്കളം ഇടുന്നു. ഇത് ഐശ്വര്യത്തിന്റെ പ്രതീകമായി കണക്കാക്കി വരുന്നു.

### നിറയും പുത്തരിയും
### ഇല്ലം നിറ വല്ലംനിറ വട്ടിനിറ

കർക്കിടകത്തിലെ അമാവാസികഴിഞ്ഞു വരുന്ന ഞായറാഴ്ചയാണ് കർഷകഭവനങ്ങളിൽ നിറയും പുത്തരിയും നടത്തുന്നത്. ചിങ്ങത്തിൽ വിരിപ്പു വിള കൊയ്തു തുടങ്ങും. അതിനുമുമ്പായി പാകമായ നെൽകതിരുകൾ ആദ്യം കൊണ്ടുവരികയും മഹാലക്ഷ്മിയായി ഭവനത്തിൽവെച്ചു നിറപൂജ ചെയ്യുന്ന പതിവും ഇന്നും തത്തമംഗലം ദേശത്തു നടന്നുവരുന്നു. അതിരാവിലെകുളിച്ച് ശുഭ്രവസ്ത്രധാരിയായി കർഷകന്റെ വിശ്വസ്തനായ തലമൂതിർന്ന പണിക്കാരൻ കണ്ടത്തിലിറങ്ങി കതിരുകൾ അരിഞ്ഞുകെട്ടി തലയിൽവെച്ച്

ടി.എ. വിശ്വനാഥൻ

കാർഷിക മേഖലയിൽ പുരാതന ആചാരാനു
ഷ്ഠാനങ്ങൾ തെറ്റാതെ അനുവർത്തിച്ചുവരികയും പൈ
തൃകമായ നെൽകൃഷി അന്യം നിന്നുപോകാതെ കാ
ത്തു സൂക്ഷിക്കുകയും ചെയ്യുന്ന ഒരു പ്രദേശമാണ്
തത്തമംഗലം. കൃഷിയെ ഒരുയജ്ഞമായിട്ടാണ് വേദ
കാലത്ത് കണ്ടിരുന്നത്. അത്രക്ക് പുണ്യകർമ്മമായിരു
ന്നു ഇത്. കർഷകൻ ദേവ തുല്യനായിരുന്നു എന്ന് വേദ
ങ്ങളിൽ പറയുന്നു. മനു ആണത്രേ കർഷകവൃത്തിയു
ടെ ഉപജ്ഞാതാവ്. അശ്വനിദേവകളിൽ നിന്നാണ് മനു
കൃഷിപാഠം പഠിച്ചത്. ഇതിനെകുറിച്ചെല്ലാം ഋഗ്വേദത്തി
ൽ പ്രതിപാദിച്ചിട്ടുണ്ട്. ഹൃദയശുദ്ധിയുള്ളവനേ കൃഷി
ക്കാരനാകൂ എന്ന് പരശുരാമൻ പറഞ്ഞിട്ടുണ്ട്. പഴയ
കർഷകൻ പ്രകൃതിയെ അറിയുന്നവനായിരുന്നു.
മണ്ണിനെ സ്നേഹിച്ചു വിണ്ണിനെനോക്കിയാണ് അവൻ
കൃഷിചെയ്തിരുന്നത്. സമൂഹത്തിനെഊട്ടുന്നത്
കർഷകനാണ്. അതിനാൽ എന്തു ത്യാഗം സഹിച്ചും
നമ്മുടെ പൂർവ്വികർ നെൽകൃഷിയെ സംരക്ഷിച്ചുവന്നി
രുന്നു. നെൽപാടങ്ങൾ ജലസ്രോതസ്സുകളാണ്. തലക്കു
ളങ്ങൾ കർഷകൻ സംരക്ഷിച്ചുവരുന്നു. പൗരാണിക
വും ആധുനികവുമായ കൃഷിരീതികൾ കാലത്തിന്റെ
മാറ്റമനുസരിച്ച് നടപ്പിലാക്കുമ്പോഴും നമ്മുടെ പൈതൃ
കമായ നമ്മുടെ കൃഷിരീതികൾക്ക് കുറവ് ഒന്നും
വന്നിട്ടില്ലെന്ന് തന്നെ പറയാം. അതുകൊണ്ടായിരിക്കും
മേട മാസം 1 -ാം തിയ്യതി വിഷു ദിവസം കാർഷിക
വർഷാരംഭത്തിന് തുടക്കം കുറിക്കുന്നതും . മേടത്തിൽ
ആരംഭിച്ച് മീനമാസത്തോടെ അവസാനിക്കുന്നതുമാ
ണ് കർഷകകലണ്ടർ. കാർഷിക സ്മൃതികൾ ഉണർ
ത്തുന്ന ചിലകാര്യങ്ങൾ ഇവിടെ സമർപ്പിക്കുകയാണ്.

## വിഷു : മേടം ഒന്ന് വിഷു പുണ്യദിനമാണ്

പുതുമഴപെയ്യുമ്പോൾ പുതുവർഷം പിറക്കു
ന്നു എന്നാണ് കേരളക്കരയിലെ കർഷകന്റെ അടിയുറ
ച്ച വിശ്വാസം. വിളവെടുപ്പിന്റെ സമൃദ്ധിയിലാണ്ഓണം
ആഘോഷിക്കുന്നതെങ്കിൽ വിളയിറക്കാനുള്ള
തയ്യാറെടുപ്പിന്റെ ഉത്സവമാണ് വിഷു. കൊടിയവേന
ലേറ്റു തപിച്ചു കിടക്കുന്ന ഭൂമി പുതുമഴയേറ്റു തണുക്കു
മ്പോൾ കിളച്ചും, ഉഴുതുമറിച്ചും കൃഷിയിറക്കാൻ കർഷ
കർ പാടത്തേക്കിറങ്ങുന്നു.മണ്ണിൽ കനകം വിളയിക്കാ
നുള്ള കർഷകന്റെ ശ്രമങ്ങൾ ആരംഭിക്കുന്നതും കർ
ഷകന്റെ പുതുവർഷാരംഭദിനമായ വിഷുവിനുതന്നെ.
കൃഷിയുമായി ബന്ധപ്പെട്ട ഒട്ടേറെ ചടങ്ങുകൾ വിഷു
വിനുണ്ട്. ചാലു കീറലാണ് ഇതിൽ പ്രധാനം. പാടത്തു
പണിയെടുക്കുന്നവർ അവരുടെ തലമുതിർന്നവരിലൂടെ
ഭൂമിപൂജചെയ്ത് പണിയായുധങ്ങൾ കർഷകന്
നൽകുന്നു. അദ്ദേഹം അതുകൊണ്ട് മൂന്നുചാലു കീറും.
കന്നും കലപ്പയും ഉണ്ടെങ്കിൽ കലപ്പകൊണ്ട് ഉഴുതു ചാ
ലിടുന്നു. സൂര്യനെനോക്കിതൊഴുത് ഭൂമിയും തൊട്ടു
വണങ്ങി വിത്ത് വിതക്കുന്നു. കൃഷിയുടമയും പണി
ക്കാരും തമ്മിലുള്ള കൂറു ഉറപ്പിക്കാനും ഉടമ്പടി പുതു
ക്കാനും ഉള്ള സന്ദർഭമാണ് ഇവിടെ ഉണ്ടാകുന്നത്. വി
ഷുപ്പക്ഷിയുടെ പാട്ടിനെ വിത്തും കൈക്കോട്ടും എന്ന
നുകരിക്കുമ്പോൾ ഈ വസ്തുതകളോർക്കേണ്ടതുണ്ട്.
മധുരസ്മരണകൾ പുഃനസൃഷ്ടിക്കപ്പെടുന്ന വിഷുആ
ഘോഷവേള സുഖവും ശാന്തിയും സൃഷ്ടിക്കുന്നു.

## കർക്കിടകം

കർഷകന്റെ വീടും പരിസരവും അടിച്ചു
തളിച്ചു ചേട്ടയെ പുറത്താക്കി ശ്രീദേവിയെ (ശ്രീപോതി
യെ) കുടിയിരുത്തി നിലവിളക്കു തെളിയിച്ചു മച്ചിൽ
പൂജിച്ചുവരുന്നു. കർക്കിടകം 30 വരേയും ഇതു തുടരു
ന്നു. ദിവസവും മുറ്റത്തു ചാണകം മെഴുകി പൂക്കളം
ഇടുന്നു. ഇത് ഐശ്വര്യത്തിന്റെ പ്രതീകമായി കണ
ക്കാക്കി വരുന്നു.

## നിറയും പുത്തരിയും
## ഇല്ലം നിറ വല്ലംനിറ വട്ടിനിറ

കർക്കിടകത്തിലെ അമാവാസികഴിഞ്ഞു
വരുന്ന ഞായറാഴ്ചയാണ് കർഷകഭവനങ്ങളിൽ നിറ
യും പുത്തരിയും നടത്തുന്നത്. ചിങ്ങത്തിൽ വിരിപ്പു
വിള കൊയ്തു തുടങ്ങും. അതിനുമുമ്പായി പാകമായ
നെൽകതിരുകൾ ആദ്യം കൊണ്ടുവരികയും മഹാല
ക്ഷ്മിയായി ഭവനത്തിൽവെച്ചു നിറപൂജ ചെയ്യുന്ന പതി
വും ഇന്നും തത്തമംഗലം ദേശത്തു നടന്നുവരുന്നു.
അതിരാവിലെകുളിച്ച് ശുഭ്രവസ്ത്രധാരിയായി കർഷക
ന്റെ വിശ്വസ്തനായ തലമൂതിർന്ന പണിക്കാരൻ കണ്ട
ത്തിലിറങ്ങി കതിരുകൾ അരിഞ്ഞുകെട്ടി തലയിൽവെച്ച്

കർഷകന്റെ ഭവനത്തിൽ സജ്ജമാക്കിവെച്ച അരിമാവ ണിഞ്ഞ മുറ്റത്ത് നിലവിളക്കിന്റെ മുന്നിൽ പീഠത്തിൽ വെച്ച ഇലകളിലും, പുഷ്പങ്ങൾക്കും മുകളിൽ വെക്കു ന്നു. തുടർന്ന് അവിലും മലരും പഴവും നാളികേരവും വെച്ച് കതിർ പൂജചെയ്യുന്നു. തുടർന്ന് കതിരെടുത്ത് ചാ ണകത്തിൽ പറ്റ് ഉണ്ടാക്കി ഭവനങ്ങളിൽ കട്ടിളകളിൽ പതിച്ചുവെക്കുന്നു. ഈ കതിർ മണിയിൽ നിന്നും ഏതാ നും പഴുത്ത മണികൾ ഇട്ടു പായസം വെച്ചുസുഖസമൃ ദ്ധമായ ഭക്ഷണം കർഷകരും പണിക്കാരും കൂടിക്കഴി ക്കുന്നു.

### തിരുവോണം

പണ്ടുകാലത്ത് കൃഷിയിൽ അധിഷ്ഠിതമായി രുന്ന ജീവിതത്തിൽ ആഘോഷിച്ചിരുന്ന ഒരു വിളവെടു പ്പ് ഉത്സവമായിരുന്നു ഓണം. കാർഷിക കേരളത്തിന്റെ സമൃദ്ധിയുടേയും, നിറവിന്റേയും ഉത്സവമാണ് ഓണം. ഒപ്പം നന്മയുടേയും, ഒത്തുചേരലിന്റേയും, പങ്കുവക്കലി ന്റേയും കൂട്ടായ്മകൂടിയാണ് ഓണം. തങ്ങളുടെ അദ്ധ്വാ നത്തിന്റെ ഒരു പങ്ക് ജന്മിക്ക് കാഴ്ചയായും, കാർഷിക വിഭവങ്ങളായും നൽകുമ്പോൾ തിരിച്ച് തന്റെ സ്നേ ഹം സമൃദ്ധമായ സദ്യ, വസ്ത്രങ്ങൾ എന്നിവയിലൂടെ ജൻമിയും പങ്കുവെയ്ക്കുന്നു. ഇപ്പോൾ ജൻമി കുടിയാ ൻ ബന്ധമില്ല. പക്ഷെ പങ്കുവെയ്ക്കലും കൂട്ടായ്മയും ഇന്നുംനിലനിൽക്കുന്നു.ഓണംവിളവെടുപ്പുത്സവമാണ്

### കന്നിയിലെ ആയില്യം – മകം

ഭൂമിദേവിയുടെ പിറന്നാളാണ് കന്നിയിലെ മ കം. ആയില്യം പക്ഷി മൃഗാദികൾക്കും, ഭൂമിയിലുള്ള സർപ്പങ്ങൽക്കും പൂജനടത്തി ആഘോഷവേളയായി അംഗീകരിച്ചു വരുന്നു. ആയില്യം നാളിൽ കന്നുകാലി കളെ കുളിപ്പിച്ച് മാക്കുറി (അരിമാവിൻകുറി) അണിയി ക്കുന്നു. മകം നാളിൽ മഞ്ഞക്കുറിയണിയുന്നു.

സമൃദ്ധമായ ആഹാരം നൽകി സന്തോഷി പ്പിക്കുന്നു. കണ്ടങ്ങളിലെ വരമ്പുകളിൽ മകം നാളിൽ ജനിച്ച ഭൂമീദേവിക്ക് സമർപ്പണമെന്ന നിലയിൽ മാക്കട്ട (അവില്കൊത്തിയിടുന്നു) ഇടുന്നു. ഈ രീതി ഇന്നും തുടരുന്നു. ഒരു പ്രദേശത്തിന്റെ സൂക്ഷ്മ കാലാവസ്ഥ യെപ്പോലും നിയന്ത്രിക്കുന്ന എയർകണ്ടീഷനുകളായി രുന്നു പുരാതനതറവാടുകളോടു കൂടിചേർന്ന സർപ്പ ക്കാവുകൾ. കാവുകൾ സംരക്ഷിക്കുന്നതിന് ഒരു കൃത്യ നിഷ്ഠയായി കരുതിയിരുന്നു നമ്മുടെ പഴയ തലമുറ. കാവുകൾ മനുഷ്യപ്രകൃതിക്കും അനുഗ്രഹമായിരുന്നു. കാവിലുള്ള നാഗദൈവങ്ങൾക്ക് ആയില്യം നാളിൽ പൂജചെയ്തുവരുന്നു. ഇവ പ്രകൃതിയുടേയും ജീവിത ത്തിന്റേയും ഒഴിച്ചുകൂടാനാവാത്ത തരത്തിൽ ബന്ധ പ്പെട്ടു കിടക്കുന്നു.

### വൃശ്ചികമാസത്തിലെ തൃക്കാർത്തിക

കർഷക ഭവനങ്ങളിൽ കാർത്തിക ദിനം കാർ ത്തിക ദീപം കൊളുത്തിയാഘോഷിക്കുന്നു. ചാണകം കൊണ്ടു മെഴുകിയ തറയിൽ അരിമാവ് അണിഞ്ഞ് അതിൽ നിലവിളക്കുവെച്ച് ദീപം തെളിയിച്ച് ഇടങ്ങഴി നെല്ലും, നാഴി അരിയും നിറച്ചു വെയ്ക്കുന്നു. കൂട്ടത്തി ൽ നാളികേരം, മലർ, പഴം, വെല്ലം, മുറുക്ക്, വെല്ലപ്പം, കൊഴക്കട്ട, ചീം തുടങ്ങിയ വെച്ചു പൂജചെയ്യുന്നു. ഇത് സകല നക്ഷത്ര ജീവജാലകങ്ങൾക്കും, അഷ്ടദിക്ക് പാലകൻമാർക്കും, ഭൂമിദേവിക്കും കൂടി സങ്കൽപ്പിച്ചു ചെയ്യുന്ന രീതിയാണ്. പൂജ കഴിഞ്ഞാൽ തകഴി വിളക്കു കൾ ധാരാളമായി കത്തിച്ച് തൃക്കാർത്തിക ഉത്സവം കൊണ്ടാടുന്നു.

### വൃശ്ചികമാസത്തിലെ കതിർ ഉത്സവം

വൃശ്ചികമാസത്തിലെ അവസാനത്തെ വെള്ളി യാഴ്ചയാണ് കതിർ ഉത്സവം നടക്കുന്നത്. കർഷകനും, തൊഴിലാളികളും ഒരുമിച്ചുകൊണ്ടാടുന്ന ഈ ഉത്സവ ദിനത്തിലാണ് പണിക്കാരുടെ വിവാഹം കഴിഞ്ഞു പോ യ മക്കളും ബന്ധുക്കളും വിരുന്നു വരികയും, ഉത്സവ പ്പറമ്പിൽ ചെന്ന് ചാന്ത്, കൺമഷി, മിഠായി സാധന ങ്ങൾ, പൊരി എന്നിവ വാങ്ങി സന്തോഷത്തോടെ വീടു കളിൽ മടങ്ങുന്ന കാഴ്ച വർണ്ണനാതീതമാണ്. പണി ക്കാർ കന്നിക്കൊയ്ത്തിനുകർഷകൻ എടുത്തുവെച്ച ക തിർക്കറ്റയിലെ കതിരുകളും, പനയോലകളും, വൈ ക്കോലും കൂട്ടി കതിരിൻ കൂടുകൾ ഉണ്ടാക്കി ആടിയും, പാടിയും ഉല്ലസിച്ച് അവരുടെ ദേവീക്ഷേത്രമായ മന്ദ ത്തു ഭഗവതിക്ഷേത്രത്തിൽ സമർപ്പണം ചെയ്തുവരു ന്നു. അവരുടേതായ വാദ്യഘോഷങ്ങളും, പാട്ടുംനൃത്ത വും ഇതോടൊപ്പം ഉണ്ടാകുന്നു.

### മകരക്കൊയ്ത് ഉത്സവം

കൊയ്ത്തുകഴിഞ്ഞ് പാടങ്ങൾ ഉഴുതുമറിച്ചി ടുന്നു. പാടത്ത് കാവൽക്കാരായ ദൈവങ്ങൾക്കായി പൂജ വരമ്പിൽ വെച്ചു നടത്തുന്നു. മല്ലനും, മുണ്ടിയനും മുനിയപ്പനും ദൈവങ്ങളായി വരമ്പിൽ കുടികൊള്ളു ന്നു. ഇവർക്കായി കൊയ്ത നെല്ലിന്റെ അരികൊണ്ട് നി വേദ്യവും കൂടെ മദ്യമാംസാദികളും വെച്ചു പൂജചെ യ്ത് കർഷകനും പണിക്കാരും ആഹ്ലാദം പങ്കിടുന്നു. തുടർന്ന് ആർപ്പുവിളിയോടെ പിരിഞ്ഞുപോകുന്നു. ഇ ത് ഇന്നും നടന്നു വരുന്നു. ഇതിനെ ഉർവ്വരത പൂജ എ ന്നും പറയുന്നു.

### ഉച്ചാറൽ

മകരത്തിൽ പൂട്ടി കുംഭത്തിൽ തുറക്കുക എന്ന രീതിയാണിത്. മകരക്കൊയ്ത്ത് പണിയും എല്ലാം കഴി ഞ്ഞാൽ മകരം അവസാനനാളിൽ വരുന്ന മൂന്നു ദിന ങ്ങളിൽ ഭൂമിദേവിരജസ്വലയാകുന്നത്-ഈ മൂന്നു ദിവ സം പത്തായം തുറക്കുവാനോ, ധാന്യങ്ങൾകൊണ്ട് പെരുമാറുവാനോ, ഭൂമിയിൽ വെട്ടുകിള നടത്തുവാനോ പാടില്ല. പത്തായം അറ അടച്ചിടും. കുംഭം 1ന് ചാണകം തെളിച്ച് ശുദ്ധിവരുത്തി ചന്ദനത്തിരി, സുഗന്ധദ്രവ്യങ്ങ ൾ ഇവ പുകച്ച് പത്തായം തുറക്കുന്നു. ഇത് ഭൂമിദേവി യോടുള്ള ആദരവാണ്. ഈ പരിപാടികൾ കഴിഞ്ഞാൽ ഒരു വർഷത്തെ കാർഷിക ഉത്സവങ്ങൾ നമ്മുടെ പൂർ വ്വികർ അനുവർത്തിച്ചുവന്നതിന്നാകെ സമാപ്തികുറി ക്കുന്നു.








ദാസൻ, ചേരിങ്കൽ

# ഓർമ്മകളുടെ അമ്പലം

കവിത

ഓർമ്മകൾ ഓളമിട്ടുയരും മനസ്സിന്റെ
കർമ്മകാണ്ഡങ്ങൾ തീർക്കുന്ന വേളയിൽ
ആടിച്ചു പാടിച്ചു, നാടിന്റെ നാവാക്കി
മോടിയോടിന്നും നിലപ്പിക്കുമമ്പലം

ചിലനേരമരുതാത്ത ചിന്തകളുണരുമ്പോൾ
നിലതെറ്റാതെന്നെ നയിപ്പൂ നിരന്തരം
നന്മമാത്രമെന്നിൽ ചൊരിയുവാൻ കാലത്തിൻ
വിലയെത്രയെന്നല്ലാമറിയുന്നോരമ്പലം

മൊഴിയേകി, കഴിവുകൾ കാട്ടുവാൻ വഴിയേകി,
മിഴിവേകി, തുഴയുവാൻ തുഴയേകി,
നീതിയെകാണിച്ചു നേരിനെപുൽകുവാൻ
അതിശയകാഴ്ചയൊരുക്കിയോരമ്പലം.

നല്ലതുമാത്രം തളിർക്കുന്ന ഭൂമിയിൽ
നല്ലതുമാത്രം വിളയുന്നോരീമണ്ണിൽ
നല്ലൊരുനാളെതൻ പന്ഥാവൊരുക്കുവാൻ,
നല്ലൊരു കൂട്ടായി നില്ക്കുന്നോരമ്പലം.

അറിവിനെആയുധമാക്കി മുന്നേറുവാൻ,
നെറിവോടെ ധീരമെൻ പാദം ചലിക്കുവാൻ,
മുറിവുകളേൽക്കാതെ കൂടെ നടത്തുവാൻ,
കരുണകാണിക്കുന്നതെന്നുമീയമ്പലം.

# കലാപരിപാടികൾ



ഗാനാലാപനം
കൃഷ്ണൻകുട്ടി



ഗാനാലാപനം
ആനിക്കത്ത് രവീന്ദ്രൻ



ഗാനാലാപനം
കെ. നാരായണൻ



സംഗീതം
രാധികാപരമേശ്വരൻ




ഗാനാലാപനം
ഷൺമുഖൻ



ഗാനാലാപനം
രഹ്ന



ലളിതഗാനം
ധന്യ



ലളിതഗാനം
ചിത്ര



ാലാപനം
കരുണദാസ്



ലളിതഗാനം
രമ്യ



ലളിതഗാനം
സന്തോഷ്



ഏകാഭി
ശില





കണ്യാർകളി പൊറാട്ടിലെ ഒരു രംഗം




തിരുവാതിരക്കളി – എസ്.എം.എച്ച്.എസ്. വിദ്യാർത്ഥിനികൾ





മുളക്കൊട്ട് – തമിഴ് പൂർവ്വ വിദ്യാർത്ഥികൾ അവതരിപ്പിച്ചപ്പോൾ



സിനിമാറ്റിക് ഡാൻസ് – അഞ്ജലി, മാളവിക



ഉണ്ണികൃഷ്ണനും, സംഘവും അവതരിപ്പിച്ച നാടകം





കുച്ചുപ്പുടി – രവീണ





ഭരതനാട്യം – അശ്വതി




തിരുവാതിരക്കളി – **പൂർവ്വവിദ്യാർത്ഥിനികൾ**




**മുളക്കൊട്ട് – മറ്റൊരുദൃശ്യം**




**കണ്യാർകളി– കുറവനും കുറത്തി പൊറാട്ട്**





**രാധാകൃഷ്ണനൃത്തം – അഞ്ജലി, മാളവിക**





**സ്കൂളിനുവേണ്ടിയുള്ള**
**കളിക്കള നിർമ്മാണത്തിനുള്ള**
**തറക്കല്ലിടൽ ശ്രീ. കെ. അച്യുതൻ**
**നിർവ്വഹിക്കുന്നു.**
**പത്മശ്രീ ഡോ. രാജഗോപാൽ സമീപം**












രണ്ടു ദിവസങ്ങളിലായി



# തത്തമംഗലം ദേശകണ്യാർകളിയുടെ ചടങ്ങുകൾ

ഷഡാനനൻ **ആനിക്കത്ത്**



പാലക്കാട് ജില്ലയിൽ ചിറ്റൂർ, ആലത്തൂർ താലൂക്കിലെ നായർ സങ്കേതങ്ങളിൽ നടത്തിവരാറുള്ള കണ്യാർകളി എന്ന അനുഷ്ഠാനകലാരൂപം തത്തമംഗലം ദേശത്തുനടത്തുന്നതിന്റെ വിവരങ്ങളാണ് ഈ ലേഖനത്തിൽ പ്രതിപാദിക്കുന്നത്

കർഷകരംഗവുമായി കണ്യാർകളിക്ക് അഭേദ്യമായ ബന്ധമുണ്ട്. വിളവെടുപ്പിനുശേഷം വീണ്ടും വിളയിറക്കുന്നതിനെ ആധാരമാക്കി നടത്തുന്ന ഒരു അനുഷ്ഠാനോത്സവമാണിത്. കണ്യാർ കളിയെന്നാൽ കണ്ണകിയാർകളിയെന്നും, കണിയൻ സമുദായക്കാർ നടത്തുന്ന അനുഷ്ടാനമാണെന്നും അഭിപ്രായങ്ങൾ ഉണ്ട്. അമ്മ ദൈവസങ്കൽപം, കണ്ണകിയുമായുള്ളവിശ്വാസം കൊണ്ട് ആ പേരിൽ കളി അറിയപ്പെടുന്നു എന്നു വേണം കരുതാൻ. കണ്യാർകളിപാട്ടുകളിൽ കർണ്ണകീ ചരിതം കാണുന്നേയില്ല. അമ്മ ദൈവസങ്കൽപം കർണ്ണകീ ചരിത്രം തുടങ്ങുന്നതിനുഎത്രയോമുമ്പ് ഉണ്ടായതാണെന്നും കരുതുന്നു. കണിയാർ സമുദായവുമായി ഈ അനുഷ്ടാനകലയ്ക്ക് യാതൊരു ബന്ധവും കാണുന്നില്ല. കണ്യാർകളിയെന്നുവച്ചാൽ പൊറാട്ടുകൾ മാത്രമാണെന്ന് തെറ്റിദ്ധരിക്കപ്പെട്ടിട്ടുണ്ട്. കണ്യാർ കൊള്ളുക എന്നുവച്ചാൽ നാന്ദികുറിക്കുക, ആരംഭിക്കുക എന്നൊക്കെ അർത്ഥമുണ്ട്. കണിയാരം ഇടുക എന്നും പറയും. കണിയാരം മുള മേടമാസത്തിൽ വിളവിറക്കുക എന്ന സങ്കൽപ്പത്തിൽ ദേവിയ്ക്ക് നേർച്ചയായി നടത്തുന്ന അനുഷ്ഠാനചടങ്ങാണ് കണ്യാർകളി.

മിക്കദേശങ്ങളിലും മൂന്നുദിവസമാണ് കളി. ചിലേടങ്ങളിൽ നാലുദിവസവും പതിവുണ്ട്. പൊന്നാന, ആണ്ടിക്കൂത്ത്, വള്ളോൻ, മലമ എന്ന രീതിയിലാണ് വട്ടക്കളി. പൊന്നാനപാടാതെ ആണ്ടിക്കൂത്തിൽ തുടങ്ങി മൂന്നു ദിവസമാണ് തത്തമംഗലം ദേശത്തെ കളിനടക്കുന്നത്.

പൊന്നാനനടുവട്ടം തുടങ്ങുന്നത് ഇടത്തേക്കാൽ ചുവടുവെച്ചാണ്. മറ്റ് മൂന്നെണ്ണവും വലംകാലിലാണ് തുടങ്ങുക.

നാല്പതു ദേശങ്ങളിലെങ്കിലും ഇപ്പോൾ കളി നടക്കുന്നുണ്ട്. എലവഞ്ചേരിയിൽ മൂന്നുമുറി ഈഴവ സമുദായവും, പുതിയങ്കത്ത് വടുക സമുദായവും, എത്തന്നൂരിൽ കമ്മാള സമുദായവും ചിറ്റൂരിലും, കുത്തനൂരിലും, മന്ദാടിയാർ സമുദായവും കണ്യാർകളി നടത്തി വരുന്നുണ്ട്. തത്തമംഗലത്ത് രണ്ടു തറക്കാർ യോജിച്ചാണ് കളിനടത്തുന്നത്. പടിഞ്ഞാറെത്തറ മന്ദാടിയാർ സമുദായവും നായർ സമുദായവും ചേർന്നും, കിഴക്കേത്തറ നായർസമുദായക്കാർ മാത്രമായും കളി നടത്തുന്നു.

വട്ടക്കളി മൂന്നു ദിവസവും മുപ്പത്തിയഞ്ച്, നാല്പത്തിയഞ്ച്, അമ്പത്താറ് എന്നീ വിധത്തിലാണ് ശ്ലോകങ്ങൾ ചൊല്ലുക. ഇതു മുഴുവൻ മൂന്നു ദിവസമായി ചൊല്ലിത്തീർത്ത് കളിവട്ടം പൂർത്തീകരിക്കേണ്ടതുണ്ട്. രാത്രി 9 മണിക്കു തുടങ്ങി നേരം വെളുക്കും വരെ ശ്ലോകം ചൊല്ലിക്കളിക്കുക എന്നത് കളിക്കാർക്കും കാണികൾക്കും മുഷിപ്പ് ഉളവാക്കും എന്നതിനാൽ പ്രധാനപ്പെട്ട ശ്ലോകങ്ങൾ മാത്രമാക്കി ചുരുക്കുകയും, ഓരോ മൂന്നുവട്ടം കളികഴിഞ്ഞാൽ കണ്യാർകളിയേക്കാൾ പഴക്കം ചെന്ന പാണരുടെ പൊറാട്ടുകളിൽ നിന്നും, ആദ്യമ്മാല, ഹരിശ്ചന്ദ്രകൂത്ത് എന്നീ ചവിട്ടു നാടകങ്ങളിൽ നിന്നും, കാക്കാരിശ്ശി നാടകത്തിൽ നിന്നുമൊക്കെ ചില രംഗങ്ങളെടുത്ത് പൊറാട്ടാക്കി വട്ടക്കളിക്കിടയിൽ നർമ്മരസപ്രധാനമായ രീതിയിൽ അവതരിപ്പിച്ചുതുടങ്ങി. അങ്ങിനെയാണ് കണ്യാർ കളിയിൽ പൊറാട്ടുകൾ കടന്നുകൂടിയത്. തത്ത മംഗലത്ത് മൂന്നുദിസവസും മുമ്മൂന്ന് വട്ടക്കളി കഴിഞ്ഞേ പൊറാട്ടുകൾ രംഗത്ത് വരികയുള്ളു. നേരം വെളുത്താലും മറ്റുകാണികൾ പിരിഞ്ഞുപോയാലും വട്ടക്കളി പൂർത്തിയാക്കാതെ ദേശക്കാർ പന്തലിൽ നി ന്നും പോകുകയില്ല.

കളികുമ്പിടുന്ന ചടങ്ങുകൾ മുതൽ മലമകളിച്ച് പൂവ്വാരുക എന്നതുവരേയുള്ള ചടങ്ങുകളാണ് താഴെക്കൊടുക്കുന്നത്.

തത്തമംഗലം ദേശത്ത് കളിതുടങ്ങിയിട്ട് ഇരുനൂറു വർഷമെങ്കിലും ആവാനിടയുണ്ട്. തുടങ്ങിവച്ച കളിയാശാൻമാരുടെ ജീവിതകാലം കണക്കാക്കുമ്പോൾ അങ്ങിനെവിലയിരുത്താമെന്നാണ് തോന്നുന്നത്.

ദേശത്തെ രണ്ടുതറക്കാരിൽ ദേശപ്രമാണക്കാരായ പാറക്കാട്ട്, പുത്തില്ലത്ത്, തുപ്പലെ, ഏറാട്ടുവീട്ടു കാരണവൻമാരുടെ ആലോചന പ്രകാരമാണ് കളി നിശ്ചയിക്കുക. വൃശ്ചിക മണ്ഡലത്തൊടുവിൽ നല്ല ദിവസം നോക്കി കളികുമ്പിടുക എന്ന ചടങ്ങിന് മുഹൂർത്തംനോക്കുന്നു. മിക്കവാറും അതു വെള്ളിയാഴ്ചയോ ചൊവ്വാഴ്ചയോ ആയിരിക്കും. അന്നേദിവസം ദേശ

ക്കാർ എല്ലാവരും ചേർന്ന് മന്ദിൽ ഭഗവതിക്ക് പൂജ നടത്തി ആരതിയുഴിഞ്ഞ്, നാളികേരമെറിഞ്ഞ് ഊരിന്നുടയവരായ അയ്യൻ വീട്ടിലെ പരദേവതയെ കർപ്പൂര ദീപം കാണിച്ച് വണങ്ങി ദേശമൊന്നാകെ ദേശപ്രമാണ വീടായ ഒന്നാം വീട്ടിൽ, അതായത് പാറക്കാട്ട് ചെന്ന് ശ്രീ കാമാക്ഷിയമ്മയെ കുമ്പിട്ട് ശേർ മംഗലവും, താളവും എടുത്ത് ദേശക്കളിക്കാരണവരുടെ പാദം വണങ്ങി അദ്ദേഹത്തേയും ആനയിച്ച് വാദ്യഘോഷത്തോടെ ചീറുമ്പമ്മ (ശ്രീകുറുമ്പ) യുടെ പാട്ടുകൊട്ടിലിൽ എത്തി കുത്തുവിളക്കും വാളും പീഠവും എടുക്കുന്നു. കുത്തുവിളക്കെടുക്കാൻ ഇടങ്ങഴിപ്പുറത്തെ ആൺപ്രജയും ശേർ മംഗലം (മംഗലം എന്നും പറയും) സ്വർഗ്ഗോടത്തെ കാരണവരും പീഠവും വാളും തായിരത്തെ കാരണവരും ഇലത്താളം പാറക്കാട്ടെ കാരണവരും (ഇത് പുത്തില്ലത്തെ വീട്ടുകാർക്കുമാവാം) ഭസ്മപ്പെട്ടിരക്കണാത്തെ ഒരു ആൺ പ്രജയും എടുത്ത് ഇടപ്പന്തലായ പരിശീലനപ്പന്തലിൽ നടുവിലേത്തെ കാലായ ഭഗവതിക്കാലിന്റെ കിഴക്കുവശത്ത് പീഠം സ്ഥാപിക്കുന്നു. ശേഷം ആണ്ടിക്കൂത്ത് നടവട്ടം ചൊല്ലി ദേശക്കാർ പന്തലിൽ താളമിട്ട് ചുവടുവെച്ച് വട്ടക്കളിയാരംഭിക്കുന്നു. ഒന്നാം വട്ടം പൂർത്തീകരിച്ച് താണു തൊഴുത് വട്ടം ചുറ്റി ആർപ്പുവിളിച്ച് കുമ്പിടുന്നു. ശേഷം മൂന്നുവട്ടം വട്ടക്കളി ഒന്നാം ശ്ലോകം ചൊല്ലിക്കളിച്ചാൽ കളി കുമ്പിടലായി. പിന്നെ എല്ലാ ദിവസവും പരിശീലനം തുടങ്ങും. അരങ്ങ് വിഷുകഴിഞ്ഞ് വെളുത്തപക്ഷത്തിൽ നല്ല ദിവസം നോക്കി നിശ്ചയിക്കും.

അരങ്ങിന് ഒരാഴ്ച മുമ്പുതന്നെ മുഹൂർത്തക്കാലിടുക എന്ന ചടങ്ങാണ്. നടുവിലേക്കാൽ ഭഗവതി ക്കാലാണ്. ഇതാണ് ആദ്യം ഇടേണ്ടത്. ചിലദേശങ്ങളി ൽ കിഴക്ക് വടക്കേമൂലയിലെ കാലാണിടുക. നടുവിലെ കാൽ പച്ചമുളങ്കാലാണ്. ബാക്കി കാലുകൾ പാലമര ത്തിന്റ കാലുകളാണ്. അമ്പത്താറുകോൽ നാലുവിരൽ ചുറ്റളവിൽ ഒമ്പതുകാലുകളാണിടുക. നടുവിലെ കാൽ ഭഗവതിക്കാലാണെന്നു പറഞ്ഞുവല്ലോ, മറ്റു എട്ടുകാലുകൾ അഷ്ടവസുക്കളെ പ്രതിനിധാനം ചെയ്യുന്നു. പതിനാലുകോലും ഒരു വിരലും സമചതുരം നാലുവശവും ആശാരിക്കോലിന് പതിന്നാലുകോൽ ഇതാണ് അളവ്. ഒരുകോൽ വിടവിൽ നാലു പരത്തുകൾ വീതം നിരത്തണം. പന്തലിന് പുറത്ത് പുത്തൻ വട്ടപരമ്പുകൾ നിരത്തണം. പരമ്പ് കൊണ്ടുവരാനുള്ള അവകാശം പാലോട് കവറകൾക്കാണ്. അളവ് നിശ്ചയിക്കേണ്ടത് തച്ചംകോണത്തെ ആശാരിക്കും. പന്തൽമെഴുകിവൃത്തിയാക്കേണ്ടത് പണിക്കത്തുവീട്ടുകാരുമാണ് (ഈഴവ). പന്തലിനെസംബന്ധിച്ചുള്ള മേൽനോട്ടം രണക്കാത്തെ വീട്ടുകാർക്കാണ്. പന്തലിൽ കിഴക്ക് തെക്കേക്കോണിൽ നിന്നും കിഴക്കേത്തറക്കാരും,പടിഞ്ഞാറെതെക്കേക്കോണിൽനിന്നും പടിഞ്ഞാറെത്തറക്കാരും പന്തലിൽ പ്രവേശിക്കണം. വട്ടക്കളിക്ക് കിഴക്കേ, തെക്കേക്കോണിൽ നിന്നാണ് പന്തലിൽ പ്രവേശം. പന്തൽ പുഷ്പങ്ങളെക്കൊണ്ട് അലങ്കരിച്ചിരിക്കും. നാലു വീട്ടുകാർ ഇരിക്കുന്ന സ്ഥലങ്ങളിൽ വലിയതൂക്കുവിളക്കുകൾ നാലെണ്ണം താഴ്ത്തി തൂക്കിയിരിക്കും. എല്ലാദിവസവും പുതിയപുഷ്പമാലകൾ പന്തലിൽ തൂക്കണം. ഓരോ ദിവസവും എടുത്തുമാറ്റുന്ന മാലകൾ ഭഗവതിക്കാലിന്റെ താഴെ കൂട്ടിയിട്ടിരിക്കും. ഈ മാലകളാണ് പൂവാരി ആർപ്പുവിളിക്ക് ഉപയോഗിക്കുന്നത്.

അരങ്ങുദിവസം രാത്രി ഒമ്പതുമണിക്ക് കളികുമ്പിടുന്ന ദിവസത്തെ ചടങ്ങുകൾ ആവർത്തിച്ച് പരിശീലനപന്തലിൽ നിന്നും, വാളും, പീഠവും, കുത്തുവിളക്കും എടുത്ത് അരങ്ങു പന്തലിൽ എത്തി ഇവിടെയെല്ലാം ഭഗവതിക്കാലിനു കീഴിൽ കിഴക്കുവശം സ്ഥാപിക്കുന്നു. പിന്നീട് ദേശത്തിലെ പ്രജകളെല്ലാം പാറക്കട്ടെ ഭവനത്തിലെത്തി ശ്രീ കാമാക്ഷിയമ്മയെ വണങ്ങി ആശാനെഎഴുന്നള്ളിച്ച് വരിയായിവന്ന് തോംതിഗണ ചൊല്ലി നടവട്ടം ചുവടുവെച്ച് പന്തലിൽ പ്രവേശിക്കുന്നു. മൂന്ന് വട്ടം വട്ടക്കളിക്കുശേഷം കിഴക്കേമുറിക്കാരുടെ പൂശാരി എന്ന പൊറാട്ട് കളിക്കും. അതുകഴിഞ്ഞ് മൂന്നു വട്ടം പാട്ടുചുരുക്കി വട്ടക്കളികളിക്കും. പിന്നീട് പടിഞ്ഞാറേമുറിക്കാരുടെ വൈഷ്ണവർ പൊറാട്ട് കളിക്കും. പിന്നെ വട്ടക്കളിക്കുശേഷം കിഴക്കേമുറിക്കാരുടെ പൊറാട്ട് ഇത് ആവർത്തിക്കും. ആദ്യദിവസം കിഴക്കേത്തറക്കാരുടെ നാലുപൊറാട്ടും പടിഞ്ഞാറെ മുറിക്കാരുടെ മൂന്നുപൊറാട്ടും വരും. വട്ടക്കളിയോടെ ആണ്ടിക്കൂത്ത് അവസാനിക്കും.

രണ്ടാംദിവസം വള്ളോൻ - ആദ്യദിവസരീതിയിൽ പൊറാട്ടുകൾ വരും. മൂന്നാം ദിവസം മലമയ്ക്കും ഈ രീതിതന്നെ ആവർത്തിക്കും.



പടിഞ്ഞാറെ തറക്കാരുടെ അവസാനപൊറാട്ട് കൂംഭ പൂശാരികളാണ്. പൂർണ്ണകുംഭത്തോടെ പന്തലിൽ വന്ന് ഒരു വട്ടംകളിച്ച് മാറിയിരിക്കും. കിഴക്കേത്തറക്കാരുടെ മലയർ ഇറങ്ങും അവരും ഒരു വട്ടം കളിച്ച് മാറിയിരിക്കും ഈ സമയം വട്ടക്കളിതുടങ്ങും. ഒരുവട്ടം കഴിഞ്ഞാൽ പൂശാരിമാരും, മലയരും ചേർന്ന് വട്ടക്കളിക്കാരുടെ ഒപ്പം കളിക്കും. മൂന്നുവട്ടം പൂർത്തിയാക്കുമ്പോൾ പൂശാരിമാർ കുംഭവുമെടുത്ത് കളിക്കും മലയരും കൂടെ ചേരും. ഇവർ കളിച്ചുകൊണ്ട് പന്തലിൽ നിന്നും പുറത്തു കടക്കും. കളിച്ചുകൊണ്ട് നടന്ന് കാക്കുറിശ്ശിയപ്പൻ സന്നിധിയിലും, തുപ്പലെ ഏറാട്ടു മൂലയിലും ഓരോ വട്ടം കളിച്ച് അയ്യൻ വീട്ടുപടിക്കലെത്തും. അവിടെയും ഒരു കളികളിച്ച് മന്ദത്തുഭഗവതിയുടെ നടുക്കിലും ഒരു വട്ടം കളിച്ച് അയ്യൻ കുളത്തിൽ കുംഭം ചൊരിഞ്ഞ് കുളിച്ച് കയറുന്നു. പിന്നെ മന്ദത്തുഭഗവതിയുടെ നടക്കൽ ദാരികവധം പാടിക്കളിച്ച് അയ്യൻ വീട്ടിൽ പരദേവതയുടെ മുന്നിലും കളിക്കും. പിന്നീട് ചെറിയ മന്ദത്തുകാവ്, പുത്തില്ലത്തുതറവാട്, ചൊക്കപണ്ടാരക്കാവ് എന്നിവിടെങ്ങളിലെല്ലാം കളിച്ചശേഷം പാറക്കാട്ട് വീട്ടിൽചെന്ന് ശ്രീ കാമാക്ഷിയമ്മയുടെ മുന്നിൽ കളിക്കുന്നു. അതിനുശേഷം പന്തലിൽ വരുന്നു. മലമയുടെ ബാക്കിയുള്ള ശ്ലോകങ്ങൾ മുഴുമിച്ച് മൂന്നുവട്ടം കളിച്ച് താണുതൊഴുത് പന്തലിൽ തൂക്കിയിരുന്ന മലർമാലകൾ പറിച്ചെടുത്ത് ഭഗവതിക്കാലിന്റെ ചുവട്ടിലെ പഴയ മാലകളും എടുത്ത് ആകാശത്തേക്കെറിഞ്ഞ് താണുതൊഴുത് ദേശക്കാരെല്ലാം പൂവുകൊണ്ട് വിളക്കിനെ മുടി

തിരിനാളം അണക്കുന്നു. പിന്നീട് വാളും പീഠവും എടുത്ത് കാവിനെവലംവെച്ച് കൊട്ടിലിൽ സ്ഥാപിക്കുന്നു. ഇതാണ് പു വാരൽ ചടങ്ങ്. ഇതു കഴിഞ്ഞാൽ ദേശം പിരിയും.

**പി. ഗോവിന്ദമേനോൻ** തത്തമംഗലത്തിന്റെ കളിയച്ഛൻ എന്നപേരിന് അർഹതയുള്ള ചിലരിൽ പ്രമുഖവ്യക്തിയാണദ്ദേഹം. 1916 ഏപ്രിൽ 5 ന് പുത്തില്ലത്തു തറവാട്ടിൽ ജനനം. മലയാളഭാഷയിൽ വിദ്വാൻ പരീക്ഷയും, മദിരാശി സർവ്വകലാശാലയിൽ നിന്ന് ബി.എ പരീക്ഷയും പാസ്സായി. ഭാരത് സ്കൗട്ടിന്റെ കേരള സംസ്ഥാന ഓർഗനൈസിംഗ് കമ്മീഷണർ ആയി പ്രവർത്തിച്ചു.

കണ്യാർകളിപാട്ടിന്റെ പതിഞ്ഞവട്ടത്തിലും ഇടവട്ടത്തിലും മുറുകിയ വട്ടത്തിലും അനിതര സാധാരണമായ പ്രാഗത്ഭ്യമാണ് അദ്ദേഹത്തുനുണ്ടായിരുന്നത്. ദീർഘകാലം ഉത്സാഹത്തോടെ ഈ രംഗത്തുണ്ടായിരുന്ന ആശാനാണദ്ദേഹം. തത്തമംഗലം ഹൈസ്കൂളിലെ മലയാളാദ്ധ്യാപകൻ, വാഗ്മിഎന്നനിലകളിൽ ഇന്നും ഓർമ്മിക്കപ്പെടുന്ന ഒരു നാമമാണ് അദ്ദേഹത്തിന്റേത്

**ഗിരിജ വല്ലഭൻ. പി. ജി.**

## കണ്യാർ കളിയുടെ തത്തമംഗലത്തെ ആശാൻമാർ

പാറക്കാട്ട് രാമൻ മേനോൻ, പാറക്കാട്ട് ഉണ്ണി കൃഷ്ണ മേനോൻ, പുത്തില്ലത്ത് രങ്കുമേനോൻ, പ്രാണേശ്വരി കണ്ണൻ മേനോൻ, കുന്നംപുറത്ത് രാമൻ മേനോൻ, ചേരിക്കോട്ടിൽ ശിവശങ്കരൻ നായർ, പ്രാണേശ്വരി ഗംഗാധര മേനോൻ, പുത്തില്ലത്ത് ഗോവിന്ദമേനോൻ, കോരണാത്ത് അച്ചുതൻ നായർ, കോരണാത്ത് ശിവശങ്കരൻ നായർ.







വി. ബാലകൃഷ്ണൻ
പട്ടാമ്പി

# അനുഭവങ്ങൾ നിറഞ്ഞ അദ്ധ്യയനദിനങ്ങൾ

"Students life is Golden life"' എന്നു പറഞ്ഞതാരായാലും അഭിനന്ദനമർഹിക്കുന്നു. അത് അനുഭവപ്പെടുന്നത് പിൽകാലങ്ങളിലാണ്. കഷ്ടപ്പാടുകൾ നിറഞ്ഞ സാഹചര്യങ്ങളിൽപോലും ആ കാലം സുവർണ്ണകാലം തന്നെയാണ്.

1946 ജൂൺമാസമാദ്യം തത്തമംഗലം ഗവൺമെന്റ് സീലിമെമ്മോറിയൽ ഹൈസ്കൂളിന്റെ പ്രധാനകവാടം കടന്നെത്തിയത് ഉൾത്തുടിപ്പോടേയാണ്. പുതിയൊരുലോകം എന്റെ മുന്നിൽ തുറക്കുകയായിരുന്നു. സ്കൂളിലെ കെട്ടിടങ്ങൾ, ക്ലാസ്മുറികൾ, അദ്ധ്യാപകർ, വിദ്യാർത്ഥികൾ, പുതിയ ചുറ്റുപാടുകൾ, എല്ലാം എന്നിൽ അമ്പരപ്പും ആഹ്ലാദവും ഉണ്ടാക്കി. ചുറ്റുപാടുകൾ എന്നെ ഹഠാദാകർഷിച്ചു, തൊട്ടുമുന്നിൽ മന്നത്തു ഭഗവതിക്കാവ്, അതിനുതൊട്ട് ചുറ്റും മതിലുകൾ കെട്ടിമറച്ച കുളിക്കടവുകളോടുകൂടിയ വിശാലമായ കുളം. അതിന്നപ്പുറത്ത് തെങ്ങും കവുങ്ങും നിറഞ്ഞു നിൽക്കുന്ന തോട്ടം. അതിന്റെ പിന്നിൽ നെൽപാടങ്ങൾ. എത്തിപ്പിടിക്കാവുന്ന ദൂരത്തിൽ അഗ്രഹാരം. അതിൽ അതിരിടാത്ത ചെറുതും വലുതുമായ സൗധങ്ങൾ. സ്കൂളിനു മുന്നിൽ രണ്ടു ചായക്കടകളും, ഒരു പലചരക്കുകടയും ഒരുപെട്ടിക്കടയുമടങ്ങുന്ന അങ്ങാടി. ഇത്രയും ഒതുക്കമുള്ള ഈ സുന്ദരലോകത്തിനുനടുവിൽ രണ്ടായിരത്തിലേറെ കുട്ടികളുടെ കലപിലകൾ, കളികൾ, കൂത്താട്ടങ്ങൾ, കൂവലുകൾ എന്നിവയാൽ മുഖരിതമായ പശ്ചാത്തലമൊരുക്കുന്ന വിദ്യാലയം. ഫസ്റ്റ് ഫാം മുതൽ സിസ്ക്ത് ഫാം വരെ (അന്ന് അഞ്ചുമുതൽ പത്തുവരെയുള്ള ക്ലാസ്സുകളെ അങ്ങിനെയാണ് വേർ തിരിച്ചിരുന്നത്.) യുള്ള പഠനകാലഘട്ടം ഒരു വലിയ വഴിത്തിരിവായിരുന്നു. ഒരു വലിയ അനുഭവം തുറന്നു തരികയായിരുന്നു.

പുതിയ സാഹചര്യങ്ങളുമായി ഇണങ്ങിച്ചേർന്നുകൊണ്ടുള്ള അനുഭവങ്ങൾ ആനന്ദവും, ആവേശവും എന്നിലുണ്ടാക്കി എന്നതാണ് സത്യം. വാത്സല്യ നിധികളും, കർമ്മനിരതരുമായ അദ്ധ്യാപകർ അവരുടെ ശിക്ഷണവിശേഷങ്ങൾ, അറിവുപകർന്നുതരാനുള്ള സൂത്രവഴികൾ, സ്നേഹത്തോടേയുള്ള ഉപദേശങ്ങൾ എല്ലാം പരമാവധി ഞാൻ ഉൾക്കൊള്ളാൻ ശ്രമിച്ചു. അന്നത്തെ അദ്ധ്യാപകരുടെ ചിലരുടേയെങ്കിലും പേരുകൾ പറയാതിരിക്കാനാവില്ല. ശ്രീമാൻമാർ കൊച്ചുമാസ്റ്റർ, അച്ചുമാസ്റ്റർ, (പട്ടഞ്ചേരി), കേശവമാസ്റ്റർ, നാണുക്കുട്ടി നായർ, (ഡ്രോയിംഗ്) മലയാളം പണ്ഡിറ്റ് സി. മാധവമേനോൻ, പി.ഗോവിന്ദമാസ്റ്റർ, സി.എ. വൈദ്യനാഥയ്യർ, ആറാംപാടം കണ്ടൻ മാസ്റ്റർ, അങ്ങിനെഎന്നെ ഞാനാക്കി മാറ്റിയ എല്ലാ വന്ദ്യ ഗുരുനാഥൻ മാരുടെ മുന്നിലും പ്രണമിക്കുന്നു.

ഈ കാലയളവിൽ സ്കൂളിനെയാകെ ദുഃഖത്തിലാഴ്ത്തിയ ഒരു സംഭവമുണ്ടായി. ഞങ്ങളുടെ പ്രിയങ്കരനായിരുന്ന ഡ്രിൽ മാസ്റ്റർ ചേലക്കര ഇട്ടൂപ്പ് മാഷ് ആറാംപാടത്തെ ഒരു കുളത്തിൽ കുളിക്കാനിറങ്ങി ചേറ്റിൽ താണുപോവുകയും മരണം സംഭവിക്കുകയും ചെയ്തു. ആ ശരീരം പുറത്തെടുക്കാനുള്ള തിരച്ചിൽ സമയത്ത് നൂറുകണക്കിനാളുകൾ അവിടെ എത്തിയിരുന്നു. വിദ്യാർത്ഥികളും ധാരാളം ഉണ്ടായിരുന്നു. ശരീരം കുളവരമ്പിൽ വെച്ചപ്പോൾ ഭയം കൊണ്ടും സങ്കടം കൊണ്ടും ഞങ്ങൾ തകർന്നുപോയി. ആരംഗം കുറെ ദിവസങ്ങളിൽ ഞങ്ങടെ മനസ്സിനെവേട്ടയാടിക്കൊണ്ടിരുന്നു. ദുഃഖത്തിന്റെ നിഴലിലായിരുന്നു വിദ്യാലയാന്തരീക്ഷം മുഴുവൻ.

വാർഷികാഘോഷങ്ങളുടെ ഭാഗമായി നടത്തിയിരുന്ന കലാകായിക മത്സരങ്ങളിൽ പങ്കെടുക്കുകയും സമ്മാനിതരാവുകയും ചെയ്യുക എന്നത് എല്ലാവരുടേയും സ്വപ്ന

മായിരുന്നു. ഒന്ന് നിന്ന് തിളങ്ങാനുള്ള അവസരമായിരുന്നു അത്. ഞാനും അതിലൊക്കെ പങ്കെടുത്ത് ചില സമ്മാനങ്ങൾ നേടുകയുണ്ടായി. ജൂബിലിയാഘോഷ വേളയിലെ നാടകത്തിൽ അഭിനയിച്ച് "പ്രൊവിഷൻസി ഇൻ ആക്ടിംഗ് " എന്ന ഒരു സർട്ടിഫിക്കറ്റ് ലഭിക്കുകയുണ്ടായി. ഞങ്ങളുടെ നാടക സംവിധാനം ചെയ്തത് തൃപ്പൂണിത്തുറക്കാരനായിരുന്ന സംസ്കൃതം അദ്ധ്യാപകൻ നീലകണ്ഠശർമ്മയായിരുന്നു. അഭിനയകലാ സാധ്യതകൾ ഞങ്ങൾക്ക് പകർന്നുതന്നത് അദ്ദേഹമായിരുന്നു. നീലകണ്ഠശർമ്മ സാർ ഒരു ഗ്രന്ഥകർത്താവുകൂടിയാണെന്ന് അറിഞ്ഞപ്പോൾ ആദരവ് ഇരട്ടിക്കുകയുണ്ടായി.

ഇതിനകംതന്നെ തത്തമംഗലത്ത് നല്ലൊരു സുഹൃത്ത് വലയം സൃഷ്ടിക്കാൻ എനിക്ക് കഴിഞ്ഞു. അവരിൽ ചിലരെ പ്രേരിപ്പിച്ച് 1950 ൽ ശ്രീകുറുമ്പക്കാവിനു സമീപമുള്ള മൈതാനിയിൽ ശിവരാത്രി ദിവസം ഞങ്ങളൊരു നാടകം അരങ്ങേറി. പ്രശംസകളെക്കൊണ്ട് ഞങ്ങളെ അനുഗ്രഹിച്ച കാണികളെ ഇന്നും നന്ദിയോടെ ഞാൻ സ്മരിക്കുന്നു. തുടർന്ന് 1951 ലും 1952 ലും നാടകങ്ങൾ ഭംഗിയായി നടത്തി. ഇതിന്റെ മുന്നിലും പിന്നിലും നിന്നു പ്രവർത്തിച്ചവരിൽ ചിലർ - പാറക്കാട്ട് ഉണ്ണി, പാറക്കാട്ടെ അപ്പേട്ട, വാസുവേട്ട, ശിവദാസൻ, ദേവീദാസൻ, മാണിക്കത്ത് വാസുദേവൻ - ഈ സംരഭത്തിന് നിമിത്തമായി ഞാനും. നല്ലനിലവാരം പുലർത്തിയ കഴിവുറ്റ കലാകാരൻമാരുടെ സാമീപ്യം കൊണ്ട് ധന്യമായ ഒരു കാലഘട്ടമായിരുന്നു അത്.

1952 ൽ വിദ്യാഭ്യാസം പൂർത്തിയാക്കി പടിയിറങ്ങുമ്പോൾ സ്നേഹം ചൊരിഞ്ഞുതന്ന സഹപാഠികളേയും, വാത്സല്യവും, ഉപദേശങ്ങളും, ശിക്ഷണവും തന്നനുഗ്രഹിച്ച അദ്ധ്യാപകരേയും എന്നെ ഞാനാക്കി മാറ്റിയ വിദ്യാലയത്തേയും വിട്ടുപിരിയാൻ വയ്യാത്തതരത്തിലുള്ള ദുഃഖഭാരം എന്നിലുണ്ടായി.

"പഴകുന്തോറുമേറുന്നു
പാരം മമതയെങ്കിലും
ഈ വീടുവിട്ടിറങ്ങാൻ
ഇനി താമസ മില്ലമേ........" എന്ന കവിയുടെ വരികൾ ഞാനോർമ്മിച്ചു. ആ വിഷാദവും ദുഃഖവും അപ്രത്യക്ഷമായത് അറുപതു വർഷങ്ങൾക്കുശേഷം. 2012 മെയ് 5,6 തിയ്യതികളിലെ പൂർവ്വ വിദ്യാർത്ഥി സംഗമവേളയിലാണ്. വീണ്ടും ഞാനൊരു പതിന്നാലു വയസ്സുകാരനായി മാറിയ തോന്നൽ. ചെറുപ്പത്തിലേക്ക് മനസ്സിന്റെ തിരിച്ചുപോക്ക്.

എന്റെ ഒപ്പം 1952-ലെ എസ്.എസ്.എൽ.സി. കഴിഞ്ഞ ഒരാളേപ്പോലും ഈ സംഗമവേളയിൽ കണ്ടുമുട്ടാൻ ഭാഗ്യമുണ്ടായില്ല. ചിലരെ ഫോണിൽ ബന്ധപ്പെട്ട് നോക്കിയെങ്കിലും അനാരോഗ്യം, അവശത എന്നെല്ലാം പറഞ്ഞ് അവർ പിൻവാങ്ങുകയായിരുന്നു. എന്നാലും എന്നിൽ ഈ സംഗമം സന്തോഷവും, ഉത്സാഹവും നിറച്ചു. ഇത് വർഷാവർഷം നടത്തുവാൻ കഴിഞ്ഞാൽ അതൊരാവേശമാവും, കഴിയുന്നവരെയെങ്കിലും, പങ്കെടുപ്പിക്കുവാനും, പരസ്പരം കാണാനും, സംസാരിക്കാനും കഴിയുക എന്നത് ചെറിയ കാര്യമായി ഞാൻ കാണുന്നില്ല.
എല്ലാവർക്കും നന്മ നേരുന്നു.
നന്ദി.



# മേടമാസചൂടിൽ സൗഹൃദത്തിന്റെ കുളിർമ

തയ്യാറാക്കിയത്:
**എസ്. ശ്യാമ പ്രസാദ് & കെ.സുരേഷ് ബാബു**




മെയ്മാസം 4 ന്, മേടം 21 വൈകുന്നേരം 5 മണി

ഒരു ദേശത്തിന്റെ, നന്മയുടെ നാവായി നിൽക്കുന്ന സർക്കാർ വക സീലി മെമ്മോറിയൽ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിന്റെ കവാടത്തിൽ ശിങ്കാരി മേളമുയരുന്നു. കൊട്ടുകരുടെ താളമൊപ്പിച്ചുള്ള കാൽ പെരുക്കങ്ങളിൽ കവിതയുടെ ചിലമ്പൊലി, പൂർവ്വ വിദ്യാർത്ഥി സംഗമത്തിന്റെ പ്രവർത്തകർ ഹൃദയം നിറഞ്ഞ ആഹ്ലാദത്തോടെ ഓടിനടക്കുന്നു. എല്ലാവരിലും സന്തോഷത്തിന്റെ സമൃദ്ധി. ഉത്സവ കൊടികൾ, മുത്തുക്കുടകൾ, വിളംബര ബാനർ എന്നിവ ഏന്തിയ നാട്ടുകാരും, വിദ്യാർത്ഥികളും, അദ്ധ്യാപകരും ഭാരവാഹികളും ചേർന്നതോടെ കൊഴുപ്പേറിയ ഒരു വിളംബരജാഥ രൂപംകൊള്ളുന്നു. ശിങ്കാരിമേളക്കാരുടെ പുറകിൽ അണിനിരന്നവർ നടക്കാനിരിക്കുന്ന സംഗമദീപ്തിയുടെ ആവേശം ആവാഹിച്ചുകൊണ്ടുള്ള ജാഥാ പ്രകടനം സ്കൂൾ കവാടത്തിൽ നിന്നും ആരംഭിക്കുന്നു. ഒരു സായാഹ്നത്തിന്റെ സായൂജ്യം മുഴുവൻ ആവാഹി ച്ച് ജാഥ പട്ടണം ചുറ്റി വീണ്ടും വിദ്യാലയത്തിന്റെ കവാടത്തിൽ സംഗമിപ്പിക്കുമ്പോൾ നാളെ വീണ്ടും കാണാമെന്ന വിടവാങ്ങലിന് അർക്കൻ അറബിക്കടലിൽ അമർന്നുപോയി.

**മെയ്മാസം 5 – ാം തിയ്യതി**

തടസ്സങ്ങളെല്ലാം വകഞ്ഞുമാറ്റി ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നും ഒഴുകിയെത്തിയ സ്നേഹധനരായ മഹദ് വ്യക്തികളുടെ മുഖം കണികൊണ്ടാണ് പഴയ എസ്.എം.എച്ച്.എസ്സിന്റെ പുതിയ മുഖമണ്ഡപം ഉണർന്നത്. അന്ന് ചെറുകിളികൾ ചിലച്ചത് സംഗമദിനത്തിന് ആശംസകൾ അർപ്പിച്ചുകൊണ്ടാണ്. സ്നേഹത്തിന്റെ, സന്തോഷത്തിന്റെ, ചുവന്നമുഖവുമായി

**ഒരുവിഹഗവീക്ഷണം**

ദിനകരൻ പൂർവ്വാംബരത്തിൽ ഉദയം കൊണ്ടു. എല്ലാ മനസ്സുകളും നിറഞ്ഞുകവിഞ്ഞത് തത്തമംഗലം ഗവ. എസ്.എം.എച്ച്.എസിലെ പൂർവ്വവിദ്യാർത്ഥികളായിരുന്നതിന്റെ ആഹ്ലാദത്തിലും അഭിമാനത്തിലുമായിരുന്നു. ആരെല്ലാം എത്തിച്ചേരുമെന്ന ആകാംഷയായിരുന്നു എത്തിച്ചേർന്നവരുടെ മുഖത്തെല്ലാം. പഠനകാലങ്ങളിൽ പിരിയാൻ വയ്യാത്ത കൂട്ടുകാരായിരുന്ന സൗഹാർദ്ദത്തിന്റെ മുഖങ്ങളെത്തേടുന്ന കണ്ണികളായിരുന്നു ചുറ്റിലും. ചിലരെ കണ്ടെത്തുമ്പോൾ അവരുടെ കണ്ണുകളിൽ കത്തിനിൽക്കുന്ന ആനന്ദം അത്ഭുതം ഉളവാക്കി. അവരെല്ലാം മാറിമാറി നിന്ന് അവരുടെ ബാല്യം കണ്ടെത്തുകയായിരുന്നു.

**സമയം 10 മണി**

പൂർവ്വ വിദ്യാർത്ഥി സംഗമത്തിന് തുടക്കം കുറിക്കുന്നു. ഓഡിറ്റോറിയം നിറഞ്ഞുവരുന്നു. ജനറൽ കൺവീനറായ ശ്രീ ഷഡാനനൻ ഇന്നത്തെ അജണ്ടയെക്കുറിച്ച് വ്യക്തമായ ധാരണ പകരുന്നു. ഇന്നു മുഴുവൻ പൂർവ്വ വിദ്യാർത്ഥികൾ അവരുടെ ഓർമ്മകളിലെ സംഭവങ്ങളും, സൗഹൃദങ്ങളും പങ്കുവെയക്കുവാനായി നീക്കിവെച്ചിരിക്കുന്നു. അദ്ധ്യക്ഷൻ പൂർവ്വ വിദ്യാർത്ഥികളിലൊരാളായി 1935 മുതൽ 1945 വരെ ഇവിടെ പഠിച്ച്, പിന്നീട് എം.എസ്സിക്കുശേഷം കാലിഫോർണ്ണിയായിൽ നിന്നും പി.എച്ച്.ഡി.നേടി. ലണ്ടനിൽ നിന്നും FIBIOL-FRS (Trop.Med.) പാസ്സായി. വിക്ടർ കൺട്രോൾ റിസർച്ച് സെന്ററിൽ നിന്നും റിട്ടയർ ചെയ്ത, ഇന്ത്യാ ഗവഃപത്മശ്രീ നൽകി ആദരിച്ച ഡോക്ടർ രാജഗോപാൽ.

എല്ലാവർക്കും പങ്കെടുത്ത് സംസാരിക്കാനുള്ള അവസരം നൽകാമെന്ന് ഏറ്റുകൊണ്ട് ഷഡാനനൻ അവസാനിപ്പിച്ചു. പൂർവ്വ വിദ്യാർത്ഥിസംഗമത്തിന് സ്വാഗതം ചെയ്തുകൊണ്ടുള്ള ഗാനാലാപനത്തിനായി ശ്രീ മതി അംബികയേയും കൂട്ടുകാരേയും ക്ഷണിച്ചു. ശ്രീ. കെ.വിശ്വം രചിച്ച് ശ്രീമതി അംബിക സംഗീതം നൽകിയ ഗാനം തത്തമംഗലത്തിന്റെ ശോഭയായ് നില നിൽക്കുന്ന സീലിമെമ്മോറിയൽ വിദ്യാലയത്തെക്കുറിച്ചുള്ളതായിരുന്നു.

അവിടെ കാലത്തിന്റെ ചരിത്രം കുറിച്ചവർ
അവിടെ വേരൂന്നി നിവർന്നുനില്കുന്നവർ
പൂർവ്വകാലത്തിന്റെ ഓർമ്മകൾ സൂക്ഷിക്കും
സോദരവൃന്ദമേ നിങ്ങൾക്കുസ്വാഗതം
ഇക്ഷേത്ര ദീപത്തിൽ നിന്നുകൊളുത്തിയ
നക്ഷത്രതേജസ്സാം ദിവ്യ നാളങ്ങളേ

നിറഞ്ഞുകത്തിയീ ലോകത്തിന്നൊക്കെയും
നിറകാന്തി നൽകുന്ന പ്രഭാങ്കുരങ്ങളേ
നിങ്ങൾക്കു സ്വാഗതം..... സ്വാഗതം..... സുസ്വാഗതം....

ഗാനാലാപനത്തിനുശേഷം, പൂർവ്വ വിദ്യാർത്ഥികൾ ഒരുപാടുപേർ ഈ കാലയളവിനുള്ളിൽ നമ്മെ വിട്ടു പിരിഞ്ഞു പോയിരിക്കുന്നു. അവരുടെ ആത്മാക്കൾക്ക് നിത്യശാന്തി നേർന്നുകൊണ്ട് , ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ടുള്ള പ്രമേയം ശ്രീ. ഉണ്ണികൃഷ്ണൻ മാസ്റ്റർ അവതരിപ്പിച്ചത് സദസ്സ് അംഗീകരിക്കുകയും ഒരു നിമിഷം എഴുന്നേറ്റ് നിന്ന് അവരുടെ ആത്മ ശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്തു.

അദ്ധ്യക്ഷനെന്ന നിലയ്ക്ക് ഡോ. രാജഗോപാലൻ തന്റെ അനുഭവങ്ങൾ ആദ്യം സദസ്സുമായി പങ്കുവെച്ചു. 1945 ലെ ഒന്നാം സ്ഥാനക്കാരനായിരുന്ന കാര്യവും, ഇംഗ്ലീഷ് പ്രസംഗ മത്സരംനടന്നപ്പോൾ ഒന്നാം സമ്മാനം നേടിയ കാര്യവും, അന്ന് അദ്ധ്യാപകൻ നല്കിയ സമ്മാനമായ ജോർജ്ജ് നാലാമന്റെ തലയുള്ള തനിവെള്ളിയിലുള്ള ഒറ്റ രൂപത്തുട്ട് ഇന്നും മനസ്സിൽ കറ പുരളാതെ കിടക്കുന്ന കാര്യവും അദ്ദേഹം ഓർമ്മിച്ചെടുത്തു. ഒരു ശിക്ഷയിൽ മനം നൊന്ത് ബാലശാപം ഏറ്റ അദ്ധ്യാപകന്റെ വിതുമ്പലും, അകാലത്തിൽ അകന്നുപോയ കായികാദ്ധ്യാപകന്റെ വേർപാടും, വിമോചനസമരത്തിന്റെ കനൽവഴി കാണിച്ച കൗതുക പരീക്ഷണങ്ങളും സ്വാതന്ത്ര സമര സ്മരണകളുടെ തീഷ്ണസ്വഭാവവും, ശിഷ്യനു വിളമ്പാതിരുന്ന കറിയുടെ കാര്യത്തിൽ രോഷം പൂണ്ട അദ്ധ്യാപക മനസ്സും, അഞ്ചാം ക്ലാസ്സുകാരന്റെ സംഗീതമത്സരാനുഭവും, മുടങ്ങിപ്പോയ സ്കൂൾ ഫീസ് സ്വന്തം കീശയിൽ നിന്നും അടച്ച ഗുരുവിന്റെ സ്നേഹ വായ്പുമെല്ലാം പൂർവ്വ വിദ്യാർത്ഥികളുടെ ഓർമ്മകളിൽ ഒളിമങ്ങാതെ കിടക്കുന്നുണ്ടായിരുന്നു. ഊമക്കത്തും, പ്രേമകത്തും, പ്രതികാര ചേഷ്ടകളുമൊക്കെ നർമ്മത്തിൽ പൊതിഞ്ഞ് പക്വതയോടെ വിവരിക്കപ്പെട്ടു. വോളീബോൾ കളിയിലെ സ്കൂളിന്റെ വിജയവും, വിജയൻ മാസ്റ്ററുടെ ആഹ്ലാദവും, അദ്ധ്യാപകൻ വിദ്യാർത്ഥികൾക്കു നൽകിയ യാത്രയയപ്പും, അക്ഷരശ്ലോക സദസ്സിന്റെ അനുഭവവുമൊക്കെ വേദിയിൽ ആഹ്ലാദമായി, ആനന്ദമായി, അത്ഭുതമായി, ചിലപ്പോൾ വേദനയായും അനുഭവപ്പെട്ടു. അമ്പതും അറുപതും വർഷങ്ങളുടെ അനുഭവങ്ങളിലെ കഥാപാത്രങ്ങളെ അവതരിപ്പിക്കുമ്പോൾ ഉണ്ടായ ഓർമ്മകളുടെ കൂർമ്മത അതിശയ ആദരങ്ങൾ കേൾവിക്കാരിൽ ഉണർത്തി.

ഒരുപാടാളുകൾ പകൽ മുഴുവൻ പങ്കുവെച്ച അനുഭവങ്ങൾകൊണ്ട് സ്കൂളിന്റെ അന്തരീക്ഷം അഭൗമമായ ഒരു ചരിത്ര ശൃംഖലതീർത്തു,
ഡോക്ടർ. ആർ. കൃഷ്ണമൂർത്തി, ഡോക്ടർ. കെ, മാധവനുണ്ണി , ശ്രീമതി രഞ്ജിനി, ചലചിത്രനടനും, പ്രൊഡ്യൂസറും, സംവിധായകനുമായ മോഹൻ ശർമ്മ, ചിത്രകാരനും, ശിൽപിയും, മുൻഫോക്ക്ലോർ അക്കാദമി, ലളിതകലാ അക്കാദമി, എന്നിവയുടെ ഭരണസമിതി അംഗവുമായിരുന്ന ശ്രീ ഷഡാനനൻ ആനിക്കത്ത് നാടൻ കലാ ഗവേഷകനും ഫോക്ക്ലോർ അക്കാദമിയുടെ 2011 - വർഷത്തെ അവാർഡ് ജേതാവുമായ ശ്രീ. കെ.വിശ്വം. എം. എൽ.എ. ശ്രീ. കെ. അച്ചുതൻ, മുൻ എം.എൽ.എ. ശ്രീ.കെ.കൃഷ്ണൻകുട്ടി, ഗവൺമെന്റിന്റെ നെൽകതിർ അവാർഡുനേടിയ പരുത്തിക്കാവ് പാടശേഖര സമിതിയുടെ പ്രസിഡന്റ് ശ്രീ. ടി.എ. വിശ്വനാഥൻ, ചെന്നൈയിൽ ബിസിനസ്സുകാരനായ ശ്രീ ബാലകൃഷ്ണൻ ശ്രീമാൻമാർ മഠത്തിൽ സനൽകുമാർ, പാലക്കാട് കഥകളിക്ലബിന്റെ സാരഥിയും പുത്തിലത്ത് ഗോവിന്ദമേനോൻ മാസ്റ്ററുടെ മകനുമായ രഘുനന്ദനമേനോൻ, അച്ചുതൻ, ഗോപാലൻ മാസ്റ്റർ, അനന്തനാരായണൻ, സഭാപതി മാസ്റ്റർ, പേച്ചിമുത്തുമാസ്റ്റർ, കെ.ശിവരാമൻ മാസ്റ്റർ, രാജൻ മാസ്റ്റർ, സുന്ദരേശ്വരൻ, ശ്രീമതി വിജയലക്ഷ്മി, കെ. നാരായണൻ മാസ്റ്റർ, എ. ഉണ്ണികൃഷ്ണൻ മാസ്റ്റർ, രത്നവേലുമാസ്റ്റർ,പ്രൊഫസർ മുരളീധരൻ, റിട്ടയേഡ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ.കെ. സുകുമാരൻ, ശ്യാംപ്രസാദ് മാസ്റ്റർ, പി,ബാലകൃഷ്ണൻ, ഡോക്ടർ. വിലാസിനി, ഡോക്ടർ ഉഷ, സനൽ കുമാരമേനോൻ, പി,തങ്കപ്പൻ, പെരുമ്പള്ളം, സുന്ദരേശ്വൻ, ശാന്തകുമാരമേനോൻ, ദാസൻ തുടങ്ങി ഒരുപാടുപേർ അഞ്ചാം തീയ്യതിയും, ആറാംതിയ്യതിയുമായ് അനുഭവങ്ങൾ പങ്കുവെക്കുകയുണ്ടായി.

ബാംഗ്ലൂരിൽനിന്നും ഈ സംഗമത്തിൽ പങ്കെടുക്കാൻ വേണ്ടിമാത്രം എത്തിയ ശ്രീ എം. അരവിന്ദാക്ഷൻ, (അനിയൻ) എന്ന പൂർവ്വ വിദ്യാർത്ഥിക്ക് ഈ വിദ്യാലയത്തിൽ പഠിച്ച് പുറമേക്ക് പോകുന്നവർക്ക് സ്പോക്കൺ ഇംഗ്ലീഷ് പരിജ്ഞാനം നൽകാൻ വേണ്ട സഹായം പി.ടി.എ മുൻകയ്യെടുത്ത് ചെയ്യണം എന്ന അഭിപ്രായമാണുള്ളത്. ജീവിതവിജയത്തിന് അത് വളരെ സഹായമാകുമെന്ന അഭിപ്രായം അദ്ദേഹം ശക്തമായി ഉന്നയിച്ചു. രണ്ടാം ദിവസത്തെ ഏറ്റവും പ്രഗത്ഭമായ പ്രസംഗം തമിഴകത്തിലെ പ്രസിദ്ധ കവിയും അവാർഡ് ജേതാവുമായ ശിർപി ബാലസുബ്രഹ്മണ്യത്തിന്റെതായിരുന്നു. അദ്ദേഹവും ഈ വിദ്യാലയത്തിലെ പൂർവ്വ വിദ്യാർഥി പരമ്പരയിലെ അംഗമാണ്. തമിഴിന്റെ തനിമയും മലയാളത്തിന്റെ മഹിമയും തനിക്കു പകർന്നുതന്നത് ഗവഃഎസ്.എം. എച്ച്.എസ് ആണെന്ന് അദ്ദേഹം പറഞ്ഞു. കളിയനുഭവങ്ങളും, വായനാനുഭവങ്ങളും, തുടങ്ങിവെച്ചത് ഇവിടെ നിന്നാണ്. കവിയും സാഹിത്യകാരനും അദ്ധ്യാപകനുമൊക്കെയാക്കിമാറ്റിയതിന്റെ അടിത്തറ ഇവിടെയാണ്. എന്ന് അദ്ദേഹം അഭിമാനത്തോടെ ഓർമ്മിപ്പിച്ചു. ഗുരു-ശിഷ്യ ബന്ധങ്ങളുടെ നൈർമല്യം അദ്ദേഹത്തിന്റെ വാക്കുകളിൽ നിറഞ്ഞുനിന്നു. പൂർവ്വ വിദ്യാർത്ഥികളുടെ ഓർമ്മപ്പുസ്കത്തിന്റെ താളുകളിൽ മായാതെ കിടക്കുന്നതും എടുത്തുപറയപ്പെട്ടതുമായ അദ്ധ്യാപകരുടെ പേരുകൾ അനവധിയാണ്

സർവ്വശ്രീ; ചോണാട്ടു കൊച്ചു മാസ്റ്റർ, നാണു മാസ്റ്റർ, ടി.കെ.കൃഷ്ണയ്യർ, സി.ആർ. കൃഷ്ണയ്യർ, കുട്ടികൃഷ്ണമേനോൻ, കണ്ടപ്പമേനോൻ, അനന്തകൃഷ്ണഅയ്യർ, കേശവൻ മാസ്റ്റർ, അച്ചുതൻ മാസ്റ്റർ, കണ്ടൻ മാസ്റ്റർ, രാമകൃഷ്ണൻ എമ്പ്രാന്തിരി മാസ്റ്റർ, ഇട്ടൂപ് സർ, ഓമനവല്ലിടീച്ചർ, അമ്മുക്കുട്ടി ടീച്ചർ, വിജയൻ മാസ്റ്റർ, വേണുഗോപാലൻ മാസ്റ്റർ, കനകസഭാപതിമാസ്റ്റർ, മുത്തുമാസ്റ്റർ, ഒ.എം.

മാത്യുസർ, ശങ്കരൻ മാസ്റ്റർ, മുകുന്ദൻ മാസ്റ്റർ, കുളങ്കര സുന്ദരേശ്വരൻ മാസ്റ്റർ, സി. വൈദ്യനാഥയ്യർ, കെ.എസ്. രാമയ്യർ, കോമുമാസ്റ്റർ, അച്ചുമാഷ് അങ്ങിനെഒരുപാട് അദ്ധ്യാപകരുടെ പേരുകളോർക്കുകയും അവരുമായിഉണ്ടായിരുന്ന സ്നേഹബന്ധങ്ങൾ അയവിറക്കുകയും ചെയ്തു.

സമന്വയം 2012 ലെ പൂർവ്വ വിദ്യാർത്ഥി സംഗമ വേളയിൽ ഓർമ്മകളുടെ ചുമട് ഇറക്കിവെച്ചശേഷം അവരുട തന്നെ കലാപരമായ കേമത്തം കാണാനുള്ള അവസരവും ഒരുക്കിയിരുന്നു. ഭരതനാട്യവും, കുച്ചുപ്പുടിയും, തിരുവാതിരക്കളിയും, ഗാനാവതരണങ്ങളും ആദ്യ ദിവസങ്ങളിൽ അരങ്ങുവാണെതെങ്കിൽ അടുത്ത ദിവസം വിദ്യാർത്ഥികളുടെ തിരുവാതിരക്കളിയും പല്ലശ്ശനദ്വാരകാ കൃഷ്ണനും സംഘവും അവതരിപ്പിച്ച കണ്യാർകളിപൊറാട്ടും, തമിഴ് പൂർവ്വ-വിദ്യാർത്ഥി വിദ്യാർത്ഥിനികൾ അവതരിപ്പിച്ച മുളക്കൊട്ട് നൃത്തവും ആവേശം പകർന്നു. ചലനങ്ങളുടെ ചിട്ടയും മെയ് വഴക്കങ്ങളും സദസ്സിന് നവ്യാനുഭവമായി. അന്നും പൂർവ്വ വിദ്യാർത്ഥികളുടെ ലളിതഗാനാലാപനങ്ങളുമുണ്ടായിരുന്നു.

6-നു രാത്രി പത്തുമണി. തിരശ്ശീല വീഴുമ്പോൾ മനസ്സുകൾ മന്ത്രിക്കുകയായിരുന്നു. ഈ വിരുന്ന് ഇനി എന്നാണ്? ഈ സ്നേഹ കൂട്ടായ്മ തുടരാൻ എന്താണ് ചെയ്യേണ്ടത്? നമ്മുടെ ഹൈസ്കൂളിന്റെ പ്രശസ്തി ഉയർത്താൻ നമുക്കും കടമയില്ലേ? പഠിച്ചു പുറത്തു പോവുന്നതോടെ ബന്ധം വിച്ഛേദിക്കാൻ പറ്റുമോ? അടുത്തവർഷവും നമുക്കൊന്നിച്ചുകൊണ്ട് ഇക്കാര്യങ്ങളിൽ തീരുമാനമെടുക്കേണ്ടതല്ലേ?

തീർച്ചയായും ഇത്തരം ചോദ്യങ്ങൾക്കെല്ലാം ഉത്തരം കണ്ടെത്തുവാൻ പൂർവ്വ വിദ്യാർത്ഥികളുടെ ഈ സംഗമം ഒരു നാഴികക്കല്ലാവുമെന്ന് പ്രതീക്ഷിക്കാം.



# Top score of S.S.L.C. Examinaton

| Year | Regd .No. | Name. | Marks |
|---|---|---|---|
| 1985 | 306950 | Suma.P. | 501/600 |
| 1986 | 429651 | Suma M. | 448/600 |
| 1987 | 98972 | Arunprakask G | 1049/1200 |
| 1988 | | Arundevi G | |
| 1989 | 145276 | Murukesh.P.B. | 526/600 |
| 1990 | 189069 | SadanandaMenon | 469/600 |
| 1991 | 523057 | Surekha S. | 520/600 |
| 1992 | 348995 | Rajeswary. M | 535/600 |
| 1993 | 345917 | Jishnu R | 524 /600 |
| 1994 | | Premkumar | |
| 1995 | 471699 | Sivakumar S | 499/600 |
| 1996 | 69827 | Sowmya S Nair | 509/600 |
| 1997 | 468347 | Vijeshkumar S | 500 /600 |
| 1998 | 215349 | Fousiya K | 527/600 |
| 1999 | | Rugma K | 506/600 |
| 2000 | 107826 | Sushama M | |
| 492/600 | | | |
| 2001 | 345258 | Ajeesh P.V. | 545/600 |
| 2002 | 517660 | Sreeja V | 554/600 |
| 2003 | 499221 | Saranya K.P | 550/600 |
| 2004 | 683693 | Syma K.P. | 518/600 |
| 2005 | | Sreelakshmy K.S. | 9 A+4A |
| 2006 | | Priya R. | |
| 2007 | | Sruthy. S | Full A+ |
| | | Aswathy S. | Full A+ |
| 2008 | | Bijitha B | Full A+ |
| | | Sanuja M.B. | Full A+ |
| 2009 | 353534 | Praveenkumar J | 7A+2A+b+ |
| 2010 | | Renjith R | Full A+ |
| 2011 | | Raveena B | Full A+ |
| 2012 | 14978 | Aravind | Full A+ |

## സമന്വയം 2012

**ചെയർമാൻ**
കെ.ബി. സുബ്രഹ്മണ്യൻ

**വൈസ് ചെയർമാൻ**
ടി.എസ്. തിരുവെങ്കിടം
സി.ബി. സീതാറാം
ആർ. രത്നവേൽ

**കൺവീനർ**
എ.ഷഡാനനൻ

**ജോയന്റ് കൺവീനർ**
ടി.രാധാകൃഷ്ണൻ
പി.ആർ. സതീശൻ
എസ്. എസ്. ദിനേശ്

**ട്രഷറർ**
സി. സുന്ദരേശ്വരൻ

### ഫിനാൻസ് കമ്മിറ്റി

**ചെയർമാൻ**
പി.കണ്ണൻകുട്ടി മേനോൻ

**വൈസ് ചെയർമാൻ**
എം. സുന്ദരേശ്വരമേനോൻ

**കൺവീനർ**
എൻ. വിശ്വംഭരൻ

**ജോയന്റ് കൺവീനർ**
എ. സുദേവൻ

**അംഗങ്ങൾ**
സി. ശാന്തകുമാരൻ
ടി. രാമൻകുട്ടിമേനോൻ
സി. വിശ്വനാഥൻ
കെ. നാരായണൻകുട്ടി
ടി. ബലരാമൻ
എ. അബ്ദുൾ അസീസ്
വി.രാധാകൃഷ്ണൻ
എൻ. സേതുമാധവൻ
ഡോക്ടർ മാധവനുണ്ണി

### പബ്ലിസിറ്റി കമ്മിറ്റി

**ചെയർമാൻ**
ടി.എ. വിശ്വനാഥൻ

**വൈസ് ചെയർമാൻ**
കെ. നാരായണൻകുട്ടി

**കൺവീനർ**
ടി. ബാബുരാജ്

**ജോയന്റ് കൺവീനർ**
എസ്. ശ്യാം പ്രസാദ്

**അംഗങ്ങൾ**
എം. സുകുമാരൻ
കൃഷ്ണപ്രസാദ്
പി. സത്യദാസ്
എസ്. അബ്ദുൾ ഖാദർ
കെ.കൊച്ചുഗോവിന്ദൻ
എസ്. ഹരിഹരൻ
കെ. കരുണദാസ്
സി.ബി.രാമദാസ്

### പ്രോഗ്രാം കമ്മറ്റി

**ചെയർമാൻ**
കെ. വിശ്വം

**വൈസ് ചെയർമാൻ**
എ.ഉണ്ണികൃഷ്ണൻ

**കൺവീനർ**
പ്രൊ. എം. മുരളീധരൻ

**ജോയന്റ് കൺവീനർ**
കെ. സുരേഷ് ബാബു

**അംഗങ്ങൾ**
എസ്. ശ്യാംപ്രസാദ്
പി.സുരേഷ്
എം. സത്യവേൽ

### വളണ്ടിയർ കമ്മിറ്റി

**കൺവീനർ**
കെ.എൻ. നാരായണൻ
എൻ. സേതുമാധവൻ
ഇ. ടി. ഹരിദാസ്
എ.ജി. നാരായണൻകുട്ടി
പി. വിജയലക്ഷ്മി

### സ്വീകരണകമ്മിറ്റി

**ചെയർമാൻ**
പി.ശാന്തകുമാരമേനോൻ

**വൈസ് ചെയർമാൻ**
ടി. രാമൻകുട്ടി മേനോൻ

**കൺവീനർ**
ജെ. സഭാപതി

**ജോയന്റ് കൺവീനർ**
പി. സുരേഷ്

**അംഗങ്ങൾ**
കെ.കേശവൻകുട്ടി
ആർ.ശാന്തകുമാർ
ജി.കെ മേനോൻ
സി. സുബ്രഹ്മണ്യൻ

### സ്മരണിക കമ്മിറ്റി

**കൺവീനർ**
കെ. ശിവരാമൻ

**പത്രാധിപൻ**
കെ.വിശ്വം

**അംഗങ്ങൾ**
കെ.ബി. സുബ്രഹ്മണ്യൻ
ടി.എസ്. തിരുവെങ്കിടം
സി. ബി. സീതാറാം
ആർ രത്നവേൽ
എ.ഷഡാനനൻ
എസ്.എസ്. ദിനേശ്
പി. ആർ സതീശൻ
ടി. രാധാകൃഷ്ണൻ
സി.സുന്ദരേശൻ
ടി.എ. വിശ്വനാഥൻ
സി.സത്യചന്ദ്രൻ
കെ. സുരശ്രീ
ആർ രാജീവ്

### ഭക്ഷണ കമ്മിറ്റി

**കൺവീനർ**
സി. സുന്ദരേശ്വരൻ

**അംഗങ്ങൾ**
കെ. നാരായണൻകുട്ടി
എം. സുന്ദരേശ്വര മേനോൻ
എ. സുദേവൻ
എ.അബ്ദുൾ അസീസ്

# സമാപന സമ്മേളനം




എസ്സ്. ദിനേശ് - സ്വാഗതം



കെ. വിശ്വം - അദ്ധ്യക്ഷപ്രസംഗം




കൃഷ്ണൻകുട്ടി - ഉദ്ഘാടനം




ആശംസ - ശ്രീ. മോഹൻ ശർമ്മ